**കോയാമുകുന്നത്ത്, പ്രദീപ് ഉഷസ്സ്**



ഫോട്ടോ: പ്രദീപ് ഉഷസ്സ്

മുത്തങ്ങ വനഭൂമിയിൽ ആദിവാസികളും പോലീസ് വ്യൂഹവും മുഖാമുഖം- ഏറ്റുമുട്ടലിന് തൊട്ടുമുമ്പ്



# മുത്തങ്ങയിൽ നടന്നതെന്ത്?

## സംഭവത്തിന് ദൃക്സാക്ഷികളായിരുന്ന 'കേരളശബ്ദം' ലേഖകരുടെ റിപ്പോർട്ട്

ഫെബ്രുവരി 19 ബുധനാഴ്ച; പുലർച്ചെ ആറര. സുൽത്താൻബത്തേരി- മൈസൂർ റോഡിൽ മുത്തങ്ങ വന്യജീവി സംരക്ഷണകേന്ദ്രം. റോഡരികിൽനിന്നും മുന്നോട്ട് നോക്കെത്താത്ത ദൂരത്തോളം പടർന്ന് പന്തലിച്ച് നിൽക്കുന്ന മുളങ്കാടുകൾ. അതിനിടയിലൂടെ നീണ്ടുനീണ്ട് പോകുന്ന കാട്ടുനടപ്പാത... നേരം പുലർന്ന് കഴിഞ്ഞിട്ടും കോടമഞ്ഞിന്റെ കനത്ത ആവരണം ഇനിയും മാഞ്ഞുകഴിഞ്ഞിട്ടില്ല... മുളങ്കൂട്ടങ്ങൾക്കിടയിലൂടെ അകലെ ആദിവാസി കുടിലുകളിൽനിന്നും പുക ഉയരുന്നത് കാണാം...

നാഷണൽ ഹൈവേയിലൂടെ പോലീസിന്റെയും, വനംവകുപ്പിന്റെയും വാഹനങ്ങൾ ഇരമ്പി നീങ്ങിക്കൊണ്ടിരുന്നു. ആംബുലൻസും ഫയർഫോഴ്സും മറ്റും നേരത്തെതന്നെ എത്തിച്ചേർന്നിരിക്കുന്നു. മുത്തങ്ങ പൊൻകുഴിക്ഷേത്രത്തിന് സമീപത്തെ വിശാലമായ വയലിൽ ഏഴുമണിയോടെ ആയിരത്തോളം വരുന്ന പോലീസുകാരും വനംവകുപ്പുദ്യോഗസ്ഥരും നിരന്നുകഴിഞ്ഞു. കൽപ്പറ്റ ഡി.വൈ.എസ്.പി കെ. ഉണ്ണിയുടെയും മാനന്തവാടി ഡി.വൈ.എസ്.പി സതീശന്റെയും എസ്.എം.എസ് ഡി.വൈ.എസ്.പി വി. മുരളീധരൻനായരുടെയും ആംഡ് സി.ഐ. ശശിധരന്റെയും നേതൃത്വത്തിൽ ചെറുപ്ലാറ്റൂണുകളായി തിരിഞ്ഞ സേനാംഗങ്ങൾ നിർദ്ദേശങ്ങൾക്കായി കാത്തുനിൽക്കുന്നു.

സമയം എട്ടര. ലോംഗ്വിസിൽ മുഴങ്ങി. പോലീസ്വ്യൂഹം കയ്യേറ്റഭൂമി ലക്ഷ്യമാക്കി കുതിച്ചു. റിപ്പബ്ലിക്കായി സ്വയം പ്രഖ്യാപിച്ച് ആദിവാസികൾ കെട്ടിയുയർത്തിയ ചെക്ക്പോസ്റ്റ് ഇടിച്ചുനിരത്തി...

ചെക്ക്പോസ്റ്റിനു മുന്നിലായി ചെറുകുടിലുകൾ. അതിലൊന്നും ആളനക്കമില്ല. ഫോറസ്റ്റ് വാച്ചർമാരും താൽക്കാലിക ജീവനക്കാരും ചേർന്ന് അതൊക്കെ പൊളിച്ചുനീക്കി. പോലീസുകാർ തീ കൊളുത്തി. എവിടെനിന്നും ഒരു പ്രതിഷേധവുമുയരുന്നില്ല. പോലീസ്വ്യൂഹം വീണ്ടും മുന്നോട്ട്; ഒപ്പം മാധ്യമപ്രവർത്തകരും.

'വനഭൂമിയിൽ അനധികൃതമായി പ്രവേശിച്ച നിങ്ങൾ പുറത്തുപോകണം... കീഴടങ്ങണം-' പോലീസ്വാനിൽനിന്നും നിർദ്ദേശം മുഴങ്ങിക്കൊണ്ടിരുന്നു. ഏതാണ്ട് ഒരു കിലോമീറ്റർ പിന്നിട്ടപ്പോൾ പത്തോളം കുടിലുകൾ. പുരുഷന്മാരും സ്ത്രീകളും ചേർന്ന് കാട്ടുപുല്ല് ചെത്തിമാറ്റി, കിളച്ച് മണ്ണൊരുക്കുന്നു. ഈ യുദ്ധസന്നാഹങ്ങളൊക്കെ കണ്ടിട്ടും അവർക്കൊരു കൂസലുമില്ല. കുടിലുകൾക്കിരുവശത്തുമായി നീങ്ങിയ പോലീസുകാർ തോക്കുചൂണ്ടി കീഴടങ്ങാൻ ആവശ്യപ്പെട്ടു. 'ഈ മണ്ണ് എങ്ങളുടേത്... എങ്ങളെ മണ്ണ് എങ്ങൾക്ക് വേണം, കാടിന്റെ മക്കൾ എങ്ങൾ കാട്ടിൽതന്നെ മരിച്ചുവീഴും...' ബയണറ്റ് മുനകൾക്കുമുന്നിൽനിന്ന്, ലാത്തികൾക്കുമുന്നിൽനിന്ന് നട്ടെല്ലു വളയാതെ, നെഞ്ച് വിരിച്ചവർ ഏകസ്വരത്തിൽ വിളിച്ചുപറഞ്ഞു.

സമയം 10.40. ആദ്യത്തെ ടിയർഗ്യാസ് ഷെല്ല് ആദിവാസികൾക്കിടയിലേക്ക് ചീറിച്ചെന്നു. തൊട്ടുപിന്നാലെ നാലെണ്ണവുംകൂടി. എങ്ങും പുകപടലംമാത്രം. അതിനിടയിൽ ആർപ്പുവിളിയോടെ പോലീസുകാർ മൂന്നുഭാഗത്തുനിന്നും ആദിവാസികൾക്കുനേരെ കുതിച്ചുപാഞ്ഞു. ആധുനിക ആയുധങ്ങൾക്കുമുന്നിൽ അമ്പും വില്ലും അരിവാളും കൈമഴുവും മറ്റുമായി മുഖത്തോടുമുഖം പോരാടിയെങ്കിലും ആ മണ്ണിന്റെ മക്കൾക്ക് ഏറെനേരം പിടിച്ചുനിൽക്കാനായില്ല. അവർ ഉൾക്കാട്ടിലേക്ക് പിന്തിരിഞ്ഞോടി.

വൃദ്ധകളോടും കൈക്കുഞ്ഞുങ്ങളോടുമായി പിന്നീട് മൃഗയാവിനോദം. അമ്മയുടെ മടിയിൽ കെട്ടിപ്പിടിച്ച് കരഞ്ഞ മൂന്നു വയസ്സുള്ള കുഞ്ഞിനെ ചവിട്ടിവീഴ്ത്തി ലാത്തികൊണ്ട് തലയടിച്ച് പൊട്ടിച്ചു. ചോരയിൽ കുളിച്ചുപിടയുന്ന കുഞ്ഞിനെയും അമ്മയെയും വീണ്ടും മർദ്ദിക്കാൻ ശ്രമിച്ചപ്പോൾ സംഘർഷഭൂമിയിലുണ്ടായിരുന്ന മാധ്യമപ്രവർത്തകർ അമ്മയേയും കുഞ്ഞിനെയും വലയം ചെയ്തുനിന്നു. അതോടെ പോലീസുകാർ പിൻമാറി. വാർദ്ധക്യംമൂലം തിരിഞ്ഞ് ഓടാനാവാതെ കിടന്ന നമ്പ്യാർകുന്നിലെ മുരിങ്ങയെന്ന വൃദ്ധസ്ത്രീയെ വലിച്ചിഴച്ച് മർദ്ദിച്ചപ്പോഴും മാധ്യമപ്രവർത്തകർ അവിടെയും എത്തി പോ

പോലീസുകാരെ ബന്ദികളാക്കിവച്ചിരുന്ന കുടിൽ. കുടിലിനുചുറ്റും കാവലിരിക്കുന്ന ഈ ആദിവാസികളെയാണ് നാലുവശത്തുനിന്നും മുന്നേറിയ പോലീസ്വ്യൂഹം വെടിവച്ചത്





*മർദ്ദനമേറ്റ് ബോധരഹിതനായി നിലത്തുവീണ ആദിവാസിയെ വലിച്ചിഴച്ചു കൊണ്ടുപോകുന്നു*



*അടിയേറ്റ് തലപൊട്ടിയ കുഞ്ഞിനേയുമെടുത്തുകൊണ്ട് ഇനി മർദ്ദിക്കരുതേ എന്ന് അപേക്ഷിക്കുന്ന അമ്മമാർ*

ടുത്ത് വൻമറ സൃഷ്ടിച്ചു. ആദിവാസികൾ ഒരു ഭാഗത്തും മറുഭാഗത്ത് പത്രപ്രവർത്തകരും സേനാംഗങ്ങളും കാട്ടുതീയിൽ കുടുങ്ങി. ഇതോടെ ഓപ്പറേഷൻ താൽക്കാലികമായി നിർത്തിവച്ചു. പിന്നീട് വനംവകുപ്പ് ഉദ്യോഗസ്ഥരും വാച്ചർമാരും കുടിലുകൾ ഒന്നൊന്നായി കത്തിച്ചു. ഇതോടെ കാട്ടിൽ വൻതീപ്പിടുത്തം ഉണ്ടായി. യുദ്ധസമാനമായ രംഗങ്ങളാണ് രണ്ടുമണിക്കൂർ ഇവിടെ അരങ്ങേറിയത്. പോലീസിന്റെ നിഷ്ഠൂരമർദ്ദനമേറ്റ് ബോധരഹിതനായിവീണ ആദിവാസി യുവാവിനെ പോലീസുകാരും താൽക്കാലിക വാച്ചർമാരും ചേർന്ന് മുളവടികൊണ്ട് വീണ്ടുംവീണ്ടും അടിച്ചു. അടിയേറ്റ് വലതുകാലിന്റെ അസ്ഥി പൊട്ടി മാംസത്തിന് പുറത്തുവന്നു. ആ നിലയിൽ നടക്കാൻ നിർബ്ബന്ധിക്കുകയും വീണ്ടും ചവിട്ടിവീഴ്ത്തുകയുമായിരുന്നു 'നിയമപാലകർ.' അടിയേറ്റ്, തലപിളർന്ന്, ചോരയിൽ കുളിച്ച് പിടയുന്നവരെ, ബൂട്ടിട്ട് തൊഴിച്ചും, തോക്കിൻപാത്തി കൊണ്ടിടിച്ചും ഒക്കെ പീഡിപ്പിക്കുന്ന മൃഗീയരംഗങ്ങൾക്കും മാധ്യമപ്രവർത്തകർക്ക് സാക്ഷികളാകേണ്ടതായി വന്നു.

### അമിതാവേശപ്രകടനം പോലീസുകാരെ ബന്ദികളാക്കി

പ്രാകൃതവും മൃഗീയവുമായ അക്രമമുറകളിലൂടെയാണ് ആദിവാസികളെ പോലീസുകാർ നേരിട്ടതും കീഴടക്കിയതും. തോക്കിനും ബയണറ്റിനും മുന്നിൽ കവണക്കല്ലുകൾക്കും അമ്പുംവില്ലിനും എത്രനേരം പിടിച്ചുനിൽക്കാനാകും... പൊരുതി കീഴടങ്ങുക എന്ന ലക്ഷ്യത്തോടെ പ്രാകൃത ആയുധങ്ങൾ കൈയ്യിലേന്തിയ ആദിവാസികളെ കീഴടക്കുന്നത് പോലീസ് വ്യൂഹത്തിന് വളരെ എളുപ്പംതന്നെയായിരുന്നു. രാവിലെ 11.30 ഓടെ ആദ്യഘട്ടനീക്കം വിജയകരമായി പൂർത്തിയാക്കാനും ഇവർക്കു കഴിഞ്ഞു.

ആദിവാസികളുടെ കൈവശം പേടിക്കത്തക്ക ആയുധമൊന്നുമില്ലെന്ന തിരിച്ചറിവുണ്ടായതോടെ പോലീസുകാർക്ക് ആത്മധൈര്യമേറി. അമി

**വൃദ്ധകളോടും കൈക്കുഞ്ഞുങ്ങളോടുമായി പിന്നീട് മൃഗയാവിനോദം. അമ്മയുടെ മടിയിൽ കെട്ടിപ്പിടിച്ച് കരഞ്ഞ മൂന്നു വയസ്സുള്ള കുഞ്ഞിനെ ചവിട്ടിവീഴ്ത്തി ലാത്തികൊണ്ട് തലയടിച്ച് പൊട്ടിച്ചു. ചോരയിൽ കുളിച്ചുപിടയുന്ന കുഞ്ഞിനെയും അമ്മയെയും വീണ്ടും മർദ്ദിക്കാൻ ശ്രമിച്ചപ്പോൾ സംഘർഷഭൂമിയിലുണ്ടായിരുന്ന മാധ്യമപ്രവർത്തകർ അമ്മയേയും കുഞ്ഞിനെയും വലയം ചെയ്തുനിന്നു.**

ലീസിനെ വിലക്കി. ഭീകരമർദ്ദനമേറ്റ് ചോരയിൽ കുളിച്ച് കിടക്കുന്നവരെ വട്ടമിട്ടുനിന്ന് വീണ്ടും മർദ്ദിക്കുന്നത് ന്യൂസ് ഫോട്ടോഗ്രാഫർമാർ ചിത്രീകരിക്കുന്നത് കണ്ടതോടെ പല കാക്കിധാരികളുടെയും സ്വഭാവം മാറിത്തുടങ്ങി. 'ടി.വിക്കാരുണ്ട്, ഫോട്ടോഗ്രാഫർമാർ കാണാതെ അടിക്കടാ' തുടങ്ങിയ ആക്രോശങ്ങളാണ് പിന്നീട് സമരമുഖത്ത് കേട്ടത്.


ആക്രമണം ഭീകരമായതോടെ ആദിവാസികൾ കാട്ടിലേക്ക് വലിഞ്ഞു. കാടിന് തീ കൊ

താവേശപ്രകടനമായി പിന്നീട്. ഇത്തരമൊരു സമരമുഖത്തുണ്ടാവേണ്ട അച്ചടക്കംപോലും പലപ്പോഴും നഷ്ടമായ കാഴ്ചയാണ് പിന്നീടവിടെ കണ്ടത്. പഴവും വെള്ളവും ബിരിയാണിപ്പൊതികളുമായി പോലീസ്വാഹനങ്ങൾ സമ

**ഒരു പോലീസുകാരൻ വെട്ടേറ്റുമരിച്ചത് മുഖ്യവാർത്തയാകുമ്പോൾ ആദിവാസിയുടെ ചിതറിത്തെറിച്ച തലച്ചോറും പിന്നിക്കീറിയ കരളുമൊന്നും കാഴ്ചകളാകുന്നില്ല. പക്ഷേ, സത്യമെന്താണ്? ബന്ദികളാക്കിയവരെ അവസാനിമിഷംവരെ സംരക്ഷിക്കാനാണ് ആദിവാസികൾ ശ്രമിച്ചതെന്നതിന് സംഭവസ്ഥലത്തുണ്ടായിരുന്ന ഞങ്ങൾ സാക്ഷികളാണ്.**

രഭൂമിയിലേക്ക് എത്തിയപ്പോഴുമൊക്കെ ഈ അച്ചടക്കമില്ലായ്മ അതിന്റെ മൂർധന്യത്തിലെത്തിയിരുന്നു. പോലീസുകാരുടെ ഇത്തരം പ്രകടനങ്ങൾ മാധ്യമപ്രവർത്തകർ കാണുന്നതിന്റെ ചമ്മലായിരുന്നു ഫോറസ്റ്റ് കൺസർവേറ്ററുടെയും മറ്റ് പോലീസധികാരികളുടെയുമൊക്കെ മുഖത്ത്. ആക്ഷൻചാർജ്ജുള്ള ഡി.വൈ.എസ്.പി ഉണ്ണി, ഗതികെട്ട് പലതവണ പോലീസുകാരെ പരസ്യമായി ശാസിക്കുകപോലുമുണ്ടായി. മുത്തങ്ങ വനഭൂമിയിലെ ഈ കുടിയൊഴിപ്പിക്കൽ, ഈവിധം രക്തം പടർന്ന് ഭീതിദമാക്കാൻ വഴിതെളിച്ച ഒരു പ്രധാന വസ്തുത, പോലീസുകാരെ ബന്ദികളാക്കാൻ ആദിവാസികൾക്ക് കഴിഞ്ഞു എന്നതാണ്. പോലീസ്വ്യൂഹത്തിന്റെ അമിതാവേശവും അച്ചടക്കമില്ലായ്മയുമാണ് മൂന്നുപേരെ പിടികൂടാൻ വഴിയൊരുക്കിയത്. ഇതിലൊരാളെ നേരത്തെതന്നെ ആദിവാസികൾ മോചിപ്പിച്ചിരുന്നു.

രണ്ടാം ഓപ്പറേഷന് തയ്യാറെടുക്കുന്നതിനിടയിൽ 40 അംഗസ്ക്വാഡ് ആദിവാസികളുടെ നീക്കം അറിയുന്നതിനായി കാട്ടിൽ കയറിയിരുന്നു. വനിതാപോലീസുകാരും വനപാലകരുമടങ്ങിയ സംഘം വഴിതെറ്റിയതാണെന്നാണ് ഔദ്യോഗികപക്ഷം പറയുന്നത്. ആദിവാസികളും, പോലീസും തമ്മിൽ ഇവിടെവെച്ച് ഏറ്റമുട്ടലുണ്ടായി. ഒമ്പത്റൗണ്ട് വെടിവെച്ചാണ് വനിതാപോലീസുകാരടങ്ങുന്ന സംഘം രക്ഷപ്പെട്ടത്. ഇതിനിടയിൽ മൂന്ന് സേനാംഗങ്ങൾ ആദിവാസികളുടെ കൈപ്പിടിയിൽ ഒതുങ്ങിയിരുന്നു. ഓപ്പറേഷന് നേതൃത്വം കൊടുത്ത ഉയർന്ന ഉദ്യോഗസ്ഥന്മാർക്കുവരെ സേനാംഗങ്ങൾ പിടിയിലായ വിവരം അറിയില്ലായിരുന്നു. പരിക്കുപറ്റിയ പോലീസുകാരെ നീക്കം ചെയ്തതോടെ പ്രതികാരദാഹികളായ സേനാംഗങ്ങൾ ബാച്ചുകളായി പൊൻകുഴിവയലിലേക്ക് എത്തി. അർധ ചന്ദ്രാകൃതിയിൽ വളഞ്ഞതോടെ ഷെഡ്ഡിൽ തടിച്ചുകൂടിയിരുന്ന ആദിവാസികൾ ചെറുത്തനിൽപ്പിന് തയ്യാറെടുത്തു. ഇതിനിടയിലാണ് ബന്ദികളാക്കിയവരെ ക്കുറിച്ച് പോലീസ് അറിയുന്നത്. തങ്ങളുടെ സംഘാംഗങ്ങൾ ആദിവാസികളുടെ പിടിയിലായി എന്നറിഞ്ഞതോടെ പോലീസുകാരുടെ മനോവീര്യം തകർന്നു. കണ്ണൂർ ശ്രീകണ്ഠപുരം പാറക്കടി കുഞ്ഞിരാമന്റെ മകൻ വിനോദ്, തോൽപ്പെട്ടി ഫോറസ്റ്റർ പി.കെ. ശശിധരൻ, ശ്രീകണ്ഠപുരം ചുള്ളിയോട് മാവില അബ്ദുസലാം എന്നിവരായിരുന്നു ബന്ദികളായിരുന്നത്. സലാമിന്റെ ഗുരുതരാവസ്ഥ കണക്കിലെടുത്ത് ആദിവാസികൾ സലാമിനെ വിട്ടുകൊടുത്തു. മുളകൊണ്ടുണ്ടാക്കിയ സ്ട്രെച്ചറിലാണ് കൊണ്ടുപോയത്. ഇത് ആദിവാസികൾ ഉണ്ടാക്കിക്കൊടുത്തതായിരുന്നു. പോലീസുകാർ ബന്ദികളായതോടെ ഏറ്റുമുട്ടലിന്റെ സ്വഭാവം മാറി. അനുരഞ്ജനത്തിന്റെ പാത പോലീസ് സ്വീകരിച്ചു. മാധ്യമപ്രവർത്തകരും സഹായിച്ചു. ഇതിനിടെ പോലീസ്, ബന്ദികളാക്കിയവരെ വിട്ടുതരണമെന്ന് നിരന്തരം ആവശ്യപ്പെട്ടിരുന്നു. റവന്യൂ അധികൃതരും ചർച്ചയിൽ പങ്കെടുത്തു. ഡി.വൈ.എസ്.പി. ഉണ്ണി,



*വെട്ടേറ്റ കോൺസ്റ്റബിൾ വിനോദിനെ സഹപ്രവർത്തകർ ആശുപത്രിയിലേക്ക് കൊണ്ടുപോകുന്നു. ആശുപത്രിയിലെത്തുംമുമ്പ് വിനോദ് മരണമടഞ്ഞു*




*വെടിവെയ്പ്പിൽ കൊല്ലപ്പെട്ട മാരൻ എന്ന ആദിവാസി*

സർക്കിൾ ഇൻസ്പെക്ടർ ശശിധരൻ എന്നിവർ സംയമനത്തിന്റെ പാതയിൽ കുറേസമയം ചർച്ച നടത്തി. ഇതിനിടയിൽ ഗോത്രസഭാ നേതാവ് അശോകൻ പോലീസുകാരന്റേയും ഫോറസ്റ്റുകാരന്റേയും നില ഗുരുതരമാണെന്നും അവർക്ക് കുടിക്കാൻ വെള്ളം ലഭ്യമാക്കണമെന്നും വെടിയേറ്റ നാല് ആദിവാസികളും പരിക്കുപറ്റിയ നിരവധി പേരും ഗുരുതരാവസ്ഥയിലാണെന്നും അറിയിച്ചു. ബലമായി മോചിപ്പിക്കാൻ ശ്രമിച്ചാൽ മണ്ണെണ്ണ കുതിർത്ത പുല്ലിന് തീ കൊളുത്തി ബന്ദികളെ വധിക്കുമെന്നും മുന്നറിയിപ്പുനൽകിയിരുന്നു. അവരെ ചികിത്സിക്കാൻ ഡോക്ടറുടെ സേവനവും ആവശ്യപ്പെട്ടിരുന്നുവെങ്കിലും അധികൃതർ അതിനു തയ്യാറായില്ല. മരണത്തെ ഭയമില്ലെന്ന നിലപാടാണ് ആദിവാസികൾ സ്വീകരിച്ചത്. ഇതിനിടയിൽ 'മാധ്യമം' ലേഖകൻ ഷെറീഫിനെ സംഭവത്തിന്റെ ഗൗരവം ബോധ്യപ്പെടുത്താൻ ക്യാമ്പിലേക്ക് കൊണ്ടുപോയി. ഇദ്ദേഹം പരിക്കുപറ്റിയവരുടെ ഗൗരവാവസ്ഥ പോലീസിന് കൈമാറിയെങ്കിലും പരിക്കിന്റെ ഗൗരവം ഉൾക്കൊള്ളാൻ പോലീസ് ഉന്നതാധികൃതർ തയ്യാറായില്ല. പിന്നീട് ഡോക്ടറുടെ സേവനം നൽകാൻ പോലീസ് തയ്യാറായി. ബന്ദികളെ കാടിന് പുറത്തേക്ക് വിട്ടുത

# ഏറ്റുമുട്ടലിൽ സി.കെ. ജാനുവിനെയും ഗീതാനന്ദനെയും വധിക്കാൻ പദ്ധതി തയ്യാറാക്കിയിരുന്നു?

*വെടിവെയ്പിന് മണിക്കൂറുകൾക്കുമുമ്പെ അനുരഞ്ജനത്തിന് അവസരമുണ്ടായിരുന്നിട്ടുപോലും വനഭൂമി കയ്യേറ്റക്കാരെ എൻകൗണ്ടറിംഗിലൂടെ തുരത്തി ഓടിക്കാമെന്ന ശാഠ്യത്തിലും ധാർഷ്ട്യത്തിലുംതന്നെ ഭരണാധികാരികൾ ഉറച്ചുനിന്നതെന്താണ്? കലാപാഗ്നി പൊടുന്നനെ കത്തിപ്പടരാൻ ഇടയാക്കിയ യഥാർത്ഥ വസ്തുതകൾ ബോധപൂർവ്വം തേച്ചുമായ്ക്കപ്പെട്ടതെന്തുകൊണ്ട്? കയ്യേറ്റഭൂമിയ്ക്കരുകിൽ വനഭൂമിക്ക് തീപിടിച്ചതും വനപാലകർ ബന്ദികളാക്കപ്പെട്ടതുമായ സംഭവത്തിന്റെ പിന്നാമ്പുറക്കാഴ്ചകൾ ആരുമറിയാതെപോകാൻ കാരണമെന്ത്?*

*‘പ്രകൃതിസ്നേഹ’വുമായി ചില പ്രമുഖരാഷ്ട്രീയ കക്ഷികളുടെ പ്രാദേശികനേതാക്കളുടെ നേതൃത്വത്തിൽ ഒരു സംഘം നാട്ടുകാർ അക്രമാസക്തരായി വനഭൂമിയിലേക്ക് ഇരച്ചുകയറിയതും ആദിവാസികളെ വനഭൂമിയിൽനിന്നും തങ്ങൾതന്നെ പുറത്താക്കുമെന്ന മട്ടിൽ പ്രക്ഷുബ്ധരംഗങ്ങൾ സൃഷ്ടിച്ചതുമൊക്കെ ചൂടുമാറാതെ, മാധ്യമങ്ങൾ നമുക്ക് കാണിച്ചു തന്നിട്ടുണ്ട്.... എന്നാലിപ്പോൾ ഉന്നതാധികാരികളുടെ അറിവോടെ വനപാലകർ തന്നെ കാടിനെ തീകൊളുത്തുകയായിരുന്നുവെന്ന യാഥാർത്ഥ്യം പുറത്തുവന്നതോടെ മുത്തങ്ങാ എൻകൗണ്ടറിംഗിന് പിറകിൽ ആസൂത്രിതമായ രാഷ്ട്രീയ ഗൂഢാലോചനകൾ നടന്നിരുന്നുവെന്ന് സുവ്യക്തമായിരിക്കുകയാണ്.*




സി.കെ. ജാനു

*‘ഭീകരവാദികളാണെന്ന ധാരണ സൃഷ്ടിച്ചു കഴിഞ്ഞാൽ ഒരേറ്റുമുട്ടലിലൂടെ ആദിവാസി നേതാക്കളെയും വകവരുത്താമെന്നായിരുന്നു അധികൃതരുടെ കണക്കുകൂട്ടൽ ആന്ധ്രയിലും, ഒറീസ്സയിലുമൊക്കെ പീപ്പിൾസ് വാർഗ്രൂപ്പ് നേതാക്കളെ നിഷ്ക്കാസനം ചെയ്തിരുന്നത് പലപ്പോഴും ഇങ്ങനെയാണ്. ബോധപൂർവ്വം ഭീകരാന്തരീക്ഷം സൃഷ്ടിച്ച്, കുടിയൊഴിപ്പിക്കലിനിടയിൽ സി.കെ. ജാനുവിനേയും, ഗീതാനന്ദനേയും തീവ്രവാദികളെന്നമട്ടിൽ പോലീസ് അറ്റാക്കിൽ കൊല ചെയ്യാനായിരുന്നു പോലീസിന്റെ രഹസ്യഅജണ്ട എന്നാണ് അറിയാൻകഴിഞ്ഞത്. ഭരണാധികാരികളുടെ ഏറ്റവും വലിയ തലവേദനകളായി ആദിവാസി പ്രശ്നം വളർത്തിയ ഈ നേതാക്കളെ കൊലചെയ്യാൻ കഴിഞ്ഞാൽ ആദിവാസി മുന്നേറ്റങ്ങളേയും അടിച്ചമർത്താനാകുമെന്നായിരുന്നു രഹസ്യഅജണ്ട സൃഷ്ടിച്ചവരുടെ കണക്കുകൂട്ടൽ. അതുകൊണ്ടുതന്നെയാണ് ആദിവാസി നേതാക്കൾ ഉണ്ടാകാൻ സാദ്ധ്യതയുള്ള കുടിലിനുനേരെ, പോലീസുകാർ ബന്ദികളായി കിടന്നിട്ടുപോലും നിറയൊഴിക്കാൻ അനുമതി നൽകിയത്. ചില കേന്ദ്രങ്ങൾ വഴി ഇത് ഞങ്ങൾക്ക് തിരിച്ചറിയാൻ കഴിഞ്ഞതുകൊണ്ടാണ് വെടിവെയ്പ്പിനിടയിലൂടെ ജീവൻ പണയം വെച്ചും അവരെ ഞങ്ങൾ രക്ഷിച്ചത്...’ മുത്തങ്ങയിൽ വനഭൂമി അധിനിവേശസമരത്തിന് നേതൃത്വം നൽകിയിരുന്ന ഒരു ആദിവാസി നേതാവ് ‘കേരളശബ്ദ’ത്തോട് പറഞ്ഞു.*

*‘സി.കെ.ജാനുവിനും, ഗീതാനന്ദനും പീപ്പിൾസ് വാർ ഗ്രൂപ്പുമായും, എൽ.ടി.ടി.ഇയുമായുമൊക്കെ ബന്ധമുണ്ടെന്ന് പ്രമുഖ രാഷ്ട്രീയ നേതാക്കളും ചില മുഖ്യധാരാ പത്രങ്ങളുമൊക്കെ അടുത്തകാലത്തായി ആവർത്തിച്ചു പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നതും ഇതോടൊപ്പം ചേർത്ത് കാണേണ്ടതാണ്. പി.ഡബ്ല്യൂ.ജി ബന്ധം പോലീസിന്റെ ആസൂത്രിതസൃഷ്ടിയാണ്. മാധ്യമങ്ങൾ വഴി ജനഹൃദയങ്ങളിൽ ഇത് തറപ്പിക്കാനുള്ള ആസൂത്രിത ശ്രമമാണിപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്.’ ആദിവാസി നേതാവ് ചൂണ്ടിക്കാട്ടി.*

*ആയുധം കൈയിലേന്തിയ ഭീകരവാദികളായി ഇവരെ ചിത്രീകരിച്ച് വയനാടൻ കാട്ടിലെ നരനായാട്ടിനെ ലഘൂകരിച്ചുകാണുന്നവർ*

രണമെന്ന ആവശ്യം അംഗീകരിച്ചില്ല. ആദിവാസികൾ പിന്നീട് ഡോക്ടറെ കൂട്ടിവരാൻ വനത്തിന് പുറത്ത് പോയെങ്കിലും ഡോക്ടറെ വനത്തിലേക്ക് അയയ്ക്കുന്നതിൽ വിയോജിക്കുകയുണ്ടായി. അനുരഞ്ജനശ്രമത്തിന് പത്രപ്രവർത്തകരും ശ്രമിച്ചെങ്കിലും ആദിവാസികൾക്കെതിരെയുള്ള നടപടിയിൽനിന്ന് പിന്മാറാൻ പോലീസ് തയ്യാറല്ലെന്ന് അറിയിച്ചതോടെ പത്രപ്രവർത്തകർ മധ്യസ്ഥ ശ്രമത്തിൽനിന്ന് പിന്മാറി. ഇതോടെ പോലീസ് സന്നാഹം ആദിവാസിക്യാമ്പിൽനിന്നും തകരപ്പാടി ഭാഗത്തേക്ക് പിൻവലിഞ്ഞു. ജനാധിപത്യ മാർഗ്ഗത്തിൽ അനുരഞ്ജന ചർച്ചയിലൂടെ പ്രശ്നം പരിഹരിക്കണമെന്നായിരുന്നു പത്രപ്രവർത്തകരുടെ നിർദ്ദേശം. പോലീസ് പിൻവാങ്ങിയതോടെ സമരക്കാർ പത്രക്കാരെ ഓരോരുത്തരെയായി പൊൻകുഴി ഷെഡ്ഡിലെ ദൃശ്യങ്ങൾ പകർത്താൻ അനുവദിച്ചു. പത്രപ്രവർത്തകർ ക്യാമ്പിലെ യഥാർത്ഥ സ്ഥിതികൾ പുറംലോകത്തെ അറിയിക്കുന്നതിനായി കാടിന് വെളിയിലിറങ്ങി. ഇതിനിടയിൽ പരിക്കേറ്റവർക്ക് കുപ്പി വെള്ളവും കൈവശമുള്ള പഴവും അപ്പവുമൊക്കെ മാധ്യമപ്രവർത്തകർ നൽകിയിരുന്നു. വൈകിട്ട് അഞ്ചരയോടെ വളരെ നിശബ്ദമായി പോലീസ് സേന തിരിച്ചുവന്നു. ബലപരീക്ഷണത്തിനാണ് സാധ്യതയെന്ന് മനസ്സിലാക്കിയതോടെ ‘കൈരളി’ ടി.വി ക്യാമറാമാൻ ഷാജി മരത്തിനുമുകളിൽ കയറി. കണ്ണൂർ കെ.എ.പി. കമാന്റന്റ് സുരേഷ് രാജ് പുരോഹിതിന്റെ നേതൃത്വത്തിൽ എത്തിയ സംഘം ക്യാമ്പിനെ അർദ്ധചന്ദ്രാകൃതിയിൽ വളഞ്ഞു. ഇതിന് സാക്ഷികളായി ഞങ്ങൾ ചില പത്രപ്രവർത്തകർ മാത്രമേ ഉണ്ടായിരുന്നുള്ളു.




*ഫോറസ്റ്റുകാർ തീകത്തിച്ചെറിയുന്നത് ഞാൻ കണ്ടു- ആനപ്പിണ്ടത്തിൽ മണ്ണെണ്ണ ഒഴിച്ച് തീ കൊളുത്തി കാട്ടിലേക്കെറിയുന്നതിന് സാക്ഷിയായ ജീപ്പ്ക്ലീനർ ജയൻ. കാട് കത്തിയപ്പോൾ ആദിവാസികൾ ബന്ദിയാക്കിയവരിൽ ജയനുമുണ്ടായിരുന്നു (ഫോട്ടോ: ഷെരീഫ്)*

പിന്നെ നടന്നത് നിഷ്ഠൂരമായ അരുംകൊലയുടെ ഭീദിതദൃശ്യങ്ങളായിരുന്നു. കൊച്ചുകുടിലിനു മുന്നിൽ കൈക്കുഞ്ഞുങ്ങളേയും ഒക്കത്തെടുത്ത്, വില്ലുമമ്പുമുയർത്തിനിന്ന ആദിവാസികളുടെ നേരെ ആർപ്പുവിളികളോടെ പോലീസ് സംഘം ഇരച്ചെത്തി. കാടിനെ നടുക്കിക്കൊണ്ട് വെടിയുണ്ടകൾ ചീറിപ്പാഞ്ഞു. മുൻനിരയിലുണ്ടായിരുന്നവരിൽ പലരും വെടിയേറ്റ് നിലംപതിച്ചു. എങ്ങും നിലവിളികൾ മാത്രം.

വെടിയുണ്ടകളേറ്റ് ആദിവാസികൾ പിടഞ്ഞുവീഴുന്നത് കണ്ടതോടെ, ബന്ദിയാക്കിയ പോലീസ് കോൺസ്റ്റബിൾ വിനോദിനെ ആദിവാസികളും വെട്ടി പരിക്കേൽപ്പിച്ചു. ഇദ്ദേഹം പിന്നീട് ആശുപത്രിയിൽവെച്ച് മരിച്ചു. വെടിയുണ്ടകൾക്ക് മുന്നിൽ പിടിച്ചുനിൽക്കാനാവാതെ ആദിവാസിസംഘാംഗങ്ങൾ ഉൾക്കാട്ടിലേക്ക് ഓടിയൊളിച്ചു. കൈയിൽ കിട്ടിയവരെയൊക്കെ തല്ലിച്ചതയ്ക്കുന്ന ഭീകരരംഗങ്ങളായി

ഇതിനുപിന്നിലെ ആസൂത്രിത ചരടുവലികൾ കാണാതെപോവുകയാണ്. പോലീസ് അറ്റാക്കിനുശേഷം ആദിവാസികളിൽനിന്നും പിടിച്ചെടുത്ത ആയുധങ്ങൾ മാത്രം മതി പീപ്പിൾസ് വാർഗ്രൂപ്പുമായി ആദിവാസികൾക്ക് ബന്ധമുണ്ടെന്ന പോലീസ് പ്രചരണത്തിന്റെ മുനയൊടിക്കാൻ. അമ്പുംവില്ലും, മുളവടികളും കൊയ്ത്തരിവാളുകളും കൈമഴുവുമൊക്കെയാണ് ഇവരിൽനിന്നും പിടിച്ചെടുത്ത ആയുധങ്ങൾ. തീവ്ര വിസ്ഫോടന ശക്തിയാർന്ന ആയുധങ്ങൾ കൈകാര്യം ചെയ്യുന്ന പി.ഡബ്ലിയു.ജിയുമായി ബന്ധമുണ്ടായിരുന്നുവെങ്കിൽ, സ്വാഭാവികമായി അത്തരത്തിലുള്ള എന്തെങ്കിലും ആയുധങ്ങൾ ഇവരിൽനിന്നും കണ്ടെടുക്കാൻ കഴിഞ്ഞേനെ... തികച്ചും പ്രാകൃതമായ മട്ടിൽ കാർഷികായുധങ്ങളുമായി അണിനിരന്ന ഇവരെ കീഴടക്കാൻ ഈ വിധം യുദ്ധസന്നാഹങ്ങളും രക്തച്ചൊരിച്ചിലും ആവശ്യമായിരുന്നോ എന്ന ചോദ്യത്തിന് ഇനി പ്രസക്തിയില്ല. എന്നാൽ ഒന്ന് നാം മറക്കരുത്, ഭരണാധികാരികൾ ഇപ്പോൾ പറയുന്ന ഭീകരാക്രമണമായിരുന്നു ആദിവാസികൾ ലക്ഷ്യമിട്ടിരുന്നതെങ്കിൽ മുത്തങ്ങയിലെ കാട്ടിൽ വീഴുന്നത് ഒരു പോലീസുകാരൻ മാത്രമാവുമായിരുന്നില്ല. ആനപ്പടക്കവും പന്നിപ്പടക്കവും വയനാട്ടിലെ ആദിവാസികൾക്ക് പുതിയ കാര്യവുമല്ല. ഇരമ്പിയെത്തുന്ന പോലീസ് വ്യൂഹങ്ങൾക്കുനേരെ അവ വലിച്ചെറിഞ്ഞിരുന്നുവെങ്കിൽ കാഴ്ചകൾ ഈവിധമാകുമായിരുന്നില്ലെന്നുറപ്പ്.



ഗീതാനന്ദൻ

രണ്ടായിരത്തിയൊന്ന് ആഗസ്റ്റിൽ സെക്രട്ടറിയേറ്റ് പടിക്കൽ സി.കെ. ജാനുവിന്റെ നേതൃത്വത്തിൽ ആദിവാസികൾ നടത്തിയ അവകാശപ്പോരാട്ടമാണ് സംഘടിത രൂപത്തിൽ ആവശ്യങ്ങൾ ചോദിച്ച് വാങ്ങാൻ ഇവർക്ക് കരുത്ത് നൽകിയത്. മുഖ്യമന്ത്രി എ.കെ. ആന്റണിയുടെയും മന്ത്രി എം.എ കുട്ടപ്പന്റെയും നിശബ്ദ ആശീർവാദത്തോടെയാണ് അന്നാസമരമാരംഭിച്ചതെങ്കിലും താമസിയാതെ സമരനിയന്ത്രണം ഇവരുടെ കയ്യിൽനിന്നും വഴുതി മാറുകയായിരുന്നു. ആദിവാസി ജനസമൂഹങ്ങൾക്കിടയിൽ സി.പി.എമ്മിനുള്ള സ്വാധീനശക്തി തകർക്കാനുള്ള ആയുധമാക്കി ജാനുവിനെയും കൂട്ടരെയും മാറ്റാനാകുമെന്ന പട്ടിക വികസന മന്ത്രി എം.എ കുട്ടപ്പന്റെ ഗീർവാണങ്ങൾ അതേപടി വിശ്വസിച്ചതുകൊണ്ടാണ് അന്നത്തെ ആദിവാസി സമരത്തിന് പിന്തുണയേകാൻ മുഖ്യമന്ത്രി തയ്യാറായത്. എന്നാൽ മന്ത്രി കുട്ടപ്പന് ആദിവാസിസമരസംഘാടകർക്കിടയിൽ വലിയ സ്വാധീനമൊന്നുമില്ലെന്ന് അധികം വൈകാതെതന്നെ മുഖ്യമന്ത്രിക്ക് ബോദ്ധ്യമാവുകയും ചെയ്തു. ഒത്തുതീർപ്പ് ചർച്ചയ്ക്ക് പ്രതിനിധിയായി കുട്ടപ്പൻ വരുന്നതിൽ തങ്ങൾക്ക് യോജിപ്പില്ലെന്നും മധ്യസ്ഥചർച്ചയ്ക്ക് ജെ.എസ്.എസ് നേതാവ് ഗൗരിയമ്മ മതിയെന്നുമുള്ള ആദിവാസി നേതാക്കളുടെ പ്രഖ്യാപനം അക്ഷരാർത്ഥത്തിൽ ഞെട്ടിച്ചത് മന്ത്രി കുട്ടപ്പനെ മാത്രമായിരുന്നില്ല.

ഒത്തുതീർപ്പുവ്യവസ്ഥകളെതുടർന്ന് ആർഭാടപൂർവ്വം നടന്ന പട്ടയവിതരണം ഭരണകൂടവഞ്ചനയുടെ മറ്റൊരു മുഖമായിരുന്നുവെന്ന് താമസിയാതെ ആദിവാസികൾ തിരിച്ചറിഞ്ഞു. പലതവണ വിതരണം ചെയ്ത ഭൂമികൾ തന്നെയാണ് പുതിയ പട്ടയങ്ങളുമായി കിട്ടിയതെന്നും, കൃഷിയോഗ്യമല്ലാത്ത മൊട്ടക്കുന്നുകളായിരുന്നു അവയെന്നുമുള്ള തിരിച്ചറിവ് പുതിയ സമരപാതയിലേക്കിറങ്ങാൻ ആദിവാസികളെ പ്രേരിപ്പിച്ചു. ആറളത്തും ചതിരൂരിലും ഇന്നിപ്പോൾ മുത്തങ്ങയിലുമൊക്കെ വനഭൂമി പിടിച്ചെടുത്തുകൊണ്ട് കുടിലുകൾകെട്ടി കൃഷിയിറക്കാൻ ഗോത്രമഹാസഭ തയ്യാറാവാൻ കാരണമിതാണ്. ഇത്തരം പ്രത്യക്ഷ സമരമാർഗ്ഗങ്ങളുമായി ആദിവാസിഗോത്രമഹാസഭ രംഗത്തുവരികയും ആദിവാസിക്കിടയിൽ ഇത് വൻ ചലനങ്ങൾ ഉണ്ടാക്കുകയും ചെയ്തതോടെ പ്രമുഖ രാഷ്ട്രീയപ്രസ്ഥാനങ്ങൾക്കും അടങ്ങിയിരിക്കാൻ ആയില്ല. സി.പി.എം നിയന്ത്രണത്തിലുള്ള എ.കെ.എസ് വനഭൂമിയിൽ ചെങ്കൊടികുത്തി കയ്യേറ്റസമരങ്ങൾ ആരംഭിച്ചു. ഒരു 'മഹാസംഗമം' നടത്തി ആദിവാസികളോട് ചേർന്നുനിൽക്കുകയാണ് ബി.ജെ.പി. തേങ്ങ ഉടയ്ക്കാനായില്ലെങ്കിലും ചിരട്ടയെങ്കിലും കയ്യിലെടുത്ത് രംഗത്ത് കോൺഗ്രസുകാരും ഉണ്ട്. അടിച്ചമർത്തപ്പെട്ടവന്റെ നിലനിൽപ്പിനായുള്ള ഈ ചെറുത്തുനിൽപ്പിനെ ഇപ്പോൾ എല്ലാ മുഖ്യധാരാരാഷ്ട്രീയപ്പാർട്ടികളും തള്ളിപ്പറയുകയാണ്. വയനാടൻ മലമടക്കുകളിൽ ഇതിഹാസമായി മാറിയ വർഗ്ഗീസ് പിടഞ്ഞുവീണ ഫെബ്രുവരി 18 നു തൊട്ടടുത്ത ദിവസംതന്നെ മുത്തങ്ങയിലെ സമരഭൂമിയിലും മനുഷ്യരക്തം ചിതറിവീണുവെന്നത് ചരിത്രത്തിലെ ക്രൂരമായ പ്രതിഭാസമായിരിക്കാം. ●

---

രുന്നു പിന്നീട്. വെടിയേറ്റ് തലച്ചോർ പുറത്തുവന്ന ഒരു ആദിവാസി സ്ത്രീയെ വീണ്ടും ബയണറ്റുകൊണ്ട് കുത്തുകയായിരുന്നു കലിയടങ്ങാതെ ഒരു സംഘം പോലീസുകാർ. ചിതറിയോടുന്നതിനിടയിൽ ഒറ്റപ്പെട്ടുപോയ ഒരു വൃദ്ധസ്ത്രീയെ നിരവധി പോലീസുകാർ വളഞ്ഞുനിന്ന് തോക്കിൻപാത്തി കൊണ്ട് തലയ്ക്കടിച്ചുവീഴ്ത്തി.

കാട്ടിനുള്ളിൽനിന്നും കൂട്ടനിലവിളികളും വെടിയൊച്ചയും അപ്പോഴും മുഴങ്ങുന്നുണ്ടായിരുന്നു. വീണുകിടക്കുന്ന ആദിവാസികൾക്കുചുറ്റും പോലീസ് മതിൽപോലെ മറഞ്ഞുനിന്ന് പത്രക്കാരെ മറയ്ക്കുന്നുണ്ടായിരുന്നു. അതോടൊപ്പം മാധ്യമപ്രവർത്തകർക്കുനേരെയും പോലീസ്സംഘം തിരിഞ്ഞു. പത്രപ്രവർത്തകർ ജീവൻ പണയംവച്ച് വെടിവയ്പ്പുനടന്ന ഷെഡ്ഡിനുനേരെ നീങ്ങിയെങ്കിലും പോലീസുകാർ അടിച്ചോടിച്ചു. 'കൈരളി' ടി.വി ക്യാമറാമാൻ ഷാജി പട്ടണത്തെ മർദ്ദിച്ച് ക്യാമറ തകർക്കാൻ ശ്രമിച്ചു. 'മാധ്യമം' ലേഖകൻ ഷെറീഫിന്റെ ഫിലിംറോൾ വലിച്ചൂരിക്കളഞ്ഞു. മാധ്യമപ്രവർത്തകരിൽനിന്നും തെളിവുകൾ നശിപ്പിക്കുക എന്നതായിരുന്നു പോലീസുകാരുടെ ലക്ഷ്യം.

കാട്ടിനുള്ളിൽ വെടിയേറ്റുവീണവരെ ഉൾക്കാട്ടിൽ കൊണ്ടുപോയി കത്തിച്ചുകളഞ്ഞതായി ആദിവാസികൾ പറഞ്ഞു. പത്രപ്രവർത്തകർ നേരിട്ടുകണ്ടവരെ മാത്രമാണ് കാട്ടിൽനി


സമരഭൂമിയിൽനിന്നും ഒരു ആദിവാസിവൃദ്ധയെ പോലീസുകാർ മർദ്ദിച്ചശേഷം പിടിച്ചുകൊണ്ടുപോകുന്നു



# ഒഴിവാക്കാമായിരുന്ന കൂട്ടക്കുരുതി

**പോ**ലീസ് എൻകൗണ്ടറിനിടയിൽ രണ്ടുപേർ മാത്രമാണ് മരിച്ചതെന്നാണ് ഔദ്യോഗികഭാഷ്യം. പോലീസിനുമുമ്പാകെ ഈയൊരു മാർഗ്ഗംമാത്രമേ ഉണ്ടായിരുന്നുള്ളൂവെന്നാണ് ഭരണകൂടത്തിന്റേയും ഒരുവിഭാഗം മുഖ്യധാരാപത്രങ്ങളുടേയും അവകാശവാദം. ഇത് ശരിയോ?

ആയുധധാരികളെ പിരിച്ചുവിടാൻ വെടിവയ്ക്കേണ്ടിവന്നു എന്നാണ് പോലീസ്കേന്ദ്രങ്ങൾ പറയുന്നത്. ആരാണീ ആയുധധാരികൾ? എന്താണവരുടെ ആയുധങ്ങൾ? ഒരു മുളവില്ലും, കവണയും കല്ലുമോ? അതോ വാക്കത്തിയോ? ഈ ആയുധങ്ങൾമാത്രം ഉയർത്തിപ്പിടിച്ച് ഒരുപിടി മണ്ണിനായി, ഒരു ജീവിതത്തിനായി പോരാടുന്ന ഒരു സംഘത്തെ നേരിടാൻ വെടിവയ്പ്പുമാത്രമേ പോംവഴി ഉണ്ടായിരുന്നുള്ളോ?



'ബന്ദികളെ വിട്ടുതരാം... പോലീസ് പിൻമാറണം...' ഗോത്രസഭാ പ്രസീഡിയം നേതാവ് അശോകനും ആംഡ് സി.ഐ. ശശിധരനും വെടിവയ്പ്പിനുമുമ്പ് സംസാരിക്കുന്നു

തീയുണ്ടകളേറ്റ് പിടഞ്ഞുവീഴാൻ, ബയണറ്റുമുനകളേറ്റ് കുടൽമാല ചൊരിയാൻ ഇവർ ചെയ്ത തെറ്റെന്ത്? വ്യാജപട്ടയങ്ങൾ ഉപയോഗിച്ച് ഏക്കറുകൾ സ്വന്തമാക്കിയോ? കഞ്ചാവും ചന്ദനവും വിറ്റ് കോടികൾ നേടിയോ? തേക്കും വീട്ടിയും വെട്ടിവിറ്റ് ലക്ഷാധിപതികളായോ? ഈ വഴിയിലൊക്കെ കോടികൾനേടിയ മാന്യർ ഞെളിയുമ്പോഴാണ്, അർഹതപ്പെട്ട ഒരുപിടി മണ്ണിനുവേണ്ടി ഒരുപിടി സഹജീവികൾ പിടിഞ്ഞുവീണതെന്ന് നാമോർക്കണം...

കാട്ടുതകര പുഴുങ്ങിത്തിന്നും പൊടിമീൻ ചുട്ടുതിന്നും വിശപ്പടക്കിയ ആദിവാസികളെ ഉദ്ധരിക്കാനായി കോടികളാണ് മാറിമാറിവരുന്ന ഭരണാധികാരികൾ ഒഴുക്കിയത്. അതുവഴി ഉദ്ധരിക്കപ്പെട്ടതാര്? ഒരുസംഘം ഉദ്യോഗസ്ഥപ്രമാണിമാരും രാഷ്ട്രീയതമ്പുരാക്കളും മാത്രം. ഭരണാധികാരികൾ കൽപ്പിച്ചുനൽകിയ തിട്ടൂരം വിശ്വസിച്ച്, ഇന്നുകിട്ടും നാളെക്കിട്ടും എന്ന പ്രതീക്ഷയിൽ സ്വന്തമായി ഒരുപിടിമണ്ണ് സ്വപ്നം കണ്ട ഈ പട്ടിണിപ്പാവങ്ങൾ അക്രമത്തിന്റെ വഴിയെ നീങ്ങിയെങ്കിൽ അതിന് കുറ്റംപറയേണ്ടതാരെയാണ്?

സായുധകലാപമടിച്ചമർത്തുമെന്ന് വീരസ്യം മുഴക്കുന്ന മുഖ്യമന്ത്രി എ.കെ. ആന്റണിയും, വനംമന്ത്രി സുധാകരനുമൊക്കെ, ആദിവാസി വേഷവും കെട്ടി അവർക്കൊപ്പം ചെണ്ടകൊട്ടിയാടി പട്ടയം വിതരണം ചെയ്ത കഴിഞ്ഞനാളുകൾ വിസ്മരിക്കരുത്. സഹനതയുടെ നെല്ലിപ്പലക കണ്ടാണ് അതിജീവനത്തിനായിവർ അന്തിമപോരാട്ടത്തിനിറങ്ങിയത്.

ഒരു പോലീസുകാരൻ വെട്ടേറ്റുമരിച്ചത് മുഖ്യവാർത്തയാകുമ്പോൾ ആദിവാസിയുടെ ചിതറിത്തെറിച്ച തലച്ചോറും പിന്നിക്കീറിയ കരളുമൊന്നും കാഴ്ചകളാകുന്നില്ല. പക്ഷേ, സത്യമെന്താണ്? അവസാനനിമിഷംവരെ ബന്ദികളാക്കിയവരെ സംരക്ഷിക്കാനാണ് ആദിവാസികൾ ശ്രമിച്ചതെന്നതിന് സംഭവസ്ഥലത്തുണ്ടായിരുന്ന ഞങ്ങൾ സാക്ഷികളാണ്. പോലീസിന്റെ അതിക്രമത്തിൽനിന്നും രക്ഷനേടാൻ, വിലപേശൽതന്ത്രത്തിന്റെ ഭാഗമായാണ് മൂന്നുപോലീസുകാരെ ആദിവാസികൾ ബന്ദികളാക്കിയത്... അതേസമയം മുത്തങ്ങയിലെമ്പാടും തലപിളർന്നും കൈകാലൊടിഞ്ഞും നൂറുകണക്കിന് ആദിവാസികൾ വീണുകഴിഞ്ഞിരുന്നു. ബന്ദിയാക്കപ്പെട്ട കെ.എ.പിയിലെ അബ്ദുൾ അസീസിന്റെ മുറിവ് ഗുരുതരമായതിനാൽ അപ്പോൾതന്നെ ചികിത്സയ്ക്കായി പോലീസുകാർക്ക് കൈമാറാൻ ആദിവാസികൾ തയ്യാറായി. മറ്റ് രണ്ടുപേരെയാണ് കുടിലിനുള്ളിൽ കെട്ടിയിട്ടത്. കുടിവെള്ളം നൽകണം, വൈദ്യസഹായം നൽകണം എന്ന് ആദിവാസിനേതാവ് അശോകൻ മാധ്യമപ്രവർത്തകർക്കൊപ്പം പോലീസധികാരികളോട് അഭ്യർത്ഥിച്ചിട്ടും അത് കൈക്കൊള്ളാൻ അവർ തയ്യാറായില്ല.

മണ്ണിന്റെ മക്കളുടെ ഈ മനസ്സിന്റെ നൈർമ്മല്യം തിരിച്ചറിയാൻ, നമ്മുടെ ഭരണാധികാരികൾക്കും പോലീസധികൃതർക്കും കഴിയാതെ പോയി. അവർക്ക് ആഗൂഢ അജണ്ട നടപ്പാക്കേണ്ടിയിരുന്നു. ആദിവാസിമുന്നേറ്റത്തെ തുത്തെറിയേണ്ടിയിരുന്നു. അതിന് വെടിവയ്പ്പുതന്നെ വേണമായിരുന്നു. എല്ലാം മുൻകൂട്ടി തീരുമാനിച്ച മന്ത്രിപുംഗവന്മാരുടെ ഉത്തരവുകൾ കണ്ണുംപൂട്ടി അനുസരിക്കേണ്ടിയിരുന്നു.

ജനാധിപത്യപരമായ ഒരു ചർച്ചയിലൂടെ പരിഹരിക്കാവുന്ന അന്തരീക്ഷമായിരുന്നു ഒടുവിൽ മുത്തങ്ങയിലുണ്ടായിരുന്നത്. പക്ഷേ, എല്ലാ കണക്കുകൂട്ടലും തെറ്റിച്ചുകൊണ്ട് പോലീസുകാർ തിരിച്ചുവന്നു. തെളിവുകളൊന്നും ഉണ്ടാകാതിരിക്കാൻ മാധ്യമപ്രവർത്തകരെ ആട്ടിയോടിച്ചു. പേപ്പട്ടിയെപ്പോലെ ആദിവാസികളെ വളഞ്ഞിട്ട് വെടിവച്ചുവീഴ്ത്തി. ആസൂത്രിതമായ അജണ്ട ഈവിധം അരങ്ങേറിയപ്പോൾ ചരിത്രത്തിലെ ചോരകല്ലിച്ച ഏടായി മുത്തങ്ങ മാറി.

12 മണിയോടെയാണ് പോലീസുകാർ ബന്ദികളാകുന്നത്. അതോടെ സമരത്തിന്റെ മുഖവും മാറി. ഏതുവിധത്തിലുള്ള ചർച്ചയ്ക്കും ആദിവാസികൾ തയ്യാറായിരുന്നു. തർക്കഭൂമിയിൽനിന്നും തൽക്കാലം പോലീസുകാർ പിൻവാങ്ങിയാൽ ബന്ദികളെ തിരികെ ഏൽപ്പിക്കാമെന്ന് മാധ്യമപ്രവർത്തകരുടെ സാന്നിദ്ധ്യത്തിൽ ആദിവാസികൾ നൽകിയ ഉറപ്പ് അവഗണിച്ചത് പോലീസുദ്യോഗസ്ഥരുടെ ധാർഷ്ട്യം ഒന്നുകൊണ്ടുമാത്രമായിരുന്നില്ലേ?

12 മുതൽ 5 വരെയുള്ള സമയത്തിനിടയിൽ ഒരു ഭരണാധികാരിക്കും മുത്തങ്ങയിലെത്തി ചർച്ച നടത്താൻ തോന്നിയില്ലല്ലോ. ചുരുങ്ങിയ പക്ഷം കളക്ടറെങ്കിലും അവിടെ എത്തേണ്ടതായിരുന്നില്ലേ; തലേദിവസം പരിസ്ഥിതിപ്രേമികളെന്നപേരിൽ എത്തിയ രാഷ്ട്രീയക്കാരെ സംരക്ഷിക്കാൻ ഇവരൊക്കെ ഉണ്ടായിരുന്നുവല്ലോ. ഒടുവിൽ 5.30 ന് കൂട്ടുകാരൊക്കെ വെടിയേറ്റ് പിടഞ്ഞുവീണപ്പോൾ മാത്രമല്ലേ കോൺസ്റ്റബിൾ വിനോദിനുനേരെ ആദിവാസികൾ അരിവാൾ വീശിയത്. ഈ കുറ്റമാറാപ്പുകൾ ആദിവാസികളുടെ പുറത്തുമാത്രം കെട്ടിവയ്ക്കാനുള്ളതാണോ? ഈ ചോദ്യങ്ങൾക്കുത്തരം ആരാണ് നൽകുക. ●

---

ന്നും പുറത്തേക്ക് കൊണ്ടുവന്നത്.

സംഭവം നടന്ന ഉടൻതന്നെ വനപാലകർ ജനറേറ്റർ കൊണ്ടുവന്ന് കാട്ടിൽ അനന്തരനടപടികൾ നടത്താനുള്ള വെളിച്ചത്തിനുള്ള സാഹചര്യമുണ്ടാക്കി. പോലീസിനോടൊപ്പം ആഹ്ലാദിച്ച് മാധ്യമപ്രവർത്തകരെപോലും കയ്യേറ്റംചെയ്യാൻ മുതിർന്ന 'പ്രകൃതിസ്നേഹി'കളെ പിന്നീട് പോലീസുതന്നെ ലാത്തിവീശിയോടിച്ചു. അതോടെ സംഭവസ്ഥലം സേനയുടെ അധീനതയിലായി. വെടിവയ്പ്പിനുശേഷം ഓടിയ ആദിവാസികൾ കാടിന്റെ മറ്റൊരു ഭാഗത്തുണ്ടായിരുന്ന ഒരു കർഷകന്റെ ഇഞ്ചിഷെഡ്ഡിൽ അഭയം പ്രാപിച്ചു. 200 ഓളംവരുന്ന ഇവർ ഒടുവിൽ പോലീസിന് കീഴടങ്ങുകയായിരുന്നു. ●

കണിയാപുരം രാമചന്ദ്രൻ

# ആദിവാസികൾക്കെതിരെ ആന്റണിയുടെ യുദ്ധം

## ഒഴിവാക്കാമായിരുന്ന ദുരന്തം ക്ഷണിച്ചുവരുത്തിയത് ആന്റണിയും ആന്റണിയുടെ പോലീസും


ഒരുവർഷം മുമ്പ്- കൃത്യമായിപ്പറഞ്ഞാൽ വയനാട്ടിലെ വന്യജീവിസംരക്ഷണകേന്ദ്രമായ മുത്തങ്ങ കേരളത്തിലെ പോലീസിന്റെ അപാരമായ മിടുക്കോ പിടിപ്പുകേടോ കൊണ്ട് ഒരു യുദ്ധക്കളമായിത്തീരുന്നതിന് 414 ദിവസംമുമ്പ്- കേരളത്തിലെ ദൃശ്യമാധ്യമ പ്രേക്ഷകർക്ക് ഒരപൂർവ്വരംഗം കാണാനിടയായത് ചിലരെങ്കിലും ഓർക്കുന്നുണ്ടാവണം. ആദിവാസികൾക്കിടയിൽനിന്ന് മുഖ്യമന്ത്രി ഏ.കെ.ആന്റണി കോൽക്കളി നടത്തുന്നതായിരുന്നു ആ അപൂർവ്വദൃശ്യം. 2002 ജനുവരി ഒന്നിനായിരുന്നു അത്. ആദിവാസികൾക്ക് ഭൂമി സൗജന്യമായി നൽകുന്നതിന്റെ സംസ്ഥാനതല ഉൽഘാടനമായിരുന്നു ഇടുക്കിയിലെ മറയൂരിൽ നടന്നത്. ഉള്ളിൽ കള്ളമില്ലാത്ത ആദിവാസികൾ സന്തോഷം മറച്ചുവയ്ക്കാതെ മുഖ്യമന്ത്രിയോടൊപ്പം നൃത്തം വെച്ചു. മാവിൻതൈ നട്ടും തേങ്ങയുടച്ചുമായിരുന്നു ഉൽഘാടനം. ആദിവാസികളുടെ സന്തോഷം കണ്ടപ്പോഴാണ് മുഖ്യമന്ത്രി ഇളകിപ്പോയതും കോൽകളി നടത്തിയതും. അന്ന് ഉൽഘാടനം നിർവഹിച്ചുകൊണ്ട് മുഖ്യമന്ത്രി പ്രസംഗിച്ചത് താഴെപ്പറയുംപ്രകാരമാണ്.

'ആര് എതിരുനിന്നാലും പ്രതിബന്ധങ്ങളെ തട്ടിമാറ്റി സംസ്ഥാനത്തെ ഭൂരഹിതരായ മുഴുവൻ ആദിവാസികൾക്കും ഭൂമി നൽകുകതന്നെചെയ്യും. അഞ്ചുവർഷംകൊണ്ട് സംസ്ഥാനത്തെ മുഴുവൻ ആദിവാസികളെയും സ്വന്തം കാലിൽനിൽക്കാൻ കെൽപ്പുള്ളവരാക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം. ഇതിനെ തുടക്കത്തിലേ തുരങ്കംവയ്ക്കാൻ ചിലർ ശ്രമിക്കുകയാണ്. ആദിവാസികളെ സ്വന്തം കാലിൽനിർത്താൻ തുടങ്ങുമ്പോൾ കുതികാൽവെട്ടാൻ ശ്രമിച്ചാൽ ഒരുകാലത്തും മാപ്പുണ്ടാവുകയില്ല. കേന്ദ്രഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള 25000 ഏക്കർ നിക്ഷിപ്തവനഭൂമി ആദിവാസികൾക്ക് നൽകണമെന്ന് സംസ്ഥാനഗവൺമെന്റ് പ്രധാനമന്ത്രിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. അതിന് അനുകൂലമായ മറുപടിയാണ് ലഭിച്ചിരിക്കുന്നത്. ആദിവാസികൾക്ക് നൽകുന്ന ഭൂമി മറ്റാരും തട്ടിക്കൊണ്ടുപോകാതിരിക്കാൻ നിയമസംരക്ഷണവും ധാന്യബാങ്കും മറയൂരിൽ ആരംഭിക്കും. 300 ആദിവാസി യുവാക്കളെ 6 മാസത്തിനകം ഫോറസ്റ്റ്ഗാർഡുമാരായി നിയമിക്കും. (ദീപിക പത്രം)

ആദിവാസികൾക്ക് തേനുംപാലും കൊടുക്കുന്ന തരത്തിൽ എത്ര മധുരമായ വാക്കുകളാണ് അന്ന് മുഖ്യമന്ത്രി പറഞ്ഞതെന്ന് ഇപ്പോൾ ആലോചിക്കാൻ നല്ല രസമുണ്ട്. ഇതുപറഞ്ഞ അതേ ഏ.കെ.ആന്റണിതന്നെയാണോ ഫെബ്രുവരി 19 ന് മുത്തങ്ങയിലെ ആദിവാസികളെ ഓടിച്ചിട്ട് വേട്ടയാടിയത്? ഇത് എഴുതുമ്പോഴും മരിച്ചവരുടെ എണ്ണം കൃത്യമായി പുറത്തുവന്നിട്ടില്ല. ഉത്തരവാദിത്തമുള്ള മാധ്യമങ്ങൾ പലതരത്തിലുള്ള കണക്കുകളാണ് പറയുന്നത്. 16 പേർവരെ കൊല്ലപ്പെട്ടിട്ടുണ്ടെന്നാണ് അഭ്യൂഹം. മരിച്ചവരിൽ മഹാഭൂരിപക്ഷവും എല്ലും തോലുമായി ചത്തതിനൊക്കുമേ ജീവിച്ചിരുന്ന പേക്കോലങ്ങളാണ്. അവരുടെ കുടിലുകൾ തീവെച്ച് അതിനിടയിലൂടെ പ്രാണനുംകൊണ്ടോടുന്നവരെ ഓടിച്ചിട്ട് തല്ലിച്ചതയ്ക്കുന്നതും വെടിവെച്ചു കൊല്ലുന്നതും ഹൃദയഭേദകമായ കാഴ്ചയായിരുന്നു. രണ്ടുരാജ്യങ്ങൾ തമ്മിൽ യുദ്ധം നടക്കുമ്പോൾപ്പോലും തിരിഞ്ഞോടുന്നവരെ പിന്തുടർന്നുചെന്ന് ആക്രമിക്കാറില്ല. മുത്തങ്ങയിൽനിന്ന് സാഹസികമായി ചില പത്രലേഖകർ പകർത്തിയ ദൃശ്യങ്ങൾ ആരുടേയും മനസ്സലിയിക്കുന്നതാണ്. ഒരു ശത്രുസൈന്യത്തോടുപോലും കാണിക്കാത്ത ക്രൂരതയാണ് പോലീസിൽനിന്നുണ്ടായത്. ഒരുപോലീസുകാരൻ കൊല്ലപ്പെട്ടുവെന്നത് ശരിതന്നെ. അതും സംഭവിക്കാൻ പാടില്ലാത്തതായിരുന്നു. എന്നാൽ ഒഴിവാക്കാമായിരുന്ന ഒരു ദുരന്തം മനഃപൂർവ്വം ഉണ്ടാക്കി എന്നാണ് പല പത്രങ്ങളും വിലയിരുത്തിയത്. മുത്തങ്ങയിലെ സംഭവം ഒറ്റദിവസം കൊണ്ടുണ്ടായതല്ല. ആദിവാസികൾ ആഴ്ചകൾക്ക് മുമ്പുതന്നെ ആ പ്രദേശം കൈയേറിയിരുന്നു. സാങ്കേതികമായ അർത്ഥത്തിൽ മാത്രമെ ഇപ്പോൾ അതൊരു വന്യജീവിസംരക്ഷണകേന്ദ്രമാകുന്നുള്ളു. ഉണങ്ങിവരണ്ട ആ പ്രദേശത്ത് ഇപ്പോൾ പറയത്തക്ക വന്യജീവികളൊന്നുമില്ല. അഥവാ ഉണ്ടെന്ന് വാദത്തിനുവേണ്ടി സമ്മതിച്ചാൽത്തന്നെ ആ പ്രദേശത്തേക്ക് നിരാധാരരായ ആദിവാസികൾ താമസിച്ചുകളയാമെന്ന് തീരുമാനിച്ചുകളഞ്ഞത് എന്തിനുവേണ്ടിയായിരുന്നുവെന്ന് ആലോചിക്കേണ്ടതുണ്ട്. സാധാരണ മനുഷ്യരായി ജീവിക്കാൻ വാസയോഗ്യമായ ഒരുപിടി മണ്ണുപോലും സ്വന്തമായില്ലാത്തവരാണ് നമ്മുടെ ആദിവാസികൾ. അവരുടെ ഭൂമി കയ്യൂക്കുള്ളവൻ എന്നേ തട്ടിപ്പറിച്ചെടുത്തു എന്നത് കേരളത്തിന്റെയും ആദിവാസിയുടെയും ചരിത്രത്തിലെ ഏറ്റവും ഹീനമായ ഒരുദ്ധ്യായമാണ്. കാട്ടിൽ ജനിച്ച് കാടിന്റെ മക്കളായി പ്രകൃതിയുമായി ഇണങ്ങി ജീവിക്കുന്നവരാണ് ആദിവാസികൾ. അവർ എത്രയോ തലമുറകളായി അങ്ങനെയൊരു ജീവിതം നയിക്കുകയായിരുന്നു. കാടു വെട്ടിപ്പിടിക്കാൻ കയ്യൂക്കുമായി കയറിയവർ അവരെ അടിമകളെപ്പോലെ ആട്ടിപ്പായിക്കുകയായിരുന്നു. കാട് വെട്ടിപ്പിടിച്ചവൻ കാട്ടുരാജാവായി ഇപ്പോഴും ജീവിക്കുന്നു. നിരക്ഷരരായ ആദിവാസികളെ മദ്യവും പുകയിലയും നൽകി മയക്കിയാണ് ഭൂമി അപഹരിച്ചത്. അവർക്ക് ഏതെങ്കിലും മണ്ണിൽ ചവിട്ടിനിന്നല്ലെ ജീവിക്കാനാവൂ. അന്തരീക്ഷത്തിൽ ജീവിക്കാൻ കഴിയില്ലല്ലോ. വന്യമൃഗങ്ങൾക്കായിപ്പോലും സംരക്ഷണകേന്ദ്രങ്ങളുണ്ടാക്കുന്ന അധികാരികളാണ് അവിടേയ്ക്ക് കയറിപ്പോയ പാവങ്ങളെ നിർദ്ദാക്ഷിണ്യം വെടിവെച്ചത്. ഈ നരവേട്ടയെ മുഖ്യമന്ത്രി ന്യായീകരിക്കുന്നു. ഒരു ജുഡീഷ്യൽ അന്വേഷണംപോലും നടത്തില്ലെന്നാണ് പ്രഖ്യാപനം. ഒരു വർഷംമുമ്പ് മധുരമധുരമായി ആദിവാസികൾക്ക് നൽകിയിരുന്ന വാഗ്ദാനങ്ങളിൽ ഒന്നുപോലും പാലിക്കാൻ മുഖ്യമന്ത്രിക്ക് കഴിഞ്ഞിട്ടില്ല. ആദിവാസികൾക്ക് ഭൂമി നൽകാനായി കേന്ദ്രം വനഭൂമി നൽകാൻ സമ്മതിച്ചിട്ടുണ്ട് എന്നാണല്ലോ മുഖ്യമന്ത്രി മറയൂരിൽ വെച്ച് പ്രഖ്യാപിച്ചത്. എങ്കിൽ ആ ഭൂമിക്കെന്ത് സംഭവിച്ചു. ഒരിക്കലും വനഭൂമി നൽകാൻ കേന്ദ്രം സമ്മതിച്ചിരുന്നില്ല എന്നാണ് കഴിഞ്ഞദിവസംപോലും കേന്ദ്ര വനംവകുപ്പുമന്ത്രിയും വനംവകുപ്പ് ഡയറക്ടറും പറഞ്ഞത്. പ്രധാനമന്ത്രി സമ്മതിച്ചു എന്നുള്ള ആന്റണിയുടെ പ്രഖ്യാപനം തൽക്കാല സൗകര്യത്തിനുവേണ്ടി പറഞ്ഞ ഒരു കള്ളമായിരുന്നു എന്നല്ലേ ഇതിനർത്ഥം. 300 ആദിവാസി യുവാക്കളെ 6 മാസത്തിനകം ഫോറസ്റ്റ് ഗാർഡുകളായി നിയമിക്കുമെന്നും മുഖ്യമന്ത്രി പ്രഖ്യാപിച്ചിരുന്നുവല്ലോ. പ്രഖ്യാപനം നടന്ന് ഒരുവർഷം പിന്നിട്ടതിനുശേഷം എത്ര ആദിവാസികളെ ഫോറസ്റ്റ് ഗാർഡുകളായി നിയമിച്ചു എന്നു പറയാനുള്ള സാമാന്യമര്യാദ മുഖ്യമന്ത്രിക്കുണ്ടാവേണ്ടതായിരുന്നു. അതൊന്നുമദ്ദേഹം പറയുന്നില്ല.

> തലചായ്ക്കാനിത്തിരി മണ്ണിനുവേണ്ടി ഈ വിഭാഗം നടത്തുന്ന കേവലം മനുഷ്യസഹജമായ ഒരാവശ്യത്തെ ചോരയിൽ മുക്കിക്കൊന്നു എന്നതിന്റെ ക്രെഡിറ്റ് മുഖ്യമന്ത്രിക്കുതന്നെയിരിക്കട്ടെ. പക്ഷേ, മനുഷ്യന്റെ അവകാശസമരങ്ങളെ ക്രൂരമായ മർദ്ദനമുറകളുപയോഗിച്ച് എക്കാലവും തളർത്തിക്കളയാമെന്നുമാത്രം അദ്ദേഹം ധരിക്കരുത്.

മറയൂരിൽ കൊട്ടിഘോഷിച്ചു നടത്തിയ സംസ്ഥാനതല ഉദ്ഘാടനം നടക്കുന്നതിനു തൊട്ടുമുമ്പ് തിരുവനന്തപുരത്ത് സി.കെ. ജാനു നേതൃത്വം നൽകുന്ന ആദിവാസിഗോത്രസഭ ഒരു കുടിൽ കെട്ടൽ സമരം നടത്തുകയുണ്ടായല്ലോ. ആദിവാസികൾക്കിടയിൽ പ്രവർത്തിക്കുന്ന ക്ഷേമസമിതി, ഏകോപനസമിതി തുടങ്ങിയ മറ്റ് ചില സംഘടനകളുമുണ്ട്. എന്നാൽ ജാനുവിന്റെ സമരത്തിന് പരോക്ഷമായ പിന്തുണ നൽകിയത് യു.ഡി.എഫ് ആയിരുന്നു. അതിന്റെ പരിസമാപ്തി എന്ന നിലയിലാണ് മറയൂരിലെ സംസ്ഥാനതല ഉത്ഘാടനം നടന്നത്. സി.കെ. ജാനു നടത്തിയ സമരത്തെ സഹായിച്ചതിലൂടെ ഒരു രാഷ്ട്രീയനേട്ടം കൈവരി



മുത്തങ്ങ യുദ്ധക്കളമാകുന്നതിന് 414 ദിവസംമുമ്പ് (2002 ജനുവരി 1) ആദിവാസികൾക്ക് ഭൂമി നൽകുന്നതിന്റെ സംസ്ഥാനതല ഉദ്ഘാടനവേളയിൽ മുഖ്യമന്ത്രി ആന്റണി മതിമറന്ന് ആദിവാസികൾക്കൊപ്പം കോൽകളിക്കുന്നു. മന്ത്രിമാരായ കെ.എം. മാണി, എം.എ. കുട്ടപ്പൻ തുടങ്ങിയവർ സമീപം (ഫയൽഫോട്ടോ)

ക്കുക എന്നതായിരുന്നു യു.ഡി.എഫിന്റെ ലക്ഷ്യം. ഇത് ആദിവാസിരംഗത്ത് പ്രവർത്തിക്കുന്ന മറ്റ് സംഘടനകൾതന്നെ ഉന്നയിക്കുന്ന ആരോപണമാണ്. അത് ശരിയോ, തെറ്റോ ആകട്ടെ, മുഖ്യമന്ത്രി പ്രഖ്യാപിച്ച ആനുകൂല്യങ്ങളിൽ ഒന്നുപോലും പ്രായോഗികമാവില്ലെന്നുകണ്ടപ്പോഴാണ് ജാനുവും സംഘവും വീണ്ടും പുതിയ സമരരൂപങ്ങളുമായി രംഗത്തെത്തിയത്. ബലാൽക്കാരമായി വനഭൂമിയിൽ കയറി അധികാരം സ്ഥാപിക്കുക എന്നതായിരുന്നു പുതിയ സമരത്തിന്റെ രൂപം. അടിച്ചമർത്തപ്പെട്ടവന് മറ്റൊരു മാർഗ്ഗവുമില്ലാതാവുമ്പോൾ നമുക്ക് അപകടകരവും ദ്രോഹപരവുമെന്നു തോന്നുന്ന സമരരൂപങ്ങൾ സ്വീകരിക്കേണ്ടിവരും. മുത്തങ്ങയിലെ നരനായാട്ടിനുശേഷം മുഖ്യമന്ത്രി ഉന്നയിച്ചിരിക്കുന്ന ആരോപണങ്ങൾ അസാധാരണമാണ്. ഇപ്പോൾ ആദിവാസികൾ നടത്തിക്കൊണ്ടിരിക്കുന്ന സമരത്തിനുപിന്നിൽ ചില വിദേശശക്തികൾ ഉണ്ടെന്നത്രെ അദ്ദേഹം പറയുന്നത്. ജാനുവിന്റെ സമരത്തെ ശ്രീലങ്കയിലെ തമിഴ്പുലികൾ സഹായിക്കുന്നതായി സംശയിക്കുന്നതായും അദ്ദേഹം പറയുന്നു. ഏതോ ശക്തികളിൽനിന്ന് സമരക്കാർക്ക് പണം കിട്ടുന്നുണ്ടത്രെ. ഈ ആരോപണങ്ങൾ ശരിയാണെങ്കിൽ അത് സംശയാതീതമായി തെളിയിക്കാനുള്ള ബാദ്ധ്യത മുഖ്യമന്ത്രിക്കുണ്ട്. അമ്പുംവില്ലും വാളുമെടുത്ത് മുന്നൂറോളംവരുന്ന ആദിവാസികൾ ഒരു പരമാധികാരരാഷ്ട്രം സ്ഥാപിച്ചുകളയും എന്നൊക്കെ ഒരു മുഖ്യമന്ത്രി പറഞ്ഞാൽ അതിന്നാവശ്യമായ തെളിവുകൾ ഹാജരാക്കി തെളിയിക്കേണ്ട ബാദ്ധ്യതയും അദ്ദേഹത്തിനുതന്നെയുള്ളതാണ്. ദിവസങ്ങളോളമല്ല ആഴ്ചകളോളം കയ്യേറിയ ഭൂമിയിൽ സമരക്കാർ കഴിഞ്ഞിട്ടും അവർക്കുനേരെ ചെറുവിരലനക്കാതിരുന്ന ഒരു ഭരണാധികാരിയാണ് ഇപ്പോൾ പുതിയ കണ്ടുപിടിത്തങ്ങളുമായി പ്രത്യക്ഷപ്പെട്ടിരിക്കുന്നത്. ആദിവാസികളെ യുദ്ധമുറയിൽ അടിച്ചമർത്തിയ മുഖ്യമന്ത്രി തന്റെ ദുഷ്ചെയ്തിക്ക് പുതിയ ന്യായങ്ങൾ കണ്ടുപിടിക്കുന്നതാകാം. രണ്ടുദിവസംകൊണ്ട് പോലീസ് കണ്ണിൽ കണ്ട ആദിവാസികളെയെല്ലാം പിടിച്ചുകൊണ്ടുപോയി. ഇതെഴുതുമ്പോൾ ഏതാണ്ട് 272 ആദിവാസികളെ പോലീസ് കസ്റ്റഡയിലെടുത്തിട്ടുണ്ടെന്നാണ് റിപ്പോർട്ട്. അവർ എവിടെയാണെന്ന് ആർക്കും നിശ്ചയമില്ല. മുഖ്യമന്ത്രി ആരോപിക്കുന്നതുപോലെ സ്വതന്ത്രരാഷ്ട്രം സ്ഥാപിക്കുന്നതിനുവേണ്ടിയാണ് ആദിവാസികൾ കയ്യിൽകിട്ടിയ ആയുധമെടുത്ത് പോരാടിയതെങ്കിൽ രാജ്യദ്രോഹകുറ്റത്തിന് അവരെ വിചാരണ ചെയ്യേണ്ടതല്ലേ. അങ്ങനെ വല്ല നടപടിയും ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ? അതോ തൽക്കാലസൗകര്യം നോക്കി മുഖ്യമന്ത്രി പൊള്ളയായ ഒരു തമാശ പൊട്ടിച്ചതാണോ?

ഗവൺമെന്റുതന്നെ പറയുന്ന കണക്കനുസരിച്ച് ഏതാണ്ട് മുന്നൂറോളം ആദിവാസികളാണ് മുത്തങ്ങയിൽ കടന്ന് അനധികൃതമായി കുടിൽ കെട്ടിയത്. അവരിൽ ഒരുപാട് സ്ത്രീകളും കുട്ടികളുമുണ്ടായിരുന്നു. ഇവർ രണ്ടുദ്യോഗസ്ഥരെ ബന്ദികളാക്കിയെന്നും അതുകൊണ്ടാണ് സായുധമായി അവരെ നേരിടേണ്ടിവന്നതെന്നുമാണ് മുഖ്യമന്ത്രിയും മറ്റും നൽകുന്ന വിശദീകരണം. സംഭവസമയത്ത് സ്ഥലത്തുണ്ടായിരുന്ന ദൃശ്യ മാധ്യമപ്രവർത്തകരുടെ അഭിപ്രായം. ഒഴിവാക്കാമായിരുന്ന ഒരു ദുരന്തം പോലീസുകാരുടെ ദുർവാശികൊണ്ട് സംഭവിച്ചു എന്നാണ്. ബന്ദികളെ മോചിപ്പിക്കാൻ ആദിവാസികൾ തയ്യാറായിരുന്നുവെന്നും പോലീസ് അതിന് സഹായകമായ നിലപാടെടുത്തില്ല എന്നുമാണ് ചില പത്രങ്ങൾ റിപ്പോർട്ട് ചെയ്തത്. ഡോക്ടറെ കൊണ്ടുവരാനും ആദിവാസികൾക്ക് വിരോധമില്ലായിരുന്നുവത്രെ. യുദ്ധരംഗത്ത് കലികയറിനിന്ന പോലീസ് അത്തരം അവസരങ്ങളൊന്നും ഉപയോഗിച്ചില്ല. അതിന്റെ ഫലമായിട്ടാണ് കേരളത്തെ നടുക്കിയ ദുരന്തമുണ്ടായത്. കേരളത്തിലെ സാമൂഹ്യജീവിതത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട താങ്ങും തണലുമില്ലാത്ത ഒരുവിഭാഗമായി ആദിവാസികൾ മാറാൻ തുടങ്ങിയിട്ട് കാലമേറെയായി. ഇവരുടെ പേരിൽ ഒരുപാട് മുതലക്കണ്ണീർ ഒഴുക്കപ്പെട്ടിട്ടുണ്ട്. തലചായ്ക്കാനിത്തിരി മണ്ണിനുവേണ്ടി ഈ വിഭാഗം നടത്തുന്ന കേവലം മനുഷ്യസഹജമായ ഒരാവശ്യത്തെ ചോരയിൽ മുക്കിക്കൊന്നു എന്നതിന്റെ ക്രെഡിറ്റ് മുഖ്യമന്ത്രിക്കുതന്നെയിരിക്കട്ടെ. പക്ഷേ, മനുഷ്യന്റെ അവകാശസമരങ്ങളെ ക്രൂരമായ മർദ്ദനമുറകളുപയോഗിച്ച് എക്കാലവും തളർത്തിക്കളയാമെന്നുമാത്രം അദ്ദേഹം ധരിക്കരുത്. ●

# കേരള  ശബ്ദം

സ്വതന്ത്ര രാഷ്ട്രീയ വാരിക

Member: I.N.S.


'ഭാരതമെന്ന പേർ കേട്ടാലഭിമാന-
പൂരിതമാകണമന്തരംഗം
കേരളമെന്നു കേട്ടാലോ തിളയ്ക്കണം
ചോര നമുക്കു ഞരമ്പുകളിൽ.'


പുസ്തകം 41 ലക്കം 31
23 മാർച്ച് 2003


# ഭൂമി നൽകുന്നത് ആദിവാസിഗ്രൂപ്പുകൾക്കായിരിക്കണം

ആദിവാസികൾക്ക് നൽകാനായി ഓരോ പ്രദേശത്ത് ഭൂമി കണ്ടെത്തിക്കൊണ്ടിരിക്കുകയാണെന്നാണല്ലോ ഗവൺമെന്റ് പറയുന്നത്. അവിടവിടെ കുറച്ച് തരിശുഭൂമി പതിച്ചുകിട്ടിയാൽ ആദിവാസികളുടെ ജീവിതപ്രശ്നം തീരുകയില്ല. അവർക്ക് ആഹാരവും തൊഴിലും വേണം.

വ്യക്തികൾക്കോ കുടുംബാംഗങ്ങൾക്കോ ഭൂമി പതിച്ചുകിട്ടിയാൽ നിസ്സാരവിലയ്ക്ക് അത് അവരിൽനിന്ന് തട്ടിയെടുക്കാൻ ആളുണ്ടാവുമെന്ന് കണ്ടതാണ്. ആദിവാസികളിൽനിന്ന് തട്ടിയെടുത്ത ഭൂമി തിരിച്ച് അവർക്കുതന്നെ കൊടുക്കുന്നതിന് നിയമനിർമ്മാണവും കോടതിവിധിയും ഉണ്ടായിട്ടും നടന്നില്ല. അതുകൊണ്ടാണല്ലോ അവർക്ക് പുതിയ സ്ഥലം കണ്ടെത്തുന്നത്. ഇക്കാര്യത്തിലുണ്ടായ അക്ഷന്തവ്യമായ കാലതാമസം ആദിവാസികളെ അക്ഷമരാക്കിയപ്പോഴാണ് മുത്തങ്ങാസംഭവം ഉണ്ടായത്.

ആദിവാസികൾ നിരാലംബരായിത്തീരുന്ന ചരിത്രം ആവർത്തിക്കരുത്. അവർക്ക് നൽകുന്ന ഭൂമി വ്യക്തികൾക്ക് നൽകുന്നതിനുപകരം ഗ്രൂപ്പുകൾക്ക് നൽകണം. ആറായിരം ഏക്കറുള്ള ആറളംഫാം ഓരോ ആദിവാസികുടുംബത്തിനായി വീതിച്ച് സാമ്പത്തികമായി സ്വയംപര്യാപ്തമല്ലാത്ത യൂണിറ്റുകളാക്കുന്നത് ആദിവാസികുടുംബങ്ങൾക്ക് സഹായകരമാകുകയില്ല. ഈ ഭൂമി മുഴുവനുംകൂടി ഒറ്റ യൂണിറ്റായി നിലനിർത്തുകയും, ഒരു ആദിവാസിഗ്രൂപ്പിന് അതിന്റെ പൊതു ഉടമസ്ഥാവകാശം നൽകുകയും വേണം. അവിടെ അവരുടെ സ്വന്തം ആവശ്യത്തിനുള്ള നെല്ലും മലക്കറികളും കൃഷി ചെയ്യുകയും ബാക്കിസ്ഥലത്ത് റബ്ബർ, തേയില, കാപ്പി മുതലായ തോട്ടവിളകൾ കൃഷി ചെയ്യുകയും ചെയ്യാം. അവിടുത്തെ ജോലി ഉടമസ്ഥരായ ആദിവാസികൾതന്നെ ചെയ്യും. ബാക്കി സമയങ്ങളിൽ ചെയ്യാവുന്ന കുടിൽവ്യവസായങ്ങൾ കണ്ടെത്തണം. അതിന് വ്യവസായവകുപ്പുദ്യോഗസ്ഥന്മാർ അവരെ സഹായിക്കണം. കൃഷിവകുപ്പുദ്യോഗസ്ഥന്മാർ ഓഫീസിൽ അടയിരിക്കാതെ ആഴ്ചയിൽ മൂന്നുദിവസമെങ്കിലും ഫീൽഡിൽ പോകണമെന്ന് കൃഷിവകുപ്പുമന്ത്രി ഗൗരിയമ്മ വ്യവസ്ഥചെയ്തു. വ്യവസായവകുപ്പ് ഓഫീസിലിരുന്ന് കോട്ടുവായിടുന്ന ഉദ്യോഗസ്ഥന്മാരെ പ്രയോജനമുള്ള എന്തെങ്കിലുമൊക്കെ ചെയ്യുന്നതിന് ഓഫീസിനുപുറത്ത് നിയോഗിക്കാവുന്നതാണ്. അവർക്ക് ആദിവാസികൾക്കു പറ്റിയ കുടിൽവ്യവസായങ്ങൾ കണ്ടെത്തി അവരെ അതിൽ ശീലിപ്പിക്കുന്നതിനും അവരുണ്ടാക്കുന്ന സാധനങ്ങൾ മാർക്കറ്റിലെത്തിക്കുന്നതിനും കഴിയും. ആളുകൾക്ക് ആവശ്യമുള്ള സാധനങ്ങൾ വിലകുറച്ച് കമ്പോളത്തിലെത്തിക്കാൻ കഴിഞ്ഞാൽ കെട്ടിക്കിടക്കുന്ന പ്രശ്നമുണ്ടാവുകയില്ല. ആദിവാസികുടുംബങ്ങൾക്ക് പലപേരിൽ ഗവൺമെന്റ് നൽകുന്ന സഹായങ്ങൾ ഇങ്ങനെ കൂട്ടായി താമസിച്ച് കൃഷിയും തൊഴിലും ചെയ്യുന്ന ഗ്രൂപ്പുകൾക്ക് പൊതുവായി ചെലവാക്കത്തക്ക സംവിധാനം ഉണ്ടാക്കാവുന്നതാണ്.

ഈ ആദിവാസികേന്ദ്രത്തിൽ ഒരു ചെറിയ ആശുപത്രിയും ഒരു പള്ളിക്കൂടവും വേണം. ഗവൺമെന്റിന് പ്രത്യേക ചെലവുകൂടാതെ റീഡിപ്ലോയ്മെന്റ് വഴി അതിനുള്ള സ്റ്റാഫിനെ കണ്ടെത്തണം.

ആറായിരം ഏക്കറുള്ള ആറളംഫാമിനേക്കാൾ കുറഞ്ഞ വിസ്തീർണ്ണമുള്ള സ്ഥലങ്ങളിലും ഇതൊക്കെ ചെയ്യാം. അവിടെ നെൽകൃഷി ചെയ്യാതെ മുഴുവൻസ്ഥലത്തും തോട്ടം കൃഷിചെയ്യണം. ഒരു ആദിവാസി കുടുംബത്തിന് അഞ്ചേക്കർ ഭൂമി നൽകുന്നത് പ്രായോഗികമല്ലെന്ന് എല്ലാവരും പറയുന്നു. കുടുംബങ്ങളുടെ എണ്ണം വർദ്ധിച്ചുകൊണ്ടുമിരിക്കും. നാണ്യവിളകളാണ് കൃഷി ചെയ്യുന്നതെങ്കിൽ ആ ആദായംകൊണ്ടും കുടിൽവ്യവസായങ്ങളിൽനിന്നുള്ള വരുമാനം കൊണ്ടും എല്ലാവർക്കും കാലയാപനം നടത്താൻ പറ്റും. ചെറിയ ഗ്രാമീണകുടുംബങ്ങളെ സ്വയം പര്യാപ്തമാക്കുന്നതിന് കോഴികളേയും ആടുമാടുകളേയും പശുക്കളേയും സൗജന്യമായും കുറഞ്ഞവിലയ്ക്കും നൽകുന്ന പദ്ധതികൾ ഗവൺമെന്റിനുണ്ട്. ഈ സഹായം ആദിവാസിസെറ്റിൽമെന്റുകൾക്ക് ലഭ്യമാക്കാൻ കഴിയും.

ഓരോ കുടുംബത്തിനും അർഹമായ കോഴി, ആട്, പശു മുതലായവയെ കൂട്ടത്തോടെ വളർത്തുമ്പോൾ അത് ആദായകരമായ ഫാമായിത്തീരും. ആദിവാസികൾക്കും അവരുടെ കുടുംബങ്ങൾക്കും ഇപ്പോൾ ലഭിക്കുന്ന പോഷകാംശം കുറഞ്ഞ ആഹാരത്തിനുപകരം പാലും മുട്ടയും ലഭിക്കും. പന്നികളെ വളർത്തുമെങ്കിൽ അവ പെറ്റുപെരുകി ധാരാളം മാംസവും ലഭ്യമാക്കും.

ആദിവാസികൾ അർദ്ധപട്ടിണിക്കാരായി കഴിയുന്നതിനുപകരം അവരെ തോട്ടം കൃഷിക്കാരാക്കി ഉറച്ച സാമ്പത്തികാടിത്തറ ഉള്ളവരാക്കണം. അവരുടെ കുട്ടികൾക്ക് കൈവാക്കിൽ പ്രാഥമികവിദ്യാഭ്യാസം നടത്താൻ സൗകര്യംവേണം. അതുകഴിഞ്ഞ് ഗവൺമെന്റുചെലവിൽ അവരുടെ ഉപരിവിദ്യാഭ്യാസം നടത്തണം.


ആദിവാസികളുടെ സമഗ്രമായ പുരോഗതി ലക്ഷ്യമാക്കിയുള്ള വ്യക്തവും ദീർഘവീക്ഷണമുള്ളതുമായ പദ്ധതികൾ ഉണ്ടാക്കണം. ആദിവാസികൾക്ക് അവിടവിടെ ഭൂമി നൽകി ജോലി അവസാനിപ്പിക്കുന്ന സമീപനം സ്വീകരിക്കരുത്.

ആദിവാസികൾക്കുവേണ്ടി ശബ്ദമുയർത്തുന്നവരെല്ലാം ഈ വഴിക്ക് ചിന്തിക്കണം.


Advisory Board: V.R. Krishna Iyer
G. Janardhana Kurup, K. Sudhakaran

## വെടിയേറ്റ്, ഒളിവിൽ കഴിയുന്ന ആദിവാസിയുടെ വെളിപ്പെടുത്തൽ

# "പോലീസുകാർ തീ കൂട്ടി എല്ലാ തെളിവും നശിപ്പിച്ചു"



*ഫോട്ടോ: മനോജൻ മേക്കൂട്ടത്തിൽ*

*ഇടതുകാലിന് വെടിയേറ്റ നാരായണൻ അജ്ഞാതകേന്ദ്രത്തിൽ*

'മുത്തങ്ങയിൽ മരിച്ചത് ജോഗി മാത്രമല്ല... മുൻനിരയിൽനിന്നവരിൽ പലരും വെടികൊണ്ട് വീണിട്ടുണ്ട്. അതിൽ അമ്മമാരും കൈക്കുഞ്ഞുങ്ങളുമുണ്ട്. അതിൽ പലരും ആശുപത്രിയിൽ എത്തിയിട്ടില്ല. ജയിലിലുമില്ല. അവരൊക്കെ എവിടെപ്പോയി? അന്നുമുതൽ കാടിനു കാവൽ നിൽക്കുന്ന പോലീസുകാർ മറുപടി പറയാത്തതെന്താ. വെടിപൊട്ടിയ അന്നുരാത്രി വനത്തിനുള്ളിൽ തീക്കുണ്ഡമുണ്ടാക്കിയിരുന്നു. പൊളിച്ച കുടിലിന്റെ ഭാഗങ്ങൾ മുഴുവൻ പോലീസുകാർ വാരിയിട്ട് കത്തിച്ചു. ആ തീക്കൂട്ടത്തിൽ എല്ലാ തെളിവും പോലീസുകാർ നശിപ്പിക്കുകയായിരുന്നു.' ആദിവാസിയായ നാരായണന്റേതാണ് ഈ വെളിപ്പെടുത്തൽ. വെടിവെയ്പ്പിൽ പരിക്കേറ്റ നാരായണൻ വനത്തിലെ മരത്തിൽ രാത്രി മുഴുവൻ ഒളിച്ചുകഴിയുകയായിരുന്നു. 10-ാം ക്ലാസുവരെ പഠിച്ച നാരായണൻ, ഗോത്ര മഹാസഭയുടെ സജീവപ്രവർത്തകനാണ്. കാലിന്റെ തുടയിൽ വെടിയേറ്റ നാരായണൻ, ഗൂഡല്ലൂരിനടുത്ത് ഒരു അജ്ഞാതകേന്ദ്രത്തിൽ ചികിത്സയിൽ കഴിയുകയാണ്. സമരത്തിൽ പങ്കെടുത്തവർക്കെതിരെ ഭീകരമായ പോലീസ് വേട്ട നടന്നുകൊണ്ടിരിക്കെ, നാരായണനുമായി അജ്ഞാതകേന്ദ്രത്തിൽവെച്ച് 'കേരളശബ്ദം' ലേഖകൻ പ്രദീപ് ഉഷസ്സ് നടത്തിയ കൂടിക്കാഴ്ചയിൽനിന്നും.

**കേരളശബ്ദം:** *വെടിയേറ്റിട്ടും നാരായണൻ രക്ഷപ്പെട്ടതെങ്ങനെയാണ്? കാട് നിറയെ പോലീസുകാരായിരുന്നില്ലേ?*

**ഉത്തരം:** പോലീസുകാര് വെടിവെയ്ക്കാൻ തുടങ്ങിയതോടെ ഞങ്ങൾ എല്ലാവരും ചിതറിയോടി. ഓട്ടത്തിനിടയിലാണ് എനിക്ക് വെടി കൊണ്ടത്. തുടയ്ക്ക് വെടികൊണ്ട ഞാൻ വീണുപോയി. കൂടെ ഓടുന്നവർ എന്നെ പിടിച്ചെണീപ്പിച്ചു . എങ്ങനെയൊക്കെയോ കാട്ടിനുള്ളിലേക്ക് മുടന്തി മുടന്തി ഓടി. പിറകെ പോലീസുകാർ ഓടിവരുന്നുണ്ടായിരുന്നു. കാട്ടിലെ പൊന്തയ്ക്കുപിന്നിൽ ഒളിച്ചു ഒളിച്ചു പോയതുകൊണ്ട് അവരെന്നെ കണ്ടില്ല. വെടിയേറ്റ ഇടതുതുടയിൽനിന്ന് ചോര ചീറ്റിയൊഴുകുന്നുണ്ടായിരുന്നു. കാലിന്റെ എല്ലിൽ കല്ല് തട്ടുന്നതുപോലെയായിരുന്നു വേദന. ഉടുത്ത തുണി കീറി ചുറ്റിക്കെട്ടി ഇഴഞ്ഞ് ഒരുവിധം ഉള്ളോട്ടുപോയി. എന്റെ കൂടെ ഓടിയവരെ പലരെയും വളഞ്ഞിട്ട് പോലീസുകാർ തല്ലുന്നുണ്ടായിരുന്നു. തോക്കിന്റെ മൂടുകൊണ്ട് അവരെ ഇടിക്കുന്നത് ഞാൻ കണ്ടു. മുടന്തിയും ഇഴഞ്ഞും ഒരു വലിയ മരത്തിനരികിൽ എത്തി. അതിലെങ്ങനെയാണ് തപ്പിപ്പിടിച്ച് കയറിയതെന്നറിയില്ല. ജീവൻ കിട്ടാനുള്ള കൊതികൊണ്ട് കയറിപ്പോയതാണ്. എന്റെ കാല് ഒടിഞ്ഞുപോയെന്നുതന്നെയാണ് ഞാൻ കരുതിയത്.

**ഈ** കാടിന്റെ ഉള്ളിലേക്ക് കടന്നാൽ അടിപോലും കാണാത്ത കൊല്ലികളുണ്ട്. എല്ലാം തൂത്തുവാരി അതിലിട്ടാൽ ആര് അറിയാനാണ്? ഒരുകാര്യംകൂടിയുണ്ട് ആദിവാസികളിരുന്ന കുടിലിനുനേരെ മാത്രമല്ല അവര് വെടിവെച്ചത്. അന്നുരാത്രി കാട്ടിനകത്ത് പലയിടത്ത് വെടിവെച്ചിട്ടുണ്ട്. പോലീസ്നായ മണം പിടിച്ച് ഓടിയാൽ, കുരച്ചാൽ സംശയമുള്ള ദിക്കിലേക്കൊക്കെ വെടിവെയ്ക്കുകതന്നെയായിരുന്നു. പോലീസ്നായ കാട്ടിലൂടെ ഓടി വല്ലാത്ത ഒച്ചയിൽ കുരയ്ക്കുന്നത് ഇപ്പോഴും എന്റെ ചെവിയിൽ മുഴങ്ങുന്നുണ്ട്.

*? അവിടെ ഇരുന്ന് നാരായണൻ കണ്ടതെന്തൊക്കെയാണ്.*

**ഉ:** നിറയെ ചപ്പുകൊണ്ടുള്ള മരമായതിനാലാണ് പോലീസുകാർക്ക് എന്നെ കാണാൻ കഴിയാതിരുന്നത്. വെടിവെയ്പ്പ് നടന്ന കുടിലിനു കുറച്ച് ദൂരെയാണ് ഞാൻ കയറിയ മരമെങ്കിലും, വലിയ മരമായതിനാൽ കുറേയൊക്കെ എനിക്ക് കാണാൻ കഴിഞ്ഞു. വെടിവെയ്പ്പ് നടന്ന അന്ന് രാത്രി മുഴുവൻ ഞാനാ മരത്തിലിരുന്നു, ആ അവസ്ഥയെപ്പറ്റി എനിക്ക് ഇന്നും ഓർക്കാൻപോലും വയ്യ. മരിച്ചു എന്നുതന്നെ ഉറപ്പിച്ച

# രണ്ട് ആനപ്പുറത്ത് പോലീസുകാർ കയറി കാടൊക്കെ തപ്പുകയായിരുന്നു. പോലീസ് നായ്ക്കൾ മണം പിടിച്ച് ഓടി നടക്കുന്നുണ്ടായിരുന്നു.

തായിരുന്നു. കാല് ഒടിഞ്ഞ് നുറുങ്ങുന്ന വേദന: ബോധം കെട്ടുവീഴുമെന്നുറപ്പിച്ചു. താഴെയെ ഞാനും വീണാൽ പിന്നെ ബാക്കി കാണില്ലെന്നുമറിയാം. ഇപ്പോഴും ഞാൻ ജീവനോടെ ഇരിക്കുന്നതെങ്ങനെ എന്ന് എനിക്ക് അതിശയമാണ്. ഏതുനിമിഷവും പോലീസുകാര് പിടികൂടും എന്നുറപ്പിച്ച് മരത്തിൽ ചുറ്റിപ്പിടിച്ച് ഇരിക്കുകയായിരുന്നു ഞാൻ.

രാത്രി മുഴുവൻ പോലീസുകാര് കാട് അരിച്ചുപെറുക്കുകയായിരുന്നു. രണ്ട് ആനപ്പുറത്ത് പോലീസുകാർ കയറി കാടൊക്കെ തപ്പുകയായിരുന്നു. പോലീസ് നായ്ക്കൾ മണം പിടിച്ച് ഓടി നടക്കുന്നുണ്ടായിരുന്നു. ഇടയ്ക്ക് പൊന്തകളിലേക്ക് നോക്കി നായ്ക്കൾ കുരയ്ക്കാൻ തുടങ്ങും, അപ്പോൾ പോലീസുകാർ ഓടിവന്ന് അവിടേക്ക് വെടിവെയ്ക്കും. പൊളിച്ച കുടിലിന് തീയിട്ടതിനാൽ ആ വെളിച്ചത്തിൽ ഇതൊക്കെ എനിക്ക് കാണാമായിരുന്നു.

***? വെടിവെയ്പ്പിൽ ജോഗി മാത്രമേ മരിച്ചിട്ടുള്ളോ.***


**ഉ:** ഞങ്ങളത് വിശ്വസിക്കുന്നില്ല. പിഞ്ചുകുഞ്ഞുങ്ങളെ അടക്കം കൈയിലെടുത്തവർക്കുനേരെയാണ് വെടിവെച്ചത്. മുന്നിലുണ്ടായിരുന്ന ഒരുപാടുപേർക്ക് വെടിയേറ്റുകാണും, എത്രയോ പേര് അവിടെ വെടികൊണ്ട് വീണത് ഞാൻ കണ്ടതാണ്... അതിൽ എത്ര പേര് മരിച്ചിട്ടുണ്ടാകുമെന്ന് എനിക്ക് പറയാൻ കഴിയില്ല. ഒരാളേ മരിച്ചിട്ടുള്ളുവെങ്കിൽ മറ്റുള്ളവരൊക്കെ എവിടെപ്പോയി? കൊച്ചുകുഞ്ഞുങ്ങളെപ്പോലും കാണാനില്ല. അവരൊന്നും ജേലിലുമില്ല. കുടീലുമില്ല. അവരൊക്കെ എവിടെപ്പോയി?

***? കൂടുതൽപേര് മരിച്ചെങ്കിൽ എന്തെങ്കിലും തെളിവ് ഇത്രയായിട്ടും കിട്ടാതിരിക്കുമോ.***

**ഉ:** തെളിവ് ഉണ്ടാക്കുന്നതും ഇല്ലാതാക്കുന്നതും ആദിവാസികളല്ലല്ലോ. പോലീസുകാർ കുടിലുകളൊക്കെ പാതിരാത്രിയിൽ ആളിക്കത്തിക്കുന്നത് ഞാൻ കണ്ടതാണ്. കുടില് കത്തിയ തീ പടർന്ന് കാട്ടിൽ വരെയെത്തിയിട്ടും ആരുമത് കെടുത്തിയില്ല. ജേസിബീന്റെ ഒച്ച രാത്രിയിൽ നന്നായി ഞാൻ കേട്ടിരുന്നു. എന്നാൽ എനിക്ക് കാണാൻ കഴിഞ്ഞില്ല. അതിന്റെ വല്ലാത്ത ഒച്ച എനിക്ക് ഇപ്പോഴും ഓർമ്മയുണ്ട്.... ഞാനിരിക്കുന്ന മരവും പിഴുതിടാനാണ് അവർ വരുന്നതെന്നുപോലും ഞാൻ പേടിച്ചിരുന്നു.

മുത്തങ്ങക്കാട് മുഴുവൻ പോലീസുകാര് വളഞ്ഞുവച്ചിരിക്കുകയായിരുന്നു. ആ തീയിൽ എന്തൊക്കെ കത്തിതീർന്നെന്ന് ആർക്കറിയാം. വെടികൊണ്ടവരിൽ പലരും ആ തീയിൽ കരിഞ്ഞുപോയെന്നുതന്നെയാ ഞാൻ വിശ്വസിക്കുന്നത്. ഈ കാടിന്റെ ഉള്ളിലേക്ക് കടന്നാൽ അടിപോലും കാണാത്ത കൊല്ലികളുണ്ട്. എല്ലാം തൂത്തുവാരി അതിലിട്ടാൽ ആര് അറിയാനാണ്? ഒരുകാര്യംകൂടിയുണ്ട് ആദിവാസികളിരുന്ന കുടിലിനുനേരെ മാത്രമല്ല അവര് വെടിവെച്ചത്. അന്നുരാത്രി കാട്ടിനകത്ത് പലയിടത്ത് വെടിവെച്ചിട്ടുണ്ട്. പോലീസ്നായ മണം പിടിച്ച് ഓടിയാൽ, കുരച്ചാൽ സംശയമുള്ള ദിക്കിലേക്കൊക്കെ വെടിവെയ്ക്കുകതന്നെയായിരുന്നു.

പോലീസ്നായ കാട്ടിലൂടെ ഓടി വല്ലാത്ത ഒച്ചയിൽ കുരയ്ക്കുന്നത് ഇപ്പോഴും എന്റെ ചെവിയിൽ മുഴങ്ങുന്നുണ്ട്. പാതിരാത്രി കഴിഞ്ഞതോടെ പോലീസുകാർ തീക്കുണ്ഡത്തിനുചുറ്റും വട്ടമിട്ടിരുന്ന് കൈമുട്ടി പാടാനും ആർപ്പ് വിളിക്കാനുമൊക്കെ തുടങ്ങി. ഞങ്ങളുടെ കുടിലുകളിൽനിന്നുമെടുത്ത കലങ്ങളും ചട്ടികളുമൊ



*നാരായണൻ സംഭവങ്ങൾ 'കേരളശബ്ദം' ലേഖകൻ പ്രദീപ് ഉഷസ്സിനോട് വിവരിക്കുന്നു*

**പാതിരാത്രി കഴിഞ്ഞതോടെ പോലീസുകാർ തീക്കുണ്ഡത്തിനുചുറ്റും വട്ടമിട്ടിരുന്ന് കൈമുട്ടി പാടാനും ആർപ്പ് വിളിക്കാനുമൊക്കെ തുടങ്ങി. ഞങ്ങളുടെ കുടിലുകളിൽനിന്നുമെടുത്ത കലങ്ങളും ചട്ടികളുമൊക്കെ നിരത്തിവെച്ച് അതിൽ അടിച്ചുകൊണ്ടായിരുന്നു പോലീസുകാരുടെ ആട്ടുംപാട്ടുമൊക്കെ.**

ക്കെ നിരത്തിവെച്ച് അതിൽ അടിച്ചുകൊണ്ടായിരുന്നു പോലീസുകാരുടെ ആട്ടുംപാട്ടുമൊക്കെ.

***? കാട്ടിൽനിന്നും രക്ഷപ്പെട്ടതെങ്ങനെയാണ്.***

**ഉ:** (ചിരിക്കുന്നു) ഞാൻ പറഞ്ഞില്ലേ, രക്ഷപ്പെട്ടതെങ്ങനെയെന്ന് എനിക്കുപോലും അറിയില്ല. പിറ്റേദിവസം ഉച്ചയായപ്പോഴേയ്ക്ക് പോലീസ്നായയൊക്കെ അവിടെനിന്നുമാറി. കുറേ പോലീസുകാരും പോയി. എന്റെ കാല് അനക്കാൻപോലുമാകാത്ത സ്ഥിതിയിലാണെങ്കിലും ഇപ്പോൾ ഇറങ്ങിയില്ലെങ്കിൽ ഇനി രക്ഷപ്പെടാൻ ആവില്ലെന്ന് എനിക്കുതോന്നി. അങ്ങനെയാണ് ഞാൻ മരമിറങ്ങി, പൊന്തയ്ക്കുള്ളിലൂടെ പതുക്കെ പതുക്കെ ഇരുന്നും, നടന്നുമൊക്കെ കുറേ ഉള്ളോട്ടുപോയത്. കാടി നകത്തൊക്കെ എനിക്ക് നല്ല ബാലൻസാണ്. അതുകൊണ്ട് ആരും കാണാതെ ഒരു പണിയകോളനിയിൽ എത്തി. അപ്പോൾ നല്ല രാത്രിയായിരുന്നു. അവിടെയുള്ളവരാണ് എന്നെ രക്ഷിച്ചത്. അവിടെ എത്തിയപ്പോഴേക്ക് എനിക്ക് ബോധം പോകുന്ന സ്ഥിതിയായിരുന്നു. അവര് കുറെ വെള്ളം തെളപ്പിച്ചുതന്നു. ഇലകളൊക്കെ അരച്ചുവെച്ച് കെട്ടി. കോളനിക്കാര് അറിയിച്ചതുകൊണ്ടാണ് കുറച്ചുപേരുവന്ന് എന്നെ ഇവിടെ എത്തിച്ചത്. ഇവിടുന്ന് ഉണ്ട ഒക്കെ എടുത്തുകളഞ്ഞു. കാലിൽ ഒരു കുഴിപോലെയായിരുന്നു. അതിപ്പോൾ നൂർന്നുവരുന്നുണ്ട്.

***? ഇതുപോലെ മറ്റാരെയെങ്കിലും ചികിത്സിക്കുന്നുണ്ടോ.***

**ഉ:** അതെനിക്കറിയില്ല.

***? ജാനുവും ഗീതാനന്ദനും സായുധ വിപ്ലവം നടത്തുകയായിരുന്നുവെന്നും, ഈ വിവരം നിങ്ങളെ അറിയിക്കാതെ പറ്റിക്കുകയായിരുന്നുവെന്നും ഇപ്പോൾ പ്രചരണം നടക്കുന്നുണ്ടല്ലോ.***

**ഉ:** അത് പൂർണ്ണമായും തെറ്റാണ്. ഇതുവരെ എല്ലാ നേതാക്കളും ആദിവാസീനെ പറ്റിക്കുകയല്ലായിരുന്നോ. ഇപ്പോൾ ആദിവാസിയുടെ പേരുംപറഞ്ഞ് എത്ര പേരാണ് വരുന്നത്. ഇവരൊക്കെ ആദിവാസിയുടെ പേരിൽ കാശ് ഉണ്ടാക്കിയവരാ. ഞങ്ങൾ പട്ടിണിപ്പാവങ്ങൾ ഇന്നും പട്ടിണിപ്പാവങ്ങൾതന്നെ. ഞങ്ങൾ അക്രമം കാട്ടാനൊന്നുമല്ല മുത്തങ്ങയിൽ കുടിൽ കെട്ടിയത്. ഞങ്ങൾക്ക് ഭൂമി തരാമെന്ന് വിശ്വസിപ്പിച്ച് ഉറപ്പുതന്നത് മുഖ്യമന്ത്രിയും മന്ത്രി സുധാകരനുമൊക്കെയല്ലേ. അവര് ഞങ്ങളെ വഞ്ചിച്ചതുകൊണ്ടാണ് ഞങ്ങളിവിടെ ഭൂമി കയ്യേറി കുടില് കെട്ടിയത്. ഞങ്ങൾ കാട് കൊള്ളയടിച്ചിട്ടില്ല. ഞങ്ങള് കാടിനെ സ്നേഹിക്കുന്നവരാ, കാട്ടുമൃഗങ്ങളേയും സ്നേഹിക്കുന്നവരാ, അത്



*പോലീസ് കസ്റ്റഡിയിൽ വിട്ടുകൊടുത്ത സി.കെ. ജാനുവിനെ സുൽത്താൽബത്തേരി കോടതിയിൽനിന്ന് കൊണ്ടുപോകുന്നു*

**ഭാര്യ പൂർണ്ണഗർഭിണിയാണ്. മരുന്നു വാങ്ങിക്കൊടുക്കാനോ, ഒരു നേരം നല്ല ഭക്ഷണം കൊടുക്കാനോ കഴിയുന്നില്ല. എന്തിനാ ഇങ്ങനെ ജീവിക്കുന്നത്. അർഹതപ്പെട്ടതല്ലേ ഞങ്ങൾ ചോദിക്കുന്നുള്ളു. അതിൽ ചത്താലും ഇനി പേടിയില്ല. അന്ന് കാട്ടിൽ നിന്നും പേടിച്ചോടിയത് ശരിതന്നെയാണ്. ഞങ്ങൾക്കുവേണ്ടി എത്രപേർ മരിച്ചുകാണും? എത്രപേർക്ക് മർദ്ദനമേറ്റു... ഇനിയൊരുസമരമുണ്ടായാൽ, മരിച്ചാലും വേണ്ടില്ല മുന്നിൽതന്നെ ഞാനുണ്ടാകും.**

മൃഗങ്ങൾക്കുമറിയാം. മുത്തങ്ങയിൽ ഇത്രകാലം പാർത്തിട്ടും ഒരു കാട്ടുമൃഗംപോലും ഞങ്ങളെ ആക്രമിച്ചിട്ടില്ല. ഞങ്ങളെ മുന്നിൽനിർത്തി കാട് കൊള്ളയടിക്കുന്നവരാ ഈ വിധമൊക്കെ പ്രചരിപ്പിക്കുന്നത്. ഗീതാനന്ദൻമാഷും, ജാനുവേടത്തിയുമൊക്കെ ഞങ്ങൾക്കിടയിൽവന്ന് എന്തെങ്കിലുമൊക്കെ പറഞ്ഞുതരാൻ തുടങ്ങിയപ്പോഴാ ഞങ്ങളും മനുഷ്യരാണെന്ന തോന്നൽപോലും ആദിവാസികൾക്കുണ്ടായത്. അവരെയും പോലീസ് പിടിച്ച് അടിച്ചുകൊല്ലാൻ നോക്കിയെന്നാ പറയുന്നതുകേട്ടത്. വാഗ്ദാനം നൽകി പറ്റിച്ച സർക്കാർതന്നെയാണ് വെടിവെച്ചുകൊന്ന് ഞങ്ങളുടെ ശല്യം തീർക്കാൻ ശ്രമിക്കുന്നത്.

*? ആദിവാസികൾക്കായി നീക്കിവെച്ച പല തോട്ടങ്ങളും ഇന്ന് വയനാട്ടിലുണ്ട്. അവയൊന്നും ആദിവാസിക്ക് ലഭ്യമായിട്ടുമില്ല. അതൊന്നും കയ്യേറാതെ, മുത്തങ്ങപോലുള്ള വന്യജീവി സങ്കേതത്തിൽ കുടിൽകെട്ടാൻ കാരണമെന്താണ്.*


**ഉ:** മുത്തങ്ങയിൽ സ്ഥിരതാമസമാക്കാൻ ഞങ്ങൾ ലക്ഷ്യമിട്ടിരുന്നില്ല. കേന്ദ്രസർക്കാരിന്റെ അധീനതയിലുള്ള ഭൂമിയായതിനാൽ വേഗം ചർച്ചകൾ നടക്കുമെന്നും, ഞങ്ങൾക്ക് നൽകാമെന്നേറ്റ ഭൂമി ലഭിക്കുമെന്നുമായിരുന്നു ഞങ്ങൾ കണക്കുകൂട്ടിയിരുന്നത്. മനുഷ്യനെക്കാൾ മൃഗങ്ങളെ സ്നേഹിക്കുന്നവരാണ് സർക്കാർ എന്ന് ഇപ്പോൾ മനസ്സിലായി. ഒരുകാര്യംകൂടിയുണ്ട്. മുത്തങ്ങയിൽ വനഭൂമി കയ്യേറി നശിപ്പിച്ചു എന്നുപറയുന്നവർ ഞങ്ങൾ കുടിലുകൾ കെട്ടിയ സ്ഥലം ഒന്നു വന്നുനോക്കണം. വനമന്ത്രി പറഞ്ഞത്, ഹിമാലയത്തിന്റെ താഴ്വരയിൽ കാണുന്ന അപൂർവ്വ ചെടികൾവരെ ആദിവാസികൾ ഇവിടെ നശിപ്പിച്ചു എന്നാണ്. വനംവകുപ്പുകാർ കാട് വെട്ടിത്തെളിച്ച് യൂക്കാലി നട്ട സ്ഥലത്തുമാത്രമാണ് ഞങ്ങൾ കുടിൽ കെട്ടിയത്. ഇത്ര വിലപിടിച്ച വനഭൂമിയാണെങ്കിൽ ഇവിടം വെട്ടിത്തെളിച്ച് യൂക്കാലി നട്ടവരും, അത് വിറ്റ് പണമുണ്ടാക്കിയവരുമല്ലേ ആദ്യത്തെ കുറ്റക്കാർ? അതുകഴിഞ്ഞല്ലേ യൂക്കാലി കുറ്റിക്കുള്ളിൽ, ചുള്ളിപ്പരുത്തിയും ഈച്ചമാനിപ്പുല്ലും വെട്ടി കുടിൽ കെട്ടിയവർ കുറ്റക്കാരാവൂ...

*? മുത്തങ്ങയിൽ കുടിൽകെട്ടാൻ നാരായണനെ പ്രേരിപ്പിച്ചതെന്തൊക്കെയാണ്.*

**ഉ:** ആദിവാസിക്ക് ജീവിക്കണ്ടേ...പത്തുസെന്റിൽ 15 കുടിലാ ഓരോ കോളനിയിലും. ഓരോരുത്തരും വലുതായി കുടുംബവുമാകുമ്പോൾ എങ്ങോട്ടുപോകും? റോഡിൽ കിടക്കുമോ, കാട്ടിൽ കിടക്കുമോ? സഹോദരങ്ങൾ പോലും തമ്മിൽ വെട്ടും കുത്തും നടത്തുന്ന സ്ഥിതിയാ. ഒപ്പം പട്ടിണിയും. സ്വന്തമായി ഒരുപിടി മണ്ണ് വളച്ചെടുക്കുന്നത് അത്ര പാപമാണോ? വയനാട്ടിലെ ഇന്നത്തെ പ്രമാണിമാരൊക്കെ പണ്ട് വന്ന് വളച്ചെടുത്തതല്ലേ ഈ കാണുന്ന സ്വത്തൊക്കെ. ഞങ്ങൾക്കതൊന്നും വേണ്ട. സ്വന്തമായി ഒരു വീടുകെട്ടാൻ, ഇത്തിരി കൃഷിചെയ്ത് ജീവിക്കാനുള്ള മണ്ണ്, അതുമാത്രം മതി... ഞങ്ങളും മനുഷ്യരല്ലേ. ഒരുപിടി മണ്ണിന് ഞങ്ങൾക്കും അവകാശമില്ലേ.

*? നാട്ടുകാരൊക്കെ ആദിവാസികൾക്കെതിരാണെന്നാണല്ലോ പറയുന്നത്.*

**ഉ:** ഞങ്ങൾക്കെതിരെ ഒരുപാടുപേരുണ്ട്. എന്നാൽ ഞങ്ങളെ സഹായിക്കുന്നവരും ഒരുപാടുപേരുണ്ട്. അതുകൊണ്ടല്ലേ ഞങ്ങളൊക്കെ ഇപ്പോഴും ജീവിക്കുന്നത്. കോളനികളിൽ കയറി ഞങ്ങളെ ഭീകരവാദികളായി പിടിച്ചുകൊടുക്കാൻ കുറേപ്പേർ തയ്യാറായി നടക്കുന്നുണ്ട്. ഞങ്ങൾക്ക് സ്വന്തമായി മണ്ണ് കിട്ടിയാൽ ചില്ലറക്കൂലിക്ക് പണിചെയ്യാൻ ആളെ കിട്ടില്ലെന്ന് അവർക്കറിയാം. കാട്ടുമരം വെട്ടാനും കൊള്ളയടിക്കാനും നിസ്സാരകൂലിക്ക് ആദിവാസികളെ കിട്ടില്ലെന്ന് അവർക്കറിയാം. ആദിവാസികൾ കാട്ടിൽ താമസമാക്കിയാൽ അവർക്ക് കാട് കൊള്ളയടിക്കാനും കഴിയാതെ വരും. അതുകൊണ്ടാണ് അവർ ആദിവാസിക്കെതിരെ പോലീസുകാരുടെകൂടെ ചേർന്ന് ഞങ്ങളെ വേട്ടയാടുന്നത്. ഇവിടെയും ഞങ്ങൾ പേടിച്ചാണ് കഴിയുന്നത്.



*നാരായണൻ ഒരു ആദിവാസിവൃദ്ധനുമൊത്ത്*


*? കാല് ഭേദമായാൽ നാരായണൻ ഇനിയും സമരത്തിനുപോകുമോ.*

**ഉ:** പോകും. അതിൽ ഒരു സംശയവുമില്ല. ഇങ്ങനെ ജീവിക്കുന്നതിലും നല്ലത് മരണമാണ്. ഒരു കഷണം തുണിപോലും ഇപ്പോൾ സ്വന്തമായില്ല. എല്ലാം മുത്തങ്ങയിലിട്ടിട്ടാ പോന്നേ. എല്ലാ സമ്പാദ്യവും പോയി. ഭാര്യ പൂർണ്ണഗർഭിണിയാണ്. മരുന്നു വാങ്ങിക്കൊടുക്കാനോ, ഒരു നേരം നല്ല ഭക്ഷണം കൊടുക്കാനോ കഴിയുന്നില്ല. എന്തിനാ ഇങ്ങനെ ജീവിക്കുന്നത്. അർഹതപ്പെട്ടതല്ലേ ഞങ്ങൾ ചോദിക്കുന്നുള്ളു. അതിൽ ചത്താലും ഇനി പേടിയില്ല. അന്ന് കാട്ടിൽ നിന്നും പേടിച്ചോടിയത് ശരിതന്നെയാണ്. ഞങ്ങൾക്കുവേണ്ടി എത്രപേർ മരിച്ചുകാണും? എത്രപേർക്ക് മർദ്ദനമേറ്റു... ഇനിയൊരുസമരമുണ്ടായാൽ, മരിച്ചാലും വേണ്ടില്ല മുന്നിൽതന്നെ ഞാനുണ്ടാകും. ●

ചെറുകര സണ്ണീലൂക്കോസ്

# ആദിവാസിപീഡനം: ഭരണകൂടഭീകരതയുടെ യഥാർത്ഥമുഖം

**ആദിവാസിവിരുദ്ധമായ ഭരണകൂടനയങ്ങൾകൊണ്ട് വംശീയമായി ഇല്ലാതായിക്കൊണ്ടിരിക്കുന്ന ഒരു ന്യൂനപക്ഷ സമൂഹത്തിനെതിരെ ജനാധിപത്യവിരുദ്ധവും മനുഷ്യത്വരഹിതവുമായ അടിച്ചമർത്തലുകളാണ് മലബാറിൽ നടന്നത്. മണ്ണിൽ ജീവിക്കാനുള്ള അവകാശത്തിനുവേണ്ടി ഭൂമിയുടെ യഥാർത്ഥ ഉടമകൾ നടത്തിയ സമരത്തിനെതിരെ ഭരണാധികാരികളുടെയും വ്യവസ്ഥാപിത രാഷ്ട്രീയകക്ഷികളുടെയും ഭാഗത്തുനിന്നുണ്ടാകുന്ന വിമർശനങ്ങളുടെ യാഥാർത്ഥ്യം എന്ത്? ഒരന്വേഷണം.**



*തങ്ങളോടൊപ്പം കോൽ കളിക്കുന്ന ഒരു മുഖ്യമന്ത്രിയുടെ ആനന്ദം കണ്ട് മനംകുളിർക്കെ ചിരിക്കുന്ന ആദിവാസികൾ. ഇതേ മുഖ്യമന്ത്രി തങ്ങളുടെ നിഷ്ക്കളങ്കതയിലേക്ക് വെടിവയ്ക്കാൻ പോലീസിനെ അയയ്ക്കും എന്ന് പ്രതീക്ഷിക്കാൻ അവർ 'പരിഷ്കൃതർ' അല്ലല്ലോ...? (2002 ജനുവരി 1 ന് മറയൂരിൽ ആദിവാസികൾക്ക് പട്ടയം നൽകിയപ്പോൾ)*

**ബ**ത്തേരിയിലെ ഒരു പ്രധാന ഭൂഉടമയായ അയ്മുഹാജിയുടെ മകൻ അബൂബക്കർ രണ്ടാംവിവാഹം ചെയ്തതിന്റെപേരിൽ ബാപ്പയുമായി തെറ്റിപ്പിരിഞ്ഞ് രണ്ട് ഭാര്യമാരും എട്ടു മക്കളുമൊന്നിച്ച് വെള്ളിമാടുകുന്നിലെ 'പണിയ' ആദിവാസികൾക്കിടയിൽ ഒരു വീടുണ്ടാക്കി താമസിക്കുകയായിരുന്നു. പണിയൻ കുറുമ്പന്റെ കയ്യിൽനിന്നാണ് ഇതിനായി അബൂബക്കർ 15 സെന്റ് സ്ഥലം വാങ്ങിയത്.

1982 ലെ വർഷാരംഭം. അബൂബക്കർക്ക് തന്റെ വീടിനുചുറ്റും വെറും അധഃസ്ഥിതരായ പണിയർ താമസിക്കുന്നതിൽ അപകർഷതാബോധം കലശലായി. കണികാണാൻ കൊള്ളാത്ത പണിയരെ വെള്ളിമാടുകുന്നിൽനിന്ന് തുരത്തിയാലേ തന്റെ കുടുംബത്തിന് സുഖസൗകര്യമായി ജീവിക്കാനാവൂ എന്നുറച്ച് അയൽവാസികളായ പണിയരോട് സ്ഥലം തനിക്കുതന്നു സ്ഥലം വിട്ടുപൊയ്ക്കൊള്ളാൻ ആജ്ഞാപിച്ചു. പക്ഷേ കുറുമ്പൻ തന്റെ കിടപ്പാടം വിട്ടുകൊടുക്കാൻ ഒരുക്കമായിരുന്നില്ല. പറമ്പിൽ കിളച്ചതിനു അബൂബക്കർ കൂലി നിഷേധിച്ചപ്പോൾ നാട്ടിൽ പതിവില്ലാത്തവിധം കുറുമ്പൻ കൂലിക്കവകാശം ഉന്നയിച്ചു. ഈ 'ധിക്കാരം' അബൂബക്കറിന് ക്ഷമിക്കാനായില്ല.

അന്നുരാത്രി കഞ്ഞിയുണ്ടാക്കാൻ അൽപ്പം അരിയുമായി കുടിലിലേക്ക് മടങ്ങിവരികയായിരുന്ന പണിയൻകുറുമ്പനെ അബൂബക്കർ കള്ളത്തോക്കുകൊണ്ട് വെടിവച്ച് കൊന്നിട്ടു. വെടിശബ്ദം കേട്ട് ഭയന്നോടിയെത്തിയ മാതാവ് വെള്ളച്ചിയേയും ഭാര്യ കെമ്പിയേയും കുട്ടിയേയും ഒക്കത്തിരുന്നു മുല കുടിക്കുകയായിരുന്ന കൈക്കുഞ്ഞിനേയും തോക്കുകൊണ്ട് അടിച്ചും കത്തികൊണ്ട് കുത്തിയും അതേ സ്ഥലത്തുതന്നെ കൊന്നിട്ടു. 1982 ജനുവരി 4 ന് വെള്ളിമാടുകുന്നിൽ കൈക്കുഞ്ഞ് ഉൾപ്പെടെ 5 പേർ അങ്ങനെ കൂട്ടമായി കൊലചെയ്യപ്പെട്ടു.

രണ്ട് പതിറ്റാണ്ട് കഴിയുമ്പോഴും ആദിവാസിയുടെ അനുഭവത്തിന് യാതൊരു മാറ്റവുമില്ല. കഥയ്ക്കും കഥാപാത്രങ്ങൾക്കും നാമംകൊണ്ട് വ്യത്യാസം ഉണ്ട് എന്നുമാത്രം. അന്ന് തന്റെ അവകാശം സംരക്ഷിക്കാൻ ശ്രമിച്ച, പിറന്ന മണ്ണിൽ ജീവിക്കാൻ ശ്രമിച്ച പണിയൻകുറുമ്പനെ ധിക്കാരിയെന്ന് മുദ്രകുത്തിയാണ് കൊല ചെയ്തത്. ഇരുപത് വർഷത്തിനുശേഷവും ഇതേ ആവശ്യവുമായി സമരം ചെയ്ത ജാനുവിനെയും കൂട്ടരെയും മർദ്ദിച്ചൊതുക്കാൻ, കൂട്ടക്കൊല ചെയ്യാൻ ഭരണകൂടം കണ്ട ന്യായവും അവർ നക്സലൈറ്റുകളാണ്, സായുധ വിപ്ലവകാരികളാണ്, എൽ.ടി.ടി.ഇ-പി.ഡബ്ല്യു.ജി സംഘടനകളുടെ പിന്തുണ ലഭിക്കുന്നവരാണ് എന്നൊക്കെയാണ്. കുറുമ്പനെയും കുടുംബത്തെയും കൂട്ടക്കൊല ചെയ്ത അബൂബക്കറുടെ വേഷം എടുത്തണിയാൻ ഇന്ന് ഭരണകൂടത്തിന്റെയാളുകൾ മത്സരിക്കുകയാണ്. കാടുഭരിക്കുന്ന മന്ത്രിയും സംസ്ഥാനത്തെ കോൺഗ്രസിന്റെ സാരഥിയും ഡി.ജി.പിയുമെല്ലാം മുഖ്യമന്ത്രിയുടെ തലയിൽ കയറിനിന്ന് ആദിവാസികളെ കൂട്ടക്കൊല ചെയ്തതിന്റെ വീരപട്ടം നേടാൻ ശ്രമിക്കുന്നു. പക്ഷേ ആന്റണി മുതൽ കെ.ജെ. ജോസഫുവരെയുള്ളവർ അബൂബക്കറുടെ പിൽക്കാല അനുഭവംകൂടിയറിഞ്ഞിരിക്കുന്നത് നല്ലതാണ്. 1986 ൽ കൽപ്പറ്റ കോടതി അബൂബക്കറെ തൂക്കിക്കൊല്ലാൻ വിധിച്ചെങ്കിലും അപ്പീലിലൂടെ അയാൾ രക്ഷപ്പെട്ടു. പക്ഷേ നിയമവും നീതിയും പരാജയപ്പെട്ടിട്ടും ആ കൊലപാതകിക്ക് സ്വന്തം മനഃസാക്ഷി മാപ്പു നൽകിയില്ല. അബൂബക്കർ

**വോട്ടുപെട്ടിയിലൂടെ രാഷ്ട്രീയാധികാരവും രാഷ്ട്രീയാധികാരത്തിലൂടെ ഏതാനും ചിലർക്ക് സാമ്പത്തിക ലാഭവുംമാത്രം ലക്ഷ്യമാക്കിയ നമ്മുടെ നാട്ടിലെ രാഷ്ട്രീയപ്പാർട്ടികളൊന്നുംതന്നെ, ഈ അടുത്ത കാലത്തൊന്നും വിലപേശാൻ കഴിവും, ഒരു രാഷ്ട്രീയശക്തിയായി വളരുവാനുള്ള സാദ്ധ്യതയുമില്ലാത്ത, ചൂഷണത്തിന്റെ ബലിമൃഗങ്ങളായ ഈ ആദിവാസികളുടെ മരണപ്പിടച്ചിൽ കണ്ടില്ല. അഥവാ കണ്ടതായി നടിച്ചില്ല.' അതേ കുടിയേറ്റക്കാരും, വ്യവസ്ഥാപിത രാഷ്ട്രീയത്തിന്റെ പിന്തുണക്കാരും മുത്തങ്ങായിൽ പോലീസിനോടൊപ്പം ചേർന്ന് ഏതാനും ദിവസം ഈ പട്ടിണിപേക്കോലങ്ങളെ അക്ഷരാർത്ഥത്തിൽ മൃഗീയമായി വേട്ടയാടുകയായിരുന്നു.**

പിന്നീട് ഏറെക്കാലം മനോരോഗിയായി ഭ്രാന്താശുപത്രിയിൽ തളയ്ക്കപ്പെട്ടു. പൊതുസമൂഹത്തിലെ മദ്ധ്യ-ഉപരിവർഗ്ഗങ്ങളുടെ പിന്തുണയിൽ മുത്തങ്ങയുടെ പേരിൽ ഇപ്പോഴുണ്ടായിട്ടുള്ള എതിർപ്പുകളെ അതിജീവിക്കാനായാ ലും മുത്തങ്ങയിലെ നരഹത്യയ്ക്ക് ഉത്തരവാദികളായ ഭരണാധികാരികളിലൊരാൾക്കും മനഃസാക്ഷി മാപ്പുനൽകും എന്നു കരുതേണ്ടതില്ല.

മുത്തങ്ങയിൽ ഭൂസമരം നടത്തിയ ജാനുവിനും കൂട്ടർക്കും ജനപിന്തുണയില്ലെന്ന് സ്ഥാപിക്കാൻ മു ഖ്യമന്ത്രിയും വനംമന്ത്രിയും സമരക്കാരെ തുരത്താനും പോലീസിനു പിടിച്ചുകൊടുക്കാനും ആദിവാസികളെ മർദ്ദിക്കാനും പോലീസിനു കൂട്ടുനിന്ന നാട്ടുകാരെയും വ്യവസ്ഥാപിത പാർട്ടികളുടെ പ്രവർത്തകരെയുമാണ് പലവട്ടം കൂട്ടുപിടിച്ചത്. ആരാണ് ഈ നാട്ടുകാർ? ആരാണ് ആദിവാസികളെ വേട്ടയാടാൻ മുറവിളി കൂട്ടിയ സർക്കാർവിലാസം പ്രകൃതിസ്നേഹികൾ? '1970 ലെ കുപ്പാടിസമരം എന്ത്, എന്തിന്?' എന്ന ശീർഷകത്തിൽ ആദിവാസി സ്വയം സേവക്സംഘം പ്രസിദ്ധീകരിച്ച നോട്ടീസ് അന്നും ഇന്നും മേൽപ്പറഞ്ഞ ചോദ്യങ്ങൾക്കുള്ള ഉത്തരമാണ്.

ബത്തേരി സെന്റ് മേരീസ് കോളേജിന് 1960 കളിൽ 25 ഏക്കർ സ്ഥലം സർക്കാർ അനുവദിച്ചു. എന്നാൽ കോളേജ് കമ്മിറ്റിക്കാർ 1963 ജനുവരിയിൽ ആദിവാസികളുടെ 25 ഏക്കറോളം ഭൂമി കയ്യേറി. ആദിവാസികൾ സമരം ചെയ്തപ്പോൾ ഒന്നര ഏക്കർ മാത്രമാണ് വിട്ടുകൊടുത്തത്. പകരം 18 ഏക്കർ വാഗ്ദാനം ചെയ്തെങ്കിലും വാഗ്ദാനം ഒരിക്കലും പാലിക്കപ്പെട്ടിട്ടില്ല. ഇതിനെതിരെ 1970 ലെ റിപ്പബ്ലിക് ദിനത്തിൽ കുപ്പാടികുന്നിലേക്ക് ആദിവാസികൾ മാർച്ചുചെയ്തു. പോലീസ് നടത്തിയ ലാത്തിച്ചാർജ്ജിൽ 30 പേർക്ക് പരിക്കുപറ്റി. 7 സ്ത്രീകളടക്കം 136 പേർ അറസ്റ്റു ചെയ്യപ്പെട്ടു.

അന്ന് ആദിവാസി സ്വയം സേവക്സംഘം പ്രസിദ്ധീകരിച്ച നോട്ടീസ് ഇന്നാണ് കൂടുതൽ പ്രസക്തമാകുന്നത്. മുത്തങ്ങയിൽ ആദിവാസികൾ നടത്തിയ ജീവിതസമരത്തെ മനസ്സിലാക്കാൻ കഴിയാത്ത കേരളീയ പൊതുസമൂഹത്തിലെ മധ്യവർഗ്ഗത്തിന്റെ മനഃസാക്ഷിയുടെ മുന്നിലേക്ക് അന്നത്തെ നോട്ടീസിലെ ഒരു ഭാഗം ഉദ്ധരിക്കാം: 'വയനാട്ടിലെ ആദിവാസികൾ അടിമകളായിരുന്നു. അടിച്ചമർത്തപ്പെട്ടവരായിരുന്നു. ജന്മിമാർ, പ്രാദേശിക ജനമർദ്ദകർ, കൊള്ളലാഭക്കാരായ പണമിടപാടുകാർ, ദുഷിച്ച തമ്പുരാക്കന്മാർ, കള്ളരേഖക്കാർ, പിന്തിരിപ്പന്മാരായ നാട്ടുപ്രമാണിമാർ, കൈക്കൂലിപ്പണ്ടാരങ്ങളായ സർക്കാരുദ്യോഗസ്ഥന്മാർ, സാധുജനമർദ്ദനത്തിന്റെ ഉപകരണമായ പോലീസ് എന്നീ ക്ഷുദ്രശക്തികളെല്ലാം ഒറ്റയ്ക്കൊറ്റയ്ക്കും കൂട്ടായും ഈ മണ്ണിന്റെ മക്കളെ ദശാബ്ദങ്ങളായി വേട്ടയാടുകയായിരുന്നു. പള്ളിയുടെയും പട്ട



*ഫോട്ടോ: ഗഫൂർ ബത്തേരി* *വെടിവയ്പ് നടന്ന മുത്തങ്ങ വനഭൂമി അരുന്ധതീറോയിയും മനുഷ്യാവകാശ പ്രവർത്തകരും സന്ദർശിച്ചപ്പോൾ*

ക്കാരുടെയും ആത്മീയനേതൃത്വത്തോടുകൂടിയും അമേരിക്കൻ പാൽപ്പൊടിയുടെയും ഗോതമ്പുനുറുക്കിന്റെയും വേഷമണിഞ്ഞെത്തിയ ഡോളർസാമ്രാജ്യത്വത്തിന്റെ പിൻബലത്തോടുകൂടിയും ഭൂമിവെട്ടിപ്പിടിത്തത്തിന്റെ കാടൻതത്വശാസ്ത്രവുമായി തള്ളിക്കയറിവന്ന കുടിയേറ്റക്കാരുടെ പ്രവാഹം, ഈ പ്രാകൃതജനവിഭാഗത്തിനു നേരെ ഇടക്കാലത്തായി ഉയർന്നുവന്ന ഏറ്റവും പുതിയ വെല്ലുവിളിയും ഭീഷണിയുമത്രെ.

വോട്ടുപെട്ടിയിലൂടെ രാഷ്ട്രീയാധികാരവും രാഷ്ട്രീയാധികാരത്തിലൂടെ ഏതാനും ചിലർക്ക് സാമ്പത്തിക ലാഭവുംമാത്രം ലക്ഷ്യമാക്കിയ നമ്മുടെ നാട്ടിലെ രാഷ്ട്രീയപ്പാർട്ടികളൊന്നുംതന്നെ, ഈ അടുത്തകാലത്തൊന്നും വിലപേശാൻ കഴിവും, ഒരു രാഷ്ട്രീയശക്തിയായി വളരുവാനുള്ള സാദ്ധ്യതയുമില്ലാത്ത, ചൂഷണത്തിന്റെ ബലിമൃഗങ്ങളായ ഈ ആദിവാസികളുടെ മരണപ്പിടച്ചിൽ കണ്ടില്ല. അഥവാ കണ്ടതായി നടിച്ചില്ല.' അതേ കുടിയേറ്റക്കാരും, വ്യവസ്ഥാപിത രാഷ്ട്രീയത്തിന്റെ പിന്തുണക്കാരും മുത്തങ്ങായിൽ പോലീസിനോടൊപ്പം ചേർന്ന് ഏതാനും ദിവസം ഈ പട്ടിണിപേക്കോലങ്ങളെ അക്ഷരാർത്ഥത്തിൽ മൃഗീയമായി വേട്ടയാടുകയായിരുന്നു.

പൊള്ളുന്ന ഈ സത്യം വായിക്കുമ്പോൾ നെറ്റി ചുളിക്കുന്ന മധ്യവർഗ്ഗം മനസ്സിലാക്കേണ്ടത് സത്യവും നീതിയും കണ്ടെത്താനുള്ള കണ്ണ് പലപ്പോഴും ഒരു ന്യൂനപക്ഷത്തിനേ ഉണ്ടാകാറുള്ളൂ എന്നതാണ്. യേശുക്രിസ്തുവിനെ കുരിശിലേറ്റണമെന്ന് വിധിയുണ്ടായത് ഭൂരിപക്ഷം ആളുകൾ അദ്ദേഹത്തിന്റെ രക്തത്തിനുവേണ്ടി മുറവിളി കൂട്ടിയതിനാലാണ്. ത ങ്ങളും ഇതാവർത്തിക്കുകയാണെന്ന് ഇന്ന് ജാ നുവിനെ ക്രൂശിക്കുവാൻ മുറവിളി കൂട്ടുന്നവർ എന്നാണാവോ മനസ്സിലാക്കുക?

'കണ്ണുനീരുണ്ടെങ്കിൽ അത് ഇപ്പോൾ പൊഴിക്കൂ-' എന്ന് മാർക്ക് ആന്റണി റോമൻ ജനതയോടു പറഞ്ഞെങ്കിൽ, കേരളജനത ഒരാഴ്ച്ചക്കാലം കണ്ണീരു പൊഴിച്ചത് എ.കെ. ആന്റണിയുടെ പോലീസ്, കാട്ടിനുള്ളിലും കോളനികളിലും നടത്തിയ ആദിവാസിവേട്ടയുടെ ഭീകരദൃശ്യങ്ങൾ മാധ്യമങ്ങളിലൂടെ കണ്ടാണ്. ആന്റണിയുടെയും സുധാകരന്റെയും മുരളീധരന്റെയും വക്കംപുരുഷോത്തമന്റേയും ഡി.ജി.പി ജോസഫിന്റെയും ഭാര്യമാരും കുട്ടികളും ആനരനായാട്ട് കണ്ട് കണ്ണീർ പൊഴിക്കാതിരുന്നിട്ടുണ്ടാവില്ല. മുത്തങ്ങയിലും പിന്നീട് ആറളത്തും അറസ്റ്റു ചെയ്യപ്പെട്ടവരുടെമേൽ പോലീസ് ആടിയ പൈശാചികതാണ്ഡവം ടെലിസ്ക്രീനിൽ കണ്ട് ബോധംകെട്ടവർ അനവധിയാണ്.

വാഹനവും ഭക്ഷണവും വെടിക്കോപ്പുകളും നിറതോക്കുകളും വയർലെസ് സെറ്റുകളുമടക്കം സർവ്വായുധങ്ങളുമേന്തി സുസജ്ജരായ ആയിരക്കണക്കിന് പോലീസുകാർ മുത്തങ്ങാ വനത്തിനുള്ളിൽ നേരിട്ടതാരെയാണ്? ഒരു മുയലിനെപ്പോലും വേട്ടയാടാൻ കഴിയില്ലെന്നറിയാമെങ്കിലും പ്രതീകാത്മകമായി അമ്പും വില്ലും കയ്യിലേന്തിയ മെല്ലിച്ച ഏതാനും യുവാക്കൾ. പിന്നെ അവരുടെ കൈവശമുള്ള ഏക ആയുധം ഈറ്റ വെട്ടാൻ ഉപയോഗിക്കാൻ കുറ

ച്ച് വാക്കത്തികളും. ഇവരുടെ തണലിൽ കണ്ണുകുഴിഞ്ഞ്, എല്ലുന്തി, ഒട്ടിയ വയറുമായി, പ്രാകൃതവേഷങ്ങളുമായി വൃദ്ധരും സ്ത്രീകളും കുഞ്ഞുങ്ങളുമായി കുറെ മനുഷ്യക്കോലങ്ങളും. മുലകുടിക്കുന്ന കുഞ്ഞുങ്ങളെപ്പോലും പോലീസ് പൈശാചികമായി തലതല്ലിപ്പൊട്ടിക്കുന്ന രംഗങ്ങൾ മാലോകരെല്ലാം കണ്ടുകഴിഞ്ഞു. അതുങ്ങളുടെ ജീവിതത്തിലാകെയുള്ള സമ്പാദ്യങ്ങളായ കഞ്ഞിക്കലങ്ങളും ചട്ടികളും തല്ലിപ്പൊട്ടിക്കാൻ, തുണിക്കൂറകൾക്ക് തീയിടാൻ കാക്കിധാരികൾ കാട്ടിയ ആവേശം കാണേണ്ടതായിരുന്നു.

എന്നാൽ അതിനുശേഷം പോലീസ് നടത്തിയ തേർവാഴ്ച എന്തൊക്കെയാണെന്ന് ലോകം ഇനിയും അറിയാനിരിക്കുന്നതേയുള്ളൂ. വെടിവയ്പ്പിൽ ചിതറിയോടിയവരിൽ എത്രപേർ മരിച്ചു, അവരെ എവിടെയൊക്കെ കുഴിച്ചുമൂടി, അറസ്റ്റ് എന്ന പേരിൽ പോലീസ് പിടികൂടിയ ആദിവാസികളെയും ആദിവാസി സ്നേഹികളെയും എത്രനിഷ്ഠൂരമായി പീഡിപ്പിച്ചു എന്നതിന്റെയൊന്നും സത്യസ്ഥിതി പോലീസിനല്ലാതെ ആർക്കും അറിയാൻ കഴിഞ്ഞിട്ടില്ല. ഇതൊന്നും ആരും അറിയരുത് എന്ന് എ.കെ. ആന്റണിക്കും കൂട്ടർക്കും നിർബ്ബന്ധമുള്ളതുപോലെയാണ്. പുറത്തറിയാതിരിക്കാൻ ഒന്നുമില്ലെങ്കിൽ, എല്ലാം സുതാര്യമാണെങ്കിൽ, പിന്നെയെന്തുകൊണ്ട് ദിവസങ്ങളോളം മുത്തങ്ങാവനത്തിനുള്ളിൽ സായുധപോലീസ് ക്യാമ്പുചെയ്തു? പിന്നെയെന്തുകൊണ്ട് പൗരാവകാശ പ്രവർത്തകരെയും മാധ്യമപ്രവർത്തകരെയും വനത്തിനുള്ളിലേക്ക് കടത്തിവിട്ടില്ല? എന്തുകൊണ്ട് പിന്നെ ജുഡീഷ്യൽ അന്വേഷണം പോലെ ഗൗരവമുള്ള ഒരു അന്വേഷണത്തിനു സർക്കാർ ഭയപ്പെടുന്നു?

മുത്തങ്ങാസംഭവവികാസങ്ങളിൽ മാധ്യമങ്ങൾ പൂർണ്ണമായി സർക്കാർഭാഷ്യങ്ങളെ പിന്തുണയ്ക്കാത്തതിൽ മുഖ്യമന്ത്രിയടക്കമുള്ളവർ ഏറെ അസന്തുഷ്ടരാണ്. മുഖ്യമന്ത്രിയത് പലവിധത്തിൽ പ്രകടിപ്പിച്ചുകഴിഞ്ഞു. തന്നെപ്പറ്റി മറ്റുള്ളവർ എങ്ങ്നെ ചിന്തിക്കും എന്നു കരുതിമാത്രം പ്രവർത്തിക്കുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്യുന്ന എ.കെ. ആന്റണിക്ക് മുത്തങ്ങാവാർത്തകളിൽ ഉണ്ടാകാവുന്ന ക്ഷോഭവും നിരാശയും ഊഹിക്കാവുന്നതേയുള്ളൂ. 2001 ആഗസ്റ്റ് 30 മുതൽ ഒക്ടോബർ 16 വരെ ജാനുവും കൂട്ടരും സെക്രട്ടറിയേറ്റിനുമുമ്പിൽ കുടിൽകെട്ടി സമരം നടത്തിയപ്പോൾ, കെ. മുരളീധരൻ മുതൽ സുധാകരൻവരെയുള്ളവർ അന്നും പറഞ്ഞു ജാനുവിനുപിന്നിൽ നക്സലൈറ്റുകളാണെന്ന്. സെക്രട്ടറിയേറ്റ് പരിസരം കക്കൂസാക്കിയെന്ന് പറഞ്ഞ് അനന്തപുരിയിലെ എലൈറ്റ് ക്ലാസ് സമൂഹം ആന്റണിയെ കഴിവുകെട്ടവൻ എന്നാക്ഷേപിച്ചു. എന്നാൽ ആത്മസംയമനത്തോടെ ജാനുവും കൂട്ടരുമായി ഒത്തുതീർപ്പിന് ആന്റണി വഴങ്ങിയപ്പോൾ രണ്ട് ലക്ഷ്യങ്ങൾ നേടിയ ചാരിതാർത്ഥ്യമായിരുന്നു ആന്റണിക്ക്. ഒന്ന്, ആദിവാസികൾക്കിടയിൽ ഇടതുപാർട്ടികൾക്കുണ്ടായിരുന്ന സ്വാധീനം തകർക്കുക, രണ്ട് സമൂഹത്തിന്റെ ഏറ്റവും അടിത്തട്ടിലുള്ള ജനവിഭാഗത്തോട് അനുകമ്പയും താൽപ്പര്യവും കാട്ടിയ മുഖ്യമന്ത്രിയെന്ന പ്രതിഛായ നേടിയെടുക്കുക.

കരാറിൽപ്പറഞ്ഞതുപോലെ 2002 ജനുവരി ഒന്നിന് മറയൂരിൽ ഭാഗികമായി ഭൂമിവിതരണം തുടങ്ങാൻ കഴിഞ്ഞപ്പോൾ ആന്റണി ആദിവാസികളുടെ പരമ്പരാഗത വേഷമണിഞ്ഞ് അവരോടൊപ്പം ആനന്ദനൃത്തം ചവിട്ടി. എന്നാൽ കരാറിലെ വാഗ്ദാനപാലനം ആ തുടക്കത്തോടെതന്നെ നിലയ്ക്കുകയുമായിരുന്നു. ഒത്തുതീർപ്പിലെ ഒന്നാമത്തെ വ്യവസ്ഥ കഴിയുന്നിടത്തോളം സ്ഥലങ്ങളിൽ ആദിവാസികൾക്ക് അഞ്ച് ഏക്കർ ഭൂമിയും അല്ലാത്തിടത്ത് ഒരു ഏക്കർ ഭൂമിയും നൽകും എന്നതായിരുന്നു. (2) ഭൂമി ലഭിക്കുന്ന ആദിവാസികൾക്ക് ജീവിക്കാനുള്ള സൗകര്യങ്ങൾ സർക്കാർ ഒരുക്കിക്കൊടുക്കും. ഇതിന് അഞ്ചുവർഷത്തേക്കുള്ള പദ്ധതി തയ്യാറാക്കും. (3) ആദിവാസി ഭൂമിയെ സംബന്ധിച്ച് വരാൻപോകുന്ന കോടതിവിധി സർക്കാർ മാനിക്കും. (4) ആദിവാസിക്ഷേമത്തിനുള്ള മാസ്റ്റർ പ്ലാൻ നടപ്പാക്കുന്നതിൽ ആദിവാസികൾക്കുകൂടി പങ്കാളിത്തം നൽകും. (5) ആദിവാസികൾക്ക് ലഭിക്കുന്ന ഭൂമി വീണ്ടും അന്യാധീനപ്പെടാതിരിക്കാൻ വീണ്ടും നിയമം കൊണ്ടുവരും. (6) ഈ ഭൂമിയെ ഷെഡ്യൂൾഡ് ഏരിയയായി പ്രഖ്യാപിക്കണമെന്ന് കേന്ദ്രസർക്കാരിനോട് സംസ്ഥാനം ആവശ്യപ്പെടും തുടങ്ങിയവയായിരുന്നു കരാറിലെ വ്യവസ്ഥകൾ.

പട്ടികവർഗ്ഗപ്രദേശങ്ങൾ ഭരണഘടനയുടെ അഞ്ചാം ഷെഡ്യൂളിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമെന്നതായിരുന്നു ഒത്തുതീർപ്പിലെ ഏറ്റവും സുപ്രധാന വ്യവസ്ഥ. ആദിവാസിപ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുന്ന സ്വയംഭരണത്തിനുള്ള ഈ വഴിക്ക് സർക്കാർ ഒരു നീക്കവും നടത്തിയില്ല. ഭരണഘടനയുടെ 244-ാം വകുപ്പനുസരിച്ച് പട്ടികവർഗ്ഗപ്രദേശം പ്രഖ്യാപിച്ചുകൊണ്ട് ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ ആദിവാസി ഗ്രാമപഞ്ചായത്തുകൾക്ക് സ്വയംഭരണവും നൽകിക്കഴിഞ്ഞു. ഷെഡ്യൂൾഡ് ഏരിയാപ്രഖ്യാപനം കേരളത്തിൽ നടപ്പാക്കാത്തതിനാൽ കേരളത്തിലെ ആദിവാസികൾക്ക് ഈ നിയമത്തിന്റെ ഗുണങ്ങൾ കിട്ടിയിട്ടില്ല.

1995 ഏപ്രിൽ ഒന്നിന് 'കേരള പട്ടികവർഗ്ഗ ഭൂമി കൈമാറ്റനിയന്ത്രണവും അന്യാധീനപ്പെട്ട ഭൂമി തിരിച്ചെടുക്കലും' എന്ന നിയമം പാസാക്കുകയും, ആ നിയമം അതിഭദ്രമാണ് എന്ന് ധരിപ്പിക്കാൻവേണ്ടി ഭരണഘടനയുടെ ഒമ്പതാംഷെഡ്യൂളിലെ 150-ാം ഇനമായി കൂട്ടിച്ചേർക്കുകയും ചെയ്തെങ്കിലും ഇന്നേവരെ ഈ നിയമത്തിന്റെ ഗുണം ഒരു ആദിവാസിക്കുപോലും ലഭിച്ചിട്ടില്ല. ഭൂമി തിരിച്ചുപിടിക്കൽ സമരമൊരിക്കലും വിജയിക്കാൻ കേരളത്തിലെ ജനാധിപത്യഭരണകൂടം അനുവദിക്കില്ല എന്ന തിരിച്ചറിവിലൂടെയാണ് ഈ പ്രശ്നത്തിലുള്ള തീരുമാനം കോടതിയുടെ തീരുമാനത്തിന് വിധേയമായി വിട്ടുകൊണ്ട്, ഭൂരഹിതരായ മുഴുവൻ ആദിവാസികൾക്കും അഞ്ചേക്കർ പകരംഭൂമി എന്ന ആവശ്യവുമായി ജാനുവും കൂട്ടരുമെത്തിയത്.

രാഷ്ട്രീയകാരണങ്ങളാൽ സി.പി.എം ജാനുവിന്റെ സമരത്തെ എതിർത്തപ്പോൾ ആദിവാസി ഭൂപ്രശ്നത്തിൽ കൂടുതൽ തീവ്രവാദികളായ ആളുകളും മുഴുവൻ നക്സലൈറ്റ് അനുഭാവികളും അന്യാധീനപ്പെട്ട ഭൂമിക്കുവേണ്ടി

## ജാനുവിനെ നേതാവായി കാണാൻ മുരളീധരന്മാർക്ക് കഴിയില്ല

*'നമ്മളെ പതിനാറ്-പതിനേഴ് വയസ്സ് സമയത്താണ് ചേക്കോട്ട് സാക്ഷരതേന്റെ ആൾക്കാര് വന്നത്. ആ സമയത്ത് നമ്മള് കൂലിപ്പണിക്ക് പോകുമായിരുന്നു... പണിക്കുപോയി രാത്രി വന്നാലാണ് പഠിപ്പ്. ഒരു കുടീന്റെ മിറ്റത്ത് എല്ലാവരും കൂടിയിരുന്നാണ് പഠിച്ചുതുടങ്ങിയത്.'*

*'നമ്മള് കയ്യില് കിട്ടുന്ന കടലാസൊക്കെ വായിച്ച് കുറേശ്ശെ പഠിച്ചു. കടയില്നിന്ന് സാധനങ്ങള് കെട്ടിക്കൊണ്ടരുന്ന കടലാസുകൾ വായിക്കാൻ നോക്കും. പണിക്കുപോകുന്ന വഴീന്ന് കിട്ടുന്ന കടലാസിന്റെ കഷ്ണങ്ങൾ വായിച്ചുനോക്കും.'*

*ഭാസ്കരൻ രചിച്ച സി.കെ. ജാനുവിന്റെ ജീവിതകഥയിൽനിന്ന് ഉദ്ധരിച്ചതാണ് മുകളിൽ പറയുന്ന ഭാഗം. സാക്ഷരതാപഠനകാലത്താണ് ജാനുവിന് ഇനിഷ്യൽ കിട്ടുന്നത്. രജിസ്റ്ററുകൾ പൂരിപ്പിച്ച് ശീലമുള്ള ഒരാൾ ജാനുവിന്റെ പേരിനുനേരെ ചേക്കോട്ട് കരിയൻ ജാനു എന്നാക്കി.*

*വെള്ളമുണ്ടേല് അതിരുമ്പഴക്കാരി മേരിക്കുട്ടി ടീച്ചറിന്റെ വീട്ടിൽ ഏഴ്, എട്ട് വയസ്സുപ്രായത്തിൽ കുഞ്ഞിനെ നോക്കാൻ ജോലിക്ക് നിന്ന ഈ ആദിവാസിപെൺകുട്ടി ആരൊക്കെ നിഷേധിക്കാൻ ശ്രമിച്ചാലും ഇന്ന് ആദിവാസിസമൂഹത്തിന്റെ യഥാർത്ഥ പ്രതിനിധിയാണ്. ചവിട്ടിത്താഴ്ത്തപ്പെട്ട ഒരു സമൂഹത്തിൽനിന്നും തീക്ഷ്ണമായ അനുഭവങ്ങളിലൂടെ പൊരുതിപ്പൊരുതിയാണ് ജാനു നമ്മുടെ ചരിത്രത്തിന്റെ വാതിൽ തള്ളിത്തുറന്ന് അകത്തു പ്രവേശിച്ചത്. 'നിങ്ങൾ ഞങ്ങളോട് ചെയ്ത ക്രൂരതകളാണ് ഞങ്ങളെ ഞങ്ങളാക്കിയത്' എന്ന ജാനുവിന്റെ വാക്കുകളിൽ എല്ലാമുണ്ട്.*


*ജാനുവിനെ ആദിവാസിനേതാവായി കണ്ടത് കെ. മുരളീധരന് സഹിക്കാൻ പറ്റുന്നില്ല. ജാനു യു.എന്നിലും മറ്റും പ്രസംഗിക്കാൻ പോയതിൽ ദേശവിരുദ്ധസാദ്ധ്യതയാണ് മറ്റുചില നേതാക്കൾ കാണുന്നത്. സ്പീക്കർ വക്കം പുരുഷോത്തമനാകട്ടെ ആദിവാസികൾക്കെതിരായ പോലീസ് ആക്ഷൻ പോരാ എന്നതിലാണ് രോഷം. ആദിവാസികളടക്കം ആരെയും നയിക്കാൻ നേതാവാകാൻ ഇവിടെ ഞങ്ങളൊക്കെയുണ്ട്. പിന്നെയെന്തിന് ഒരു ജാനു എന്നാണ് രാഷ്ട്രീയപ്രമാണിമാരൊക്കെയും ചോദിക്കുന്നത്. 'കീഴാള'രിൽനിന്ന് ആരെങ്കിലും തലയുയർത്തി സ്വന്തം കാലിൽ നിൽക്കാൻ ശ്രമിക്കുമ്പോൾ അവർക്കുപിന്നിൽ ഇന്നത്തെ രാഷ്ട്രീയതമ്പ്രാക്കൾ നക്സലൈറ്റുകളെ കാണുന്നു. അന്നും ഇന്നും തല്ലുകൊള്ളുന്നത് 'കീഴാളർ' തന്നെ.*

യുള്ള ആവശ്യം ഉപേക്ഷിച്ചതിന്റേപേരിൽ ജാനുവിനെ ആന്റണിയുടെ ഏജന്റ് എന്നും, ഒത്തുകളി നടത്തിയെന്നും പറഞ്ഞ് കുറ്റപ്പെടുത്തുകയായിരുന്നു. അങ്ങനെ ആദിവാസിപ്രശ്നങ്ങളിൽ തീക്ഷ്ണനിലപാട് എടുത്തിരുന്നവരിൽ നിന്ന് ഒറ്റപ്പെട്ട് സർക്കാരുമായി ഒത്തുതീർപ്പിന് വഴങ്ങിയ ജാനുവിന് 2002 ജനുവരി ഒന്നിനുശേഷം സർക്കാർഭാഗത്തുനിന്ന് തിരിച്ചടികൾ മാത്രമാണ് ലഭിച്ചത്. സർക്കാരും ആദിവാസി ഗോത്രസഭയും തമ്മിലുള്ള ഒത്തുതീർപ്പുകൾ ഒന്നും പ്രാവർത്തിമാകാതിരിക്കാൻ വനംവകുപ്പും റവന്യൂവകുപ്പും പട്ടികവർഗ്ഗവകുപ്പിലെ ഒരു വിഭാഗം ഉദ്യോഗസ്ഥരും പരമാവധി പരിശ്രമിച്ചു. ഒത്തുതീർപ്പുവ്യവസ്ഥകൾ അട്ടിമറിക്കപ്പെടുകയാണ് എന്ന് പൂർണ്ണബോദ്ധ്യം വന്നപ്പോഴാണ് പുതിയ സമരമാർഗ്ഗമെന്ന നിലയിൽ ആദിവാസിഗോത്രസഭ കരാറിലെ പ്രധാന വ്യവസ്ഥയായ സ്വയംഭരണം സ്വന്തം നിലയിൽ നടപ്പാക്കാൻ ശ്രമിച്ചത്. ഭരണഘടനാദത്തമായിത്തന്നെ ആദിവാസികൾക്ക് ഇതിനുള്ള അവകാശമുണ്ട്.

ജാനുവിന്റെ നേതൃത്വത്തിൽ തിരുവനന്തപുരത്ത് നടത്തിയ ആദിവാസിസമരം അവസാനിപ്പിച്ച് സർക്കാർ നൽകിയ ഉറപ്പുകളുടെ തുടർച്ചയായിട്ടായിരുന്നു ടി. മാധവമേനോൻ ചെയർമാനായി ആദിവാസി മാസ്റ്റർപ്ലാൻ കമ്മിറ്റി റിപ്പോർട്ട് തയ്യാറാക്കി എ.കെ. ആന്റണി സി.കെ. ജാനുവിന് നൽകി പ്രകാശനം ചെയ്തത്. ഭൂമിവിതരണപദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാനായിരുന്നു ആദിവാസിമിഷൻ രൂപവൽക്കരിച്ചത്. തുടർന്ന് നടന്ന ചർച്ചകളിൽ 2002 ഡിസംബർ 31 ന് മുമ്പ് എല്ലാ ആദിവാസികർക്കും സ്ഥലം വിതരണം ചെയ്ത് പുനരധിവസിപ്പിക്കുമെന്ന് ആദിവാസിമിഷൻ കോർ കമ്മിറ്റി വ്യക്തമായ ഉറപ്പുനൽകി. പതിറ്റാണ്ടുകളായി പശ്ചിമഘട്ടത്തിലെ കാടുകളിൽ ഭൂമിയില്ലാതെ, പാർപ്പിടമില്ലാതെ, തൊഴിലില്ലാതെ, വിദ്യാഭ്യാസമില്ലാതെ, ആഹാരമില്ലാതെ അക്ഷന്തവ്യമായ അവകാശനിഷേധങ്ങൾമാത്രം അനുഭവിച്ചുകഴിഞ്ഞിരുന്ന ഒരു ജനത വെറും ഒരു ആദിവാസിസ്ത്രീയുടെ പോരാട്ടത്തിലൂടെ ഭാഗികമായെങ്കിലും ചില അവകാശങ്ങൾ നേടിയെടുക്കാൻ ശ്രമിക്കുന്നത് ഭരണപക്ഷത്തും പ്രതിപക്ഷത്തുമുള്ള വ്യവസ്ഥാപിത രാഷ്ട്രീയപ്രമാണിമാരിൽ പലർക്കും. രസിച്ചില്ല. കക്ഷിരാഷ്ട്രീയഭേദമന്യേ ഇവർ ജാനുവിനുമേൽ കല്ലെറിഞ്ഞു. ഇവർ ഭീകരപ്രവർത്തകയാണെന്നും, ദേശവിരുദ്ധശക്തികളുടെ ഏജന്റാണെന്നുംവരെ പരിഷ്കൃതനേതാക്കൾ ജാനുവിനെ ആക്ഷേപിച്ചു. ആന്റണി മന്ത്രിസഭയിലെ വനംമന്ത്രി കെ. സുധാകരനെപ്പോലെയുള്ളവർ ഭൂമിവിതരണത്തിന് ആന്റണിയും ജാനുവും ചേർന്നുണ്ടാക്കിയ കരാർ അട്ടിമറിച്ചു.

2002 ഡിസംബർ 31 കഴിഞ്ഞു. ഭൂമി മുഴുവൻ വിതരണം ചെയ്യുമെന്ന് സർക്കാർ പറഞ്ഞ കാലാവധിയും കഴിഞ്ഞു. സെൻസസ് അനുസരിച്ച് 69449 ആദിവാസികുടുംബങ്ങളും 3,20,967 ആദിവാസികളുമാണ് കേരളത്തിലുള്ളത്. സർക്കാർ വാഗ്ദാനം പാലിക്കപ്പെട്ടില്ല. ജാനുവിന്റേയും കൂട്ടരുടേയുംമുന്നിൽ സമരമല്ലാതെ മറ്റ് മാർഗ്ഗമുണ്ടായിരുന്നില്ല.

സമരകേന്ദ്രമെന്ന നിലയിൽ മുത്തങ്ങാവനം തെരഞ്ഞെടുത്തതാണ് വനംമന്ത്രിയെ പ്രകോപിപ്പിച്ചത്. സർക്കാർരേഖകളിൽ മുത്തങ്ങാകാട് നിബിഢവനവും വന്യജീവിസംരക്ഷണ കേന്ദ്രവുമാണ്. മാവൂർ റയോൺസ് ഇവിടെനിന്ന് ഗ്രാന്റീസ്സും യൂക്കാലിപ്റ്റ്സും വെട്ടിയെടുത്തശേഷം വെളിഭൂമിയായി കിടന്ന ഭാഗത്ത് സാമൂഹ്യവനവൽക്കരണത്തിന്റേപേരിൽ വന്ന കോടികൾ മരംവച്ചുപിടിപ്പിക്കാതെ പോക്കറ്റിലാക്കിയത് പുറംലോകമറിയുന്നതിൽ വനംവകുപ്പ് ഉൽക്കണ്ഠാകുലരായിരുന്നത്രെ. ഗോത്രസഭ മുത്തങ്ങായിൽ സമരം തുടങ്ങിയതുമുതൽ സമരക്കാരെ അവിടെനിന്ന് അടിച്ചോടിക്കാൻ വനംമന്ത്രാലയം ഏഴുതവണ മുഖ്യമന്ത്രിയോട് അനുവാദം ചോദിച്ചത്രെ.



*പോലീസ് മർദ്ദനമേറ്റ് സുൽത്താൻബത്തേരി ആശുപത്രിയിൽ കഴിയുന്ന ആദിവാസികളെ അരുന്ധതീറോയി സന്ദർശിച്ചപ്പോൾ*

മുത്തങ്ങായിലും ആദിവാസികോളനികളിലും നടന്ന പോലീസ് അതിക്രമങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിലല്ലാ വ്യവസ്ഥാപിത രാഷ്ട്രീയത്തിന്റെ നേതാക്കൾക്ക് താൽപ്പര്യം. ജാനുവിനെ പിന്തുണച്ച ഗൂഢശക്തികൾ ആരൊക്കെ എന്ന് അന്വേഷിച്ച് കണ്ടുപിടിക്കുന്നതിലാണ്. മുത്തങ്ങായിൽ ജാനുവിന്റേയും കൂട്ടരുടേയും സമരത്തെ മാനസികമായി മാത്രമല്ല, ആളും അർത്ഥവുംകൊണ്ട് പിന്തുണച്ചവരിൽ മന്ത്രിമാരായ കെ.ആർ. ഗൗരിയമ്മയും എം.എ. കുട്ടപ്പനും ഉണ്ടായിരുന്നു എന്നതിന് തെളിവുകൾ നിരന്നതായി കേൾക്കുന്നു.

ദീർഘകാലം സമരം നീട്ടിക്കൊണ്ടുപോയി ഇതേ ജാനുവുമായി പുതിയ ഒരു ഒത്തുതീർപ്പുണ്ടാക്കി തന്റെ ഇമേജ് ഒന്നുകൂടി മിനുക്കാം എന്നായിരുന്നു മുഖ്യമന്ത്രി എ.കെ. ആന്റണിയുടെ ലക്ഷ്യം. എന്നാൽ ആന്റണിയുടെ ഈ ലക്ഷ്യം വനംമന്ത്രി സുധാകരൻ പൊളിച്ചുകളഞ്ഞു. സമരക്കാരും സർക്കാരുമായി പുതിയ ഒരു ഒത്തുതീർപ്പ് ഉണ്ടാകരുത് എന്ന ലക്ഷ്യത്തോടെ പ്രകൃതിസ്നേഹികൾ എന്ന മൂടുപടത്തിൽ ഒരുവിഭാഗത്തെ സ്പോൺസർ ചെയ്തിറക്കുകയും അതുംപോരാഞ്ഞ് കുറെ ഫോറസ്റ്റുവാച്ചർമാരെയും മറ്റും കാടുകത്തിക്കാൻ പറഞ്ഞയയ്ക്കുകയുമായിരുന്നുവത്രെ. ഇവിടെയാണ് വനംമന്ത്രിയുടെ കണക്കുകൂട്ടൽ തെറ്റിയത്. കാടുകത്തിച്ചത് സമരക്കാർ എന്നാരോപിച്ച് പോലീസിനെ ഇടപെടുവിപ്പിക്കാം എന്ന് വനംവകുപ്പുകാർ കരുതി. എന്നാൽ വനംകത്തിക്കാൻ ഇറങ്ങിയവരെ സമരക്കാർ പിടികൂടി തടഞ്ഞുവച്ചു. ഇതോടെയാണ് കാര്യങ്ങൾ ഒരു പോലീസ്തേർവാഴ്ചയ്ക്ക് ഇടയാക്കുംവിധം പ്രകോപിതമായത്. യഥാർത്ഥ വസ്തുത ഇതായിരിക്കെ ഒരു ജുഡീഷ്യൽ അന്വേഷണം നടന്നാൽ മുത്തങ്ങാസംഭവത്തിലേക്ക് വഴിതെളിച്ച പ്രധാന ഉത്തരവാദി സംസ്ഥാന വനംമന്ത്രിയാകും എന്നുള്ളതിനാലായിരിക്കണം സർക്കാർ ഒരു ജുഡീഷ്യൽ അന്വേഷണത്തെ കണ്ണുമടച്ച് എതിർക്കുന്നത്.

എന്തൊക്കെയായാലും മുത്തങ്ങായിലെ ആദിവാസികൾക്കുനേരെയുണ്ടായ വെടിവയ്പ്പും, അതേത്തുടർന്ന് മലബാർമേഖലയിൽ സമരത്തിൽ പങ്കെടുത്തവരും അല്ലാത്തവരുമായ സ്ത്രീകളും കുഞ്ഞുങ്ങളുമടക്കമുള്ള ആദിവാസിസമൂഹം അനുഭവിക്കേണ്ടിവന്ന പോലീസിന്റെ മൃഗീയമായ പീഡനങ്ങളും കേരളത്തിന് ദേശീയതലത്തിലും അന്തർദ്ദേശീയതലത്തിലും ഉണ്ടാക്കിയ അവമതിപ്പ് അപരിഹാര്യമാണ്.

ആന്റണിയുടെ പോലീസിപ്പോൾ സി.കെ. ജാനുവിനേയും ആദിവാസിപ്രക്ഷോഭണങ്ങളേയും പിന്തുണയ്ക്കുന്ന മാധ്യമപ്രവർത്തകരുടേയും അഭിഭാഷകരുടേയും പൗരാവകാശപ്രവർത്തകരുടേയും സാംസ്ക്കാരികപ്രവർത്തകരുടേയും എല്ലാം ബയോഡാറ്റായും ഭൂതകാലവും അന്വേഷിച്ചിറങ്ങിയിരിക്കുകയാണ്. ചതിയിലും വഞ്ചനയിലും ബലപ്രയോഗത്തിലുംകൂടി ആദിവാസിഭൂമിയിൽനിന്നും യഥാർത്ഥ ഉടമകളെ തുരത്തി അവരെ ഭൂരഹിതരും കൂലിയടിമകളുമാക്കിമാറ്റിയ പരിഷ്ക്കാരികളെന്ന് അഭിമാനിക്കുന്നവരിൽനിന്നും ജനിച്ച മണ്ണ് നേടിയെടുക്കാൻ ആദിവാസികൾ നടത്തുന്ന ഏതു പ്രക്ഷോഭത്തിലും പിന്തുണ നൽകുന്ന ഡസൻകണക്കിന് മാധ്യമപ്രവർത്തകരും നൂറുകണക്കിന് പൗരാവകാശ പ്രവർത്തകരും ഈ സംസ്ഥാനത്തുണ്ട്. അവരെയെല്ലാം പോലീസിനെക്കൊണ്ട് കൈകാര്യം ചെയ്യിക്കുമെന്നാണ് ഇപ്പോൾ സുധാകരന്റേയും മുരളീധരന്റേയും ഒക്കെ ഭീഷണി.

സർക്കാർനയങ്ങളോട് അഭിപ്രായവ്യത്യാസം പ്രകടിപ്പിക്കുകയും വിമർശിക്കുകയും ചെയ്യുന്നവരോടുള്ള അസഹിഷ്ണുത ആന്റണി സർക്കാർ പ്രകടിപ്പിച്ചുതുടങ്ങിയിട്ട് കുറേക്കാലമായി. മാധ്യമപ്രവർത്തകരുടെ വിമർശനസ്വാതന്ത്ര്യത്തിന് പോലീസിനെ ഉപയോഗിച്ച് കൂച്ചുവിലങ്ങിടാനുള്ള നിരവധി ഉദ്യമങ്ങൾ അടുത്തകാലത്തുണ്ടായി. പുരോഗമനപരമായി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നവരേയും ദളിത് പിന്നോക്കപ്രവർത്തകരേയും പരിസ്ഥിതിപ്രവർത്തകരേയും ക്രിമിനലുകളുടെ പട്ടികയിൽ പെടുത്തി ഡയറക്ടറി പ്രസിദ്ധീകരിക്കാനുള്ള ധിക്കാരം പ്രകടിപ്പിച്ച മറ്റൊരു സർക്കാർ കേരളത്തിലുണ്ടായിട്ടില്ല. മുത്തങ്ങാസംഭവംകൂടി കഴിഞ്ഞതോടെ സർക്കാരിനെ വിമർശിക്കുന്നവരെയെല്ലാം നക്സലൈറ്റുകളാക്കി മുദ്രകുത്തി നാവടപ്പിക്കാൻ ശ്രമിക്കുന്ന അപ്രഖ്യാപിത അടിയന്തിരാവസ്ഥയാണിപ്പോൾ സംസ്ഥാനത്തുള്ളത്.

# ഞങ്ങൾ കീഴടങ്ങിയത് ആദിവാസികളെ മൃഗീയമായ പോലീസ് മർദ്ദനത്തിൽനിന്ന് രക്ഷിക്കുവാൻ

# പോലീസ് ഞങ്ങളെ ഭീകരമായി മർദ്ദിച്ചു

## സി.കെ. ജാനുവിനെയും ഗീതാനന്ദനെയും ഫെബ്രുവരി 28 –ന് കോഴിക്കോട് ജില്ലാജയിലിൽ സന്ദർശിച്ച് ചെറുകരസണ്ണീലൂക്കോസ് നടത്തിയ അഭിമുഖം

**?** *മുത്തങ്ങയിൽ പോലീസ് വെടിവെയ്പ് നടന്നശേഷം ഒളിവിൽപോയ നിങ്ങൾ പോലീസിന് കീഴടങ്ങിയ സാഹചര്യം എന്ത്.*


**ജാനു:** ഞാനും ഗീതാനന്ദനും എവിടെയെന്നു ചോദിച്ച് മലബാറിലെമ്പാടുമുള്ള ആദിവാസി കോളനികളിലും കുടികളിലും കയറി പോലീസ് നിരപരാധികളായ ആദിവാസികളെ അതിനിഷ്ഠൂരമായി പീഡിപ്പിക്കുകയാണെന്ന് ഞങ്ങൾ മനസ്സിലാക്കി. ഞങ്ങൾ പോലീസിന് പിടികൊടുത്താലെങ്കിലും മറ്റുള്ള ആദിവാസികളെ പീഡിപ്പിക്കുന്നത് അവസാനിപ്പിക്കും എന്നു കരുതി.

**?** *കീഴടങ്ങാനെത്തിയ നിങ്ങളെ നാട്ടുകാർ പീഡിപ്പിച്ചുവെന്നാണല്ലോ പോലീസുദ്യോഗസ്ഥർ പറയുന്നത്.*

**ജാനു:** (പെട്ടെന്ന് ദേഷ്യത്തോടെ) ഞങ്ങളെ തടഞ്ഞുവച്ച് പോലീസിനെ വിളിച്ചുവരുത്തിയതൊന്നും നാട്ടുകാരല്ല. വനംമാഫിയാക്കാരായ ചില രാഷ്ട്രീയക്കാരാണ്. പോലീസല്ലാതെയാരും ഞങ്ങളുടെ ശരീരത്ത് സ്പർശിച്ചിട്ടില്ല. നാട്ടുകാർ ഉപദ്രവിച്ചു എന്നുപറയുന്നത് പച്ചക്കള്ളമാണ്.

**?** *ജാനുവിനെ ഉപദ്രവിച്ചത് വനിതാ പോലീസുകാരായിരുന്നോ.*

**ജാനു:** അല്ല. എന്നെ ഉപദ്രവിച്ചത് പുരുഷന്മാരായ പോലീസുകാരാണ്. പുലികുത്തിയിൽനിന്ന് സ്റ്റേഷനിലേയ്ക്ക് കൊണ്ടുവരുമ്പോൾ വളരെ അവശരായി വണ്ടിയിൽ കയറിയ ഞങ്ങളെ കുറെ പോലീസുകാർ മാറിമാറി മർദ്ദിക്കുകയായിരുന്നു. എന്റെ ചെകിടിനിട്ട് പലവട്ടം അടിച്ചു. കമ്പിയിൽ ബലമായി പിടിച്ചു തൂങ്ങിക്കൊണ്ട് എന്റെ നാഭിയിൽ പോലീസുകാർ ബൂട്ട്സിട്ട് ചവിട്ടി. കൊല്ലാൻ പോകയാണെന്ന് ഞാൻ കരുതി. ആദിവാസികൾക്ക് ഭൂമി നേടിയെടുക്കാനുള്ള സമരം വിജയത്തിലെത്താതെ മരിക്കേണ്ടിവരുമല്ലോ എന്നായിരുന്നു അപ്പോൾ എന്റെ മനസ്സിൽ.



*നിഷ്ഠൂരമായ മർദ്ദനത്തിനിരയായ ജാനുവിനെയും ഗീതാനന്ദനെയും റിമാണ്ട് ചെയ്ത ശേഷം കോഴിക്കോട് ജില്ലാജയിലിലേക്ക് കൊണ്ടുപൊകുന്നു*

**?** *പോലീസ് ഇങ്ങനെ ക്രൂരമായി മർദ്ദിച്ചവിവരം കോടതിയിൽ പറഞ്ഞില്ലെ.*

**ജാനു:** പറഞ്ഞു. പിന്നീട് വിവരം അന്വേഷിച്ചെത്തിയ എല്ലാവരോടും പറഞ്ഞു. എന്നാൽ ഞാനതിനു വലിയ പ്രാധാന്യം കൊടുക്കാതിരുന്നത്, ജോഗി മരിച്ചതിനേക്കാൾ വലുതല്ലല്ലോ, പാവപ്പെട്ട അമ്മമാരെയും പിഞ്ചുകുഞ്ഞുങ്ങളെയും തലതല്ലി പൊട്ടിച്ചതിലും വലുതല്ലല്ലോ എനിക്ക് കിട്ടിയ മർദ്ദനം എന്നതുകൊണ്ടായിരുന്നു. ആദിവാസികൾക്ക് ഭൂമി കിട്ടാൻ വേണ്ടി മരിക്കാൻ തയ്യാറുള്ള ഞാൻ ഈ മർദ്ദനത്തെയൊന്നും കാര്യമാക്കുന്നില്ല. ഇതിന്റെ മുമ്പിൽ മുട്ടുമടക്കുകയുമില്ല.

**?** *ഗീതാനന്ദനേയും ഭീകരമായി മർദ്ദിച്ചുവോ.*

**ഗീതാനന്ദൻ:** ഉവ്വ്. വണ്ടിയിലും, സ്റ്റേഷനിലും ഇട്ട് പോലീസുകാർ അവരുടെ അരിശം തീരുംവരെ എന്നെ മർദ്ദിച്ചു. പക്ഷേ, ഞങ്ങൾക്ക് മർദ്ദനമേറ്റതല്ല പ്രധാന പ്രശ്നം. കാണാതായമുഴുവൻ ആദിവാസികളേയും പോലീസ് തിരികെയെത്തിക്കണം. മരിച്ചവരുടെ ജഡമെങ്കിലും ഗോത്രാചാരപ്രകാരം സംസ്കാരം നടത്താൻ ആന്റണിയുടെ പോലീസ് ആദിവാസികൾക്ക് വിട്ടുതരണം. ആദിവാസി ഗോത്രസഭാ പ്രവർത്തകരുടേയും ഞങ്ങളെ പിന്തുണയ്ക്കുന്നവരുടേയും നേരെയുള്ള മർദ്ദനവും പീഡനവും ഉടൻ അവസാനിപ്പിക്കണം.

വനത്തിൽ തീയിട്ട് സമരക്കാരെ തുരത്താൻ പോലീസിനെ ഇടപെടുത്താൻ ശ്രമിച്ച വനം മന്ത്രി സുധാകരനെ മുത്തങ്ങാസംഭവത്തിൽ ഒന്നാംപ്രതിയാക്കി കേസ്സെടുക്കണം. തീവെയ്പ്പ് സംഭവത്തെക്കുറിച്ച് സി.ബി. ഐയെക്കൊണ്ട് അന്വേഷിപ്പിക്കണം. ആദിവാസികുടിലുകളും ഭക്ഷ്യവസ്തുക്കളും നശിപ്പിച്ചതിന് നഷ്ടപരിഹാരം നൽകണം. സർവ്വോപരി മുഖ്യമന്ത്രി എ.കെ. ആന്റണി ഞങ്ങളുമായി ഒപ്പുവെച്ച ആദിവസികരാർ ഉടൻ നടപ്പാക്കണം.

**വനത്തിൽ തീയിട്ട് സമരക്കാരെ തുരത്താൻ പോലീസിനെ ഇടപെടുത്താൻ ശ്രമിച്ച വനം മന്ത്രി സുധാകരനെ മുത്തങ്ങാസംഭവത്തിൽ ഒന്നാംപ്രതിയാക്കി കേസ്സെടുക്കണം. തീവെയ്പ്പ് സംഭവത്തെക്കുറിച്ച് സി.ബി. ഐയെക്കൊണ്ട് അന്വേഷിപ്പിക്കണം. ആദിവാസികുടിലുകളും ഭക്ഷ്യവസ്തുക്കളും നശിപ്പിച്ചതിന് നഷ്ടപരിഹാരം നൽകണം. സർവ്വോപരി മുഖ്യമന്ത്രി എ.കെ. ആന്റണി ഞങ്ങളുമായി ഒപ്പുവെച്ച ആദിവസികരാർ ഉടൻ നടപ്പാക്കണം.**


*? നിങ്ങളെ ചില ഗൂഢശക്തികളും നക്സലൈറ്റുകളും സഹായിച്ചിരുന്നു എന്ന ആരോപണമുണ്ടല്ലോ.*

**ജാനു:** 2002 ഡിസംബർ 31 നുമുമ്പ് ഭൂരഹിതരായ മുഴുവൻ ആദിവാസികൾക്കും ഭൂമി നൽകും എന്ന് സർക്കാർ നൽകിയ ഉറപ്പ് പാലിച്ചില്ലെങ്കിൽ മരണം വരെ സമരം ചെയ്യും എന്ന് ഞങ്ങൾ പലവട്ടം പ്രഖ്യാപിച്ചിരുന്നതാണ്. അതിന്റയടിസ്ഥാനത്തിലാണ് ഞങ്ങൾ സമരം ചെയ്തത്. ഞങ്ങൾക്ക് ഒരു ഗൂഢശക്തികളുടേയും നക്സലൈറ്റുകളുടേയും പിന്തുണയില്ല. ഞങ്ങൾ സ്വന്തനിലയ്ക്ക് സ്വതന്ത്രമായി സംഘടിച്ചാണ് സമരം നടത്തുന്നത്.

**ഞങ്ങൾക്ക് ഒരു ഗൂഢശക്തികളുടേയും നക്സലൈറ്റുകളുടേയും പിന്തുണയില്ല. ഞങ്ങൾ സ്വന്തനിലയ്ക്ക് സ്വതന്ത്രമായി സംഘടിച്ചാണ് സമരം നടത്തുന്നത്.**

*? ഭാവി പരിപാടി.*

**ജാനു:** എത്രകാലം ഞങ്ങളെ ജയിലിലിട്ടാലും, എങ്ങനെയെല്ലാം പീഡിപ്പിച്ചാലും കേരളത്തിൽ ഭൂമിയില്ലാത്ത അവസാനത്തെ ആദിവാസി കുടുംബത്തിനു ഭൂമി ലഭിക്കുംവരെ ഞങ്ങൾ പോരാടും. അതിനിടയിൽ മരിക്കേണ്ടിവന്നാൽ അത് ഞങ്ങളുടെ കർമ്മമായി കരുതും. ഇത് നക്സലിസമല്ല. ആദിവാസിക്ക് പിറന്ന മണ്ണിൽ ജീവിക്കാൻ പോരാട്ടമല്ലാതെ മറ്റുമാർഗ്ഗമില്ല. ●



*ദേശീയ പട്ടികജാതി-വർഗ്ഗ കമ്മീഷൻ ചെയർമാൻ ബിജോയ് ശങ്കർശാസ്ത്രി ജയിലിൽ സി.കെ. ജാനുവിനെ സന്ദർശിച്ചപ്പോൾ*

# ജാനുവിന്റെ വിദേശബന്ധങ്ങൾ യാഥാർത്ഥ്യം എന്ത്?

**ജാനുവിനോടൊപ്പം പരിഭാഷകനായി രണ്ടുതവണ യൂറോപ്യൻ പര്യടനം നടത്തിയ യൂത്ത് കോൺഗ്രസ് മുൻ സംസ്ഥാന ജനറൽ സെക്രട്ടറിയും പ്രമുഖ ആക്ടിവിസ്റ്റുമായ വയനാട്ടിലെ പി.ടി. ജോണിന്റെ വെളിപ്പെടുത്തൽ**

ഒരു ആദിവാസിയായി ജനിച്ച് പള്ളിക്കൂടത്തിൽപോയി ഔപചാരിക വിദ്യാഭ്യാസം നടത്താതെ വീട്ടുവേലയും കൂലിവേലയും ചെയ്തുവളർന്ന ഒരു പെൺകുട്ടിയെ ഒരു സമൂഹത്തിന്റെ നേതാവായി അംഗീകരിക്കാൻ വ്യവസ്ഥാപിത രാഷ്ട്രീയത്തിലെ നേതാക്കൾക്ക് കഴിയാത്തതിൽ അത്ഭുതമില്ല. എന്നാൽ ഇന്ന് ലോകം ഇന്ത്യയിൽനിന്ന് ഏറ്റവും കൂടുതൽ ശ്രദ്ധിക്കുന്ന ശബ്ദത്തിനുടമയായ ഈ വനിതയെ ഇകഴ്ത്തിക്കാട്ടാൻ ഇവർ നടത്തുന്ന ശ്രമം അപഹാസ്യമെന്നതിനേക്കാൾ ക്രൂരമാണ്. നമ്മുടെ പല രാഷ്ട്രീയനേതാക്കളും കള്ളപ്പണം പൂഴ്ത്തിവയ്ക്കാനും അധോലോക ഇടപാടുകൾക്കുമായി വിദേശത്തുപോകുന്നതുപോലെയായിരുന്നില്ല ജാനു വിദേശസന്ദർശനങ്ങൾ നടത്തിയത്. പിന്നെയോ, അത് നമ്മുടെ നേതാക്കൾ അറിഞ്ഞിരിക്കേണ്ടതാണ്. അതുപോലെ ജാനുവിനെ വളർത്തി വലുതാക്കിയത് എ.കെ. ആന്റണിയാണ് എന്ന പ്രചാരണത്തിന്റെ പൊള്ളത്തരവും ജനം അറിയേണ്ടതുണ്ട്. സെക്രട്ടേറിയറ്റിനു മുന്നിൽ കുടിൽകെട്ടി സമരം നടത്തുന്നതിനും എത്രയോ മുൻപ് ജാനു ദേശീയ-അന്തർദ്ദേശീയതലത്തിൽ ശ്രദ്ധിക്കപ്പെട്ടുകഴിഞ്ഞിരുന്നു.

ഒരു സാക്ഷരതാ പ്രവർത്തകയായിരുന്ന ജാനുവിനെ ഞാൻ 'കാൻഫെഡി'ന്റെ ജില്ലാ വൈസ് ചെയർമാനായിരിക്കുമ്പോൾ 1991 -ൽ ആണ് പരിചയപ്പെട്ടത്. 1992 -ൽ ദേശീയതലത്തിൽ വിവിധ മേഖലകളിൽ പ്രമുഖരായ ആദിവാസികളുടെ 10 ദിവസത്തെ ഒരു സംഗമം മാനന്തവാടിയിൽ വെച്ചു നടന്നു.



*പി.ടി. ജോൺ*

'സോളിഡാരിറ്റി'യായിരുന്നു പ്രധാന സംഘാടകർ. ഈ സംഗമത്തിൽവച്ച് കേരള, തമിഴ്നാട്, കർണാടക സംസ്ഥാനങ്ങൾ ഉൾക്കൊള്ളുന്ന സൗത്ത്സോൺ ആദിവാസി ഫോറത്തിന്റെ ചെയർപേഴ്സണായി സി.കെ. ജാനുവിനെ തെരഞ്ഞെടുത്തു. ആദിവാസിക്ക് അന്യാധീനപ്പെട്ട ഭൂമി നേടിയെടുക്കുക എന്നതായിരുന്നു സംഘടനയുടെ പ്രധാന ദൗത്യം. ഈ പ്രസ്ഥാനത്തിന്റെ കേരളഘടകം എന്ന നിലയിൽ വിവിധ സംഘടനകളെ ഏകോപിപ്പിച്ചു


**ജാനു രാഷ്ട്രപതിയെ കാണാൻ പോയതിന് ജാനുവിന് ഇതിനൊക്കെ പണം എവിടെ എന്ന് സർക്കാരിലെ ഉന്നതർതന്നെ ചോദിച്ചിരുന്നു. എന്നാൽ ജാനുവിന് ഡൽഹിക്കുപോകാൻ പണമില്ലാതിരുന്നപ്പോൾ മലബാറിലെ ചില പത്രപ്രവർത്തകർ അവരുടെ ശമ്പളം നൽകിയാണ് സഹായിച്ചത് എന്ന സത്യം എത്ര പേർക്ക് അറിയാം.**

കൊണ്ട് രൂപംകൊണ്ട ആദിവാസി ഏകോപന സമിതിയുടെ അദ്ധ്യക്ഷയും സി.കെ ജാനുവായിരുന്നു.

തുടർന്നുള്ള നാളുകളിൽ ജാനുവിന്റെ പോരാട്ടം മുഴുവൻ ആദിവാസി ഭൂമിക്കുവേണ്ടിയായിരുന്നു. ഇപ്പോൾ ജാനു താമസിക്കുന്ന പനവേലിയിലെ സ്ഥലവും സമരത്തിലൂടെ തിരികെ പിടിച്ചതാണ്. ഭൂമിക്കുവേണ്ടിയുള്ള സമരങ്ങളിൽ ഒമ്പതുതവണയെങ്കിലും ജാനു ജയിലിൽ പോകുകയും മർദ്ദനമേൽക്കുകയും ചെയ്തിട്ടുണ്ട്.

യു.എൻ മുൻകൈ എടുത്ത് 1994 -ൽ ജനീവയിൽ വെച്ചുനടന്ന ആഫ്രോ-ഏഷ്യൻ, ലാറ്റിനമേരിക്കൻ രാജ്യങ്ങളിലെ പ്രധാന ആദിവാസി നേതാക്കളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള കോൺഫ്രൻസിൽ ഇന്ത്യയിൽ നിന്നുള്ള ഏക പ്രതിനിധിയായി സി.കെ. ജാനുവിന് ക്ഷണം ലഭിക്കുകയും പരിഭാഷകനായി ബിജോയിയെ കൂടെക്കൊണ്ടുപോകുകയും ചെയ്തു. 1996 -ൽ ആദിവാസിക്ക് പകരം ഭൂമി നൽകൽ നിയമം ഇടതുമുന്നണി സർക്കാർ രാഷ്ട്രപതിയുടെ അനുമതിക്കയച്ചപ്പോൾ ഈ നിയമത്തെ ജാനുവും കൂട്ടരും ശക്തിയായി എതിർത്തു. അന്ന് ജാനു രാഷ്ട്രപതിയെ കാണാൻ പോയതിന് ജാനുവിന് ഇതിനൊക്കെ പണം എവിടെ എന്ന് സർക്കാരിലെ ഉന്നതർതന്നെ ചോദിച്ചിരുന്നു. എന്നാൽ ജാനുവിന് ഡൽഹിക്കുപോകാൻ പണമില്ലാതിരുന്നപ്പോൾ മലബാറിലെ ചില പത്രപ്രവർത്തകർ അവരുടെ ശമ്പളം നൽകിയാണ് സഹായിച്ചത് എന്ന സത്യം എത്ര പേർക്ക് അറിയാം.

ആഗോളവൽക്കരണത്തിന്റെ കെടുതികൾ തീക്ഷ്ണമായി അനുഭവപ്പെട്ട് തുടങ്ങിയപ്പോൾ ഇതിനെതിരായി ലോകതലത്തിൽത്തന്നെ 'പീപ്പിൾസ് ഗ്ലോബൽ ആക്ഷൻ' എന്ന ഒരു നെറ്റ്‌വർക്ക് പ്രസ്ഥാനം രൂപപ്പെട്ടു. വിവിധ രാജ്യങ്ങളിൽനിന്നുള്ള ആക്ടിവിസ്റ്റുകളും കമ്മ്യൂണിസ്റ്റ് നേതാക്കളും കർഷക-തൊഴിലാളി സംഘടനാനേതാക്കളുമാണ് ഇതിന് മുൻകൈ എടുത്തത്. ഇന്ത്യയിൽ ഇതിന്റെ പ്രധാന സംഘാടകരായിരുന്നത് പ്രൊഫ. നഞ്ചുണ്ടസ്വാമിയും മഹേന്ദ്രസിംഗ് ടിക്കായത്തുമായിരുന്നു. കേരളത്തിൽ എന്നാൽ ആവുന്നതുപോലെ ഞാനും ഈ പ്രസ്ഥാനം ശക്തിപ്പെടുത്താൻ ശ്രമിച്ചു. 1999 ജനുവരിയിൽ ജർമ്മനിയിലെ കൊളോണിൽവച്ച് നടക്കുന്ന ജി-8 സമ്മിറ്റിനെതിരായും സ്വിറ്റ്സർലണ്ടിലെ ദാവോസിൽ നടന്ന വേൾഡ് എക്കണോമിക്സ് ഫോറത്തിനെതിരായും പാരീസിലെ ഇന്റർനാഷണൽ ചേമ്പർ ഓഫ് കൊമേഴ്സിനെതിരായും സ്വിസ് ബാങ്കുകൾക്കെതിരായും എല്ലാം സമരം സംഘടിപ്പിക്കുകയെന്നതായിരുന്നു പ്രസ്ഥാനത്തിന്റെ പ്രാഥമികലക്ഷ്യം. ഈ സമരത്തിൽ കർഷകരെയും ആദിവാസികളെയുമെല്ലാം സജീവമായി പങ്കെടുപ്പിക്കണം എന്ന് തീരുമാനിച്ചു.



ജാനുവിന്റെ ഉറ്റ അനുയായി അമ്മാളുവിന്റെ വീട് പോലീസ് റെയിഡ് ചെയ്യുന്നു

ഇന്ത്യയിൽനിന്ന് ഇത്തരത്തിലുള്ള 600 പ്രമുഖ പോരാളികളെയെങ്കിലും ഒരുമാസം യൂറോപ്പിൽ പര്യടനം നടത്തിച്ച് പ്രക്ഷോഭം ചെയ്യിക്കുവാൻ 'പീപ്പിൾസ് ഗ്ലോബൽ ആക്ഷൻ' എന്ന സംഘടന തീരുമാനിച്ചു. ഇത്രയുംപേർക്ക് ഇതിനാവശ്യമായ ഫണ്ടും മറ്റും സ്വരൂപിക്കാൻ സംഘടനയ്ക്കുവേണ്ടി യൂറോപ്യൻ രാജ്യങ്ങളിൽ പര്യടനം നടത്തുവാൻ ഇന്ത്യയിൽ നിന്ന് നഞ്ചുണ്ടസ്വാമിയെയും ഷേത്കാരി സംഘടനാനേതാവ് വിജയ്ജാവന്തി, സി.കെ ജാനു എന്നിവരെയുമാണ് നിശ്ചയിച്ചത്. ജാനുവിന്റെ മലയാളപ്രഭാഷണം ഇംഗ്ലീഷിലേയ്ക്ക് പരിഭാഷപ്പെടുത്തുന്നതിനായി ഞാനും ഇവർക്കൊപ്പംപോയി. 'പി.ജി.എ' എന്ന പ്രസ്ഥാനമാണ് ഇതിനുള്ള മുഴുവൻ ചെലവും വഹിച്ചത്.

1999 ജനുവരിയിൽ നടത്തിയ 20 ദിവസത്തെ ഈ പര്യടനത്തിൽ ഫ്രാൻസ്, ജർമ്മനി, ഇറ്റലി, നെതർലണ്ട്, സ്വിറ്റ്സർലണ്ട്, ഓസ്ട്രിയ, നോർവെ, സ്പെയിൻ, ബെൽജിയം തുടങ്ങിയ രാജ്യങ്ങളിലായി വിവിധ സംഘടനകൾ സംഘടിപ്പിച്ച 120 യോഗങ്ങളിൽ ജാനു പ്രസംഗിച്ചു. ഈ പ്രസംഗങ്ങളിലെല്ലാം ജാനു ഊന്നൽ കൊടുത്തത് ആഗോളവൽക്കരണത്തിനെതിരായുള്ള നവകോളനിവൽക്കരണത്തിനെതിരായ മർദ്ദിത ജനവിഭാഗങ്ങളുടെ ചെറുത്തുനിൽപ്പിന് നിങ്ങളുടെ സഹകരണം ഉണ്ടാകണം എന്നായിരുന്നു. പിന്നീട് നടക്കുന്ന വിപുലമായ പ്രക്ഷോഭത്തിനുവേണ്ടി പി.ജി.എയ്ക്ക് ഇതിന്റെ ഫലമായി സഹകരണം ലഭിച്ചു.

അങ്ങനെ ലഭിച്ച സഹകരണംകൊണ്ട് ഇന്ത്യയിൽനിന്ന് പിന്നീട് 397 പ്രക്ഷോഭകാരികളെ യൂറോപ്പിൽ കൊണ്ടുപോകുവാൻ സാധിച്ചു. നാലുപത്രപ്രവർത്തകരും ഫാർമേഴ്സ് റിലീഫ് ഫോറത്തിന്റെ പ്രവർത്തകരും അടക്കം ജാനുവിന്റെ നേതൃത്വത്തിൽ കേരളത്തിൽനിന്ന് 1999 ജൂണിൽപോയ ഈ സംഘത്തിലുണ്ടായിരുന്നു. ഇന്ത്യൻ സംഘം 18 ബസ്സുകളിലായി യൂറോപ്പിൽ സഞ്ചരിച്ച് യൂറോപ്യൻ യൂണിയൻ ആസ്ഥാനത്തും മൾട്ടിനാഷണൽ കമ്പനികളുടെ കേന്ദ്ര ആസ്ഥാനങ്ങളിലും ജി-8 സമ്മിറ്റ് നടക്കുന്ന കൊളോണിലും ശക്തമായ പ്രക്ഷോഭണം നടത്തി. ജർമ്മൻ പോലീസ് അറസ്റ്റ് ചെയ്തു വിസാകാലാവധി തീർന്നതുകൊണ്ടുമാത്രം വിട്ടയച്ചു. 30 ദിവസംനീണ്ടുനിന്നു ആഗോളവൽക്കരണ നയങ്ങൾക്കെതിരായ ഈ പ്രോക്ഷോഭണപര്യടനം. സംഘത്തിൽപ്പെട്ടവർക്കാവശ്യമായ വിസ സംഘടിപ്പിച്ച് നൽകിയത് യൂറോപ്പിലെ സോഷ്യലിസ്റ്റ് പാർട്ടി എം.പിമാരും ട്രേഡ് യൂണിയൻ നേതാക്കളും ഗ്രീൻപാർട്ടി എം.പിമാരുമാണ്. ഇന്റർകോണ്ടിനെന്റൽ കാരവാൻ എന്നായിരുന്നു ഈ പ്രക്ഷോഭപര്യടനത്തിന്റെ പേര്. ജാനുവിന്റെ നേതൃത്വത്തിലുള്ള ഈ രണ്ട് യാത്രകളുടെയും പൂർണ്ണവിവരങ്ങൾ കേന്ദ്രസംസ്ഥാന ആഭ്യന്തര വകുപ്പുകളുടെ കൈവശമുണ്ട്. പിന്നീട് ജാനു ആദിവാസി ഗോത്രസഭയുടെ മുഴുവൻ സമയ പ്രവർത്തനത്തിൽ മുഴുകിയതോടെ ഞാൻ ദേശീയ കോ-ഓർഡിനേറ്ററായുള്ള പി.ജി.എയുമായുള്ള ബന്ധപ്പെടലും സഹകരണവും അവസാനിപ്പിക്കുകയും ചെയ്തു.

പര്യടനത്തിനിടെ സി.കെ. ജാനു യൂറോപ്യൻ യൂണിയൻ പാർലമെന്റിൽ 30 എം.പിമാരെയും ഇറ്റാലിയൻ പാർലമെന്റിൽ 19 എം.പിമാരെയും അഭിസംബോധന ചെയ്തിരുന്നു. 'പീപ്പിൾസ് ഗ്ലോബൽ ആക്ഷൻ' നെറ്റ്‌വർക്കിന്റെ രണ്ടാമത് അന്തർദേശീയ കോൺഫ്രൻസ് 2000 -ൽ 10 ദിവസം ബാംഗ്ലൂരിൽവച്ചാണ് നടന്നത്. ഇവിടെയും ജാനുവിന് പ്രമുഖസ്ഥാനമുണ്ടായിരുന്നു. കോൺഫ്രൻസിനെത്തിയ യൂറോപ്പിലെ ആക്ടിവിസ്റ്റുകളും പൗരാവകാശപ്രതിനിധികളുമായ 35 വിദേശപ്രതിനിധികൾ വയനാട്ടിലെത്തി ജാനുവിന്റെ കുടിലും മറ്റും സന്ദർശിച്ചിരുന്നു. ഇവരുടെ പേരുവിവരം മാനന്തവാടി ഡി.വൈ.എസ്.പിക്ക് അന്നുതന്നെ നൽകിയിട്ടുള്ളതാണ്. ഇവർ പിന്നീട് ചാലിയാർ സമരത്തിലും മൊബീൽ ഗ്യാസ് സമരത്തിലും മറ്റും പങ്കാളികളാകുകയും ചെയ്തിട്ടുണ്ട്.

ഇതൊക്കെയാണ് സി.കെ. ജാനുവിന് ലോകതലത്തിലുള്ള ബന്ധവും സ്ഥാനവും. വോട്ടുരാഷ്ട്രീയത്തിൽമാത്രം താൽപ്പര്യമുള്ള കക്ഷിരാഷ്ട്രീയനേതാക്കൾ ഇതിനെ ചെറുതായിക്കാണാൻ ശ്രമിക്കുന്നതിലത്ഭുതമില്ല.

**കോയാമു കുന്നത്ത്, പ്രദീപ് ഉഷസ്സ്**

# വയനാട്ടിൽ അപ്രഖ്യാപിത അടിയന്തിരാവസ്ഥയോ...?

## ആദിവാസിമേഖലകൾ സന്ദർശിച്ച 'കേരളശബ്ദം' ടീം കണ്ട യാഥാർത്ഥ്യങ്ങൾ



*അറസ്റ്റിലായ അജിതയെ മാനന്തവാടി പോലീസ്സ്റ്റേഷനുമുന്നിൽ മേശപ്പുറത്ത് കയറ്റിനിർത്തി പ്രദർശിപ്പിക്കുന്നു (ഫോട്ടോ കടപ്പാട്- ടി. നാരായണൻ, മലയാളമനോരമ)*

'ആ കടയുടെ മുന്നിൽ നിന്നപ്പോൾ, ചുവന്ന തലേക്കെട്ട് കെട്ടിയ ഒരാൾ അന്നത്തെ 'മനോരമ ദിനപ്പത്രം' എടുത്തുകൊണ്ടുവന്ന് അതിലുണ്ടായിരുന്ന എന്റെ ഒരു പഴയചിത്രം വെളിച്ചത്തിൽവച്ച് അവിടെ ഉണ്ടായിരുന്ന ആളുകളോട് 'ഇവൾ തന്നെയാണ് അജിത. ഇതുകണ്ടോ ഫോട്ടോ' എന്ന് ഉറക്കെ വിളിച്ചുപറഞ്ഞു. അതോടെ ഞങ്ങൾ പിടിക്കപ്പെട്ടു എന്ന് ബോദ്ധ്യമായി. ഇതു കേട്ടതും ഞങ്ങൾക്കുചുറ്റും ആളുകൾ ജിജ്ഞാസയോടെ കൂടാൻ തുടങ്ങി. ചുവന്ന തലേക്കെട്ട് കെട്ടിയ ആൾ ഒരു തോക്കെടുത്തുകൊണ്ടുവന്ന് എന്റെനേരെ ചൂണ്ടി. 'നിന്നെയിപ്പോൾ വെടിവയ്ക്കുമെടീ' എന്നട്ടഹസിച്ചു. 'വെടിവയ്ക്കുന്നെങ്കിൽ വെടിവച്ചോളൂ എന്ന് ഞാനും പറഞ്ഞു. അവിടത്തന്നെ ഇളകാതെ നിന്നു...'

(ഓർമ്മക്കുറിപ്പുകൾ- കെ. അജിത)

അന്ന്, 1968 ഡിസംബർ 2 ന് പേരാവൂർ പോലീസ്സ്റ്റേഷൻപരിധിയിലെ അടയ്ക്കാത്തോട് പള്ളിക്ക് സമീപത്തുവച്ച്, പുൽപ്പള്ളി സ്റ്റേഷൻ ആക്രമണക്കേസിലെ പ്രതികളായ അജിതയും സംഘവും പോലീസ്പിടിയിലകപ്പെട്ടതും, ഇന്ന് മുത്തങ്ങയിലെ ഏറ്റുമുട്ടലിനുശേഷം ഗോത്രമഹാസഭാനേതാക്കളായ സി.കെ. ജാനുവും ഗീതാനന്ദനും പോലീസിനുമുമ്പാകെ കീഴടങ്ങിയതും ചരിത്രത്തിന്റെ വീണ്ടുമൊരു തനിയാവർത്തനം.

അറുപത്തിഎട്ടിൽനിന്നും രണ്ടായിരാമാണ്ടിലേക്ക് കാലമെത്രയോ യാത്രചെയ്തിരിക്കുന്നു. രാഷ്ട്രീയ സാമൂഹികമണ്ഡലങ്ങളിൽ, ബോധതലങ്ങളിൽ ഒട്ടേറെ അഴിച്ചുപണികളും നടന്നിരിക്കുന്നു. അറസ്റ്റുചെയ്യുമ്പോൾ കർശനമായും പാലിക്കപ്പെടേണ്ട നിബന്ധകളെപ്പറ്റിയും മനുഷ്യാവകാശങ്ങളുടെ ശക്തിയെപ്പറ്റിയുമൊക്കെ മറ്റെന്നത്തെക്കാളും നാം ബോധവാന്മാരുമാണ്. ജനാധിപത്യത്തിന്റെ കരുത്തുറ്റ കാവൽഭടനാകേണ്ട മാധ്യമരംഗം അന്നത്തെക്കാളുമേറെ ശക്തവുമാണിപ്പോൾ... എന്നിട്ടും എന്തുകൊണ്ട് അറുപത്തിയെട്ടിൽ വയനാട്ടിൽ വീശിയടിച്ച ചുവപ്പൻകാറ്റിന് ഇന്നും അതേമട്ടിൽ വീശേണ്ടിവരുന്നു? ഒരുപിടി മണ്ണിനുവേണ്ടി ഒരുപറ്റം മനുഷ്യർ കാർഷികായുധങ്ങൾ കയ്യിലെടുത്ത് വ്യവസ്ഥാപിത ഭരണകേന്ദ്രങ്ങൾക്കെതിരെ കലഹിക്കേണ്ടിവരുന്നതെന്തുകൊണ്ടാണ്?

'അന്ന് ആ പേരാവൂർ സ്റ്റേഷനിൽവച്ച് പന്തുതട്ടിക്കളിക്കുന്നതുപോലെയോ, ഭ്രാന്തൻ നായ്ക്കളെ തല്ലിക്കൊല്ലുന്നതുപോലെയോ ഭേദ്യംചെയ്യുന്ന കാഴ്ച എന്റെ സർവ്വനാഡികളേയും സ്തംഭിപ്പിച്ചു. ഇടയ്ക്കിടയ്ക്ക് അവർ എന്റേയും വയർ ലാക്കാക്കി കുത്തുകയും ഷൂസിട്ട കാലുകൊണ്ട് ആഞ്ഞുചവിട്ടുകയും മറ്റും ചെയ്യുന്നുണ്ടായിരുന്നു. എന്നെ അപമാനിക്കാനും ചിലർ മടിച്ചില്ല. മൂർദ്ധാവിൽ എത്തുന്ന വേദനയുണ്ടായിരുന്നിട്ടും ഞാൻ കരഞ്ഞില്ല. എന്റെ സഖാക്കളുടെ വേദന കാണുമ്പോൾ ഈ പീഡനം ഒരു പ്രശ്നമായി എനിക്ക് തോന്നിയില്ല....'

(അജിത- ഓർമ്മക്കുറിപ്പ്)


ഇന്ന്, ഏറ്റുവാങ്ങിയ കൊടിയ മർദ്ദനങ്ങളാൽ രൂപംപോലും മാറിപ്പോയ ജാനുവും ഗീതാനന്ദനും നമ്മോട് നിശ്ശബ്ദമായി ചോദിക്കുന്ന ഒട്ടേറെ ചോദ്യങ്ങളുണ്ട്. അതിന് മറുപടി കണ്ടെത്താൻ പരിഷ്കൃതരെന്നും ജനാധിപത്യവാദികളെന്നും കരുതുന്ന നമുക്ക് കഴിയുമോ...?

അന്നത്തെ സമരനായിക പറയുന്നു.

'60-70 കളിൽ ഞാനാണെങ്കിൽ, ഇന്ന് ജാനു. എല്ലാറ്റിനും സാക്ഷിയായി വയനാടും. അന്ന് ഭൂപരിഷ്കരണ നിയമത്തിനെങ്കിൽ ഇന്ന് ആദിവാസിഭൂമിക്കായി സമരം വഴിമാറിയെന്നുമാത്രം. പതിവുപോലുള്ള എല്ലാ സമരമുറകളും പ്രയോഗിച്ച് പരാജയപ്പെട്ടപ്പോഴാണ് ആദിവാസഗോത്രമഹാസഭ ഭൂമികയ്യേറ്റത്തിനും സായുധസമരത്തിനും മുതിർന്നത്. അതിന് അവരെ കുറ്റംപറയുന്നതെങ്ങനെ?'

'അടിച്ചമർത്തപ്പെട്ട ഒരു സമൂഹത്തിൽനിന്നും ഉയർന്നുവന്ന നേതാവാണ് ജാനു. അടിച്ചമർത്തപ്പെട്ട ഒരു സമൂഹത്തിന് നൂറ്റാണ്ടുകളാ


# 'എന്റെ തലമുറ കണ്ട ഫലപ്രദമായ സമരം'



'ഗ്രോ' വാസു

'മുടിക്ക് കുത്തിപ്പിടിച്ച് ഇരുമ്പുകമ്പിയിലും ഭിത്തിയിലുമൊക്കെ മുഖം ചേർത്തടിച്ചതിനാൽ ശബ്ദംപോലും ശരിക്ക് കേൾക്കാൻ പറ്റാത്ത സ്ഥിതിയിലാണ് ജാനു.... ചവിട്ട് നെഞ്ചിനേറ്റാൽ പെട്ടെന്ന് ചത്തുപോകുമെന്ന ധാരണയിൽ തിരിച്ചുകിടത്തി പുറത്തൊക്കെ ബൂട്ട്സുകൊണ്ട് ചവിട്ടിമെതിച്ച നിലയിലാണ് ഗീതാനന്ദൻ. വാരിയെല്ലുകളും കൈകളുമൊക്കെ ഒടിഞ്ഞുനുറുങ്ങിയില്ലെന്നേയുള്ളു. രണ്ടുപേരുടെയും രൂപം തന്നെ മാറിപ്പോയിരിക്കുന്നു. നാട്ടുമ്പുറത്ത് ഒരു ചൊല്ലുണ്ട് 'അടിച്ച് ഷേപ്പ് മാറ്റും' അതെന്താണെന്ന് ശരിക്കും ബോദ്ധ്യമായത് ഞാനിവരെ നേരിട്ട് കണ്ടപ്പോഴാണ്.'

ഉരുട്ടലടക്കമുള്ള കൊടിയ പോലീസ് പീഡനങ്ങൾ ഏറ്റുവാങ്ങേണ്ടി വന്നിട്ടുള്ള 'ഗ്രോ'വാസു, ഗീതാനന്ദനേയും ജാനുവിനേയും ജയി



*പോലീസ് ഭീകരതാണ്ഡവമാടിയ തകരപ്പാടി ആദിവാസി കോളനിനിവാസികൾ എബ്രഹാം ബെൻഹറിനോടും 'കേരളശബ്ദം' ലേഖകൻ പ്രദീപ് ഉഷസ്സിനോടും പീഡനകഥകൾ പറയുന്നു*

ലിൽപ്പോയി കണ്ടതിനെപ്പറ്റി ഓർക്കുകയായിരുന്നു. 'ആദിവാസി മുന്നേറ്റത്തെ അടിച്ചമർത്തിയെന്ന് അഹങ്കരിക്കുകയും ആശ്വസിക്കുകയും ചെയ്യുന്നവരുണ്ട്. എന്നാൽ സത്യമെന്താണ്? ഏറ്റവും ഫലപ്രദമായ സമരമായിരുന്നു ഇത്. എന്റെ തലമുറകണ്ട ഫലപ്രദമായ സമരം. പത്ത് മുപ്പതുവർഷംമുമ്പ് ഞങ്ങൾ ചിന്തിയ ചോരയുടെ ഫലം കൂടിയാണിത്. ഈ ചെറുത്തുനിൽപ്പിന്റെ ഗുണഫലങ്ങൾ വരാനിരിക്കുന്നതേയുള്ളു. ഈ ഇളകിമറിഞ്ഞ മണ്ണിൽ പുതുനാമ്പുകൾ പൊടിച്ചുവരും തീർച്ച.

'എന്തുകൊണ്ടാണ് മറ്റൊരിക്കലുമുണ്ടാകാത്തവിധം മാധ്യമപ്രവർത്തകരോട് അക്രമം കാട്ടാൻ ക്രിമിനലുകൾ വയനാട്ടിൽ മുതിരുന്നത്? പോലീസിനും, രാഷ്ട്രീയമേലാളൻമാർക്കും വനം കയ്യേറ്റക്കാർക്കും ഒരേ സ്വരം, ഒരേ ഭാവം, ഒരു സംഘം പത്രക്കാർ അവക്ക് ശത്രുക്കളാണ്. അവർ ദേശദ്രോഹത്തെ പ്രോത്സാഹിപ്പിക്കുന്നവരാണത്രെ. പ്രകൃതി സംരക്ഷണത്തിന്റെ മറവിൽ വനവിഭവങ്ങൾ കൊള്ളയടിച്ച വനം മാഫിയകൾക്കും, വ്യാജപട്ടയങ്ങളുടെ പിൻബലത്തിൽ വനഭൂമി കയ്യേറിയ കുടിയേറ്റക്കാർക്കുമൊക്കെ ഭീതിയാണിപ്പോൾ; മുത്തങ്ങയെ കൊള്ളയടിച്ചുകൊണ്ടിരിക്കുന്നത് ആരാണെന്ന് പുറംലോകം അറിയുന്നതിലുള്ള ഭീതി. ഇന്ന് മാധ്യമങ്ങൾക്ക് വലിയ ശക്തിയാണുള്ളത്. അവർ പറയുന്നത് ലക്ഷങ്ങൾ കേൾക്കുന്നു. കൺമുന്നിൽ നടക്കുന്നത് ഞൊടിയിടകൊണ്ട് ലോകത്തെല്ലായിടത്തും എത്തിക്കാനവർക്കാകുന്നു. ഈ സാഹചര്യമല്ലായിരുന്നു മുമ്പ്. ഇന്ന് ചില മാധ്യമങ്ങളുടെ പിന്തുണയെങ്കിലും അടിച്ചമർത്തപ്പെട്ടവർക്ക് ലഭിക്കുന്നുണ്ട്. പത്രപ്രവർത്തകർക്കിടയിൽ സാഹസികരായ നീതിമാൻമാർ വളർന്നുവരുന്നു. ഇത് ചെറിയ കാര്യമല്ല. സ്വാർത്ഥ താൽപ്പര്യക്കാരേയും നീചൻമാരായ ഭരണാധികാരികളേയും ഇത് വിറളിപിടിപ്പിക്കുന്നുണ്ട്. എന്നാൽ ചിന്തിക്കുന്ന സമൂഹത്തിന്റെ പിന്തുണ എന്നുമീ മാധ്യമങ്ങളോടുതന്നെയാണ്.... സമൂഹത്തോടുള്ള കടമ നിറവേറ്റുകയാണവർ....' 'ഗ്രോ' വാസു കൂട്ടിച്ചേർക്കുന്നു.

'കിടപ്പാടവും ചുടുകാടുമില്ലാത്ത പട്ടിണിപ്പാവങ്ങളെ വെടിവെച്ചുവീഴ്ത്തിയാൽ ആരും ചോദിക്കാനില്ലെന്ന അധികാരിവർഗ്ഗ ധാർഷ്ട്യങ്ങൾക്കെതിരെ കനത്ത വെല്ലുവിളിയായിട്ടാണ് രാജ്യത്തെമ്പാടും സമാനമനസ്കർ ഉറച്ച ശബ്ദമുയർത്തുന്നത്. ദേശീ.യ മനുഷ്യാവകാശ സംഘടനകളും അഭിഭാഷകരും സർക്കാരിന്റെ നികൃഷ്ടതകൾക്കെതിരെ രംഗത്ത് വന്നുകഴിഞ്ഞു. ഭരണകൂടത്തിനും മുകളിലാണ് മനുഷ്യത്വമെന്നത്. അധികാരത്തിന്റെ അഹങ്കാരത്തിൽ മുഴുകുന്നവർക്ക് ഇത് തിരിച്ചറിയാനാവാത്തതുകൊണ്ടാണ് ഇന്നും അടിയാളന്റെ നേരെ തീയുണ്ട എറിയാൻ ഇവർ തയ്യാറാകുന്നത്. മുത്തങ്ങ സംഭവത്തെപ്പറ്റി ജുഡീഷ്യൽ അന്വേഷണം വേണമെന്ന് മനുഷ്യാവകാശ, സന്നദ്ധസേവന സംഘടനകളും പ്രതിപക്ഷ കക്ഷികളുമൊക്കെ ഒറ്റക്കെട്ടായി ആവശ്യപ്പെട്ടിട്ടും ഭരണാധികാരികൾ വഴങ്ങാത്തത് ഈ ധാർഷ്ട്യത്തിന്റെ തുടർച്ചയാണ്. അതുകൊണ്ടുതന്നെ ഭരണഘടനാ സംരക്ഷകനായ ഇന്ത്യൻ പ്രസിഡന്റ് ഈ സംഭവത്തിന്റെ നിജസ്ഥിതി കണ്ടെത്താൻ ഉത്തരവിടേണ്ടിയിരിക്കുന്നു.' അടിയന്തിരാവസ്ഥയുടെ ഇരുണ്ട രാവുകളിൽ രാജനോടൊപ്പം കക്കയം ക്യാമ്പിൽ കഴിയേണ്ടിവന്ന അബ്രഹാം ബെൻഹർ 'കേരളശബ്ദ'ത്തോട് സംസാരിക്കുകയായിരുന്നു. പരിസ്ഥിതി കാർഷിക സംഘടനയായ ഹരിതസേനയുടെ ഡയറക്ടറും, സമതാപാർട്ടിയുടെ ദേശീയനിർവ്വാഹകസമിതി അംഗവുമായ അദ്ദേഹം മനുഷ്യാവകാശങ്ങൾക്ക് നേരെയുള്ള നഗ്നമായ കടന്നുകയറ്റമായി മുത്തങ്ങ മാറുന്നതിനെപ്പറ്റി തീക്ഷ്ണമായാണ് പ്രതികരിച്ചത്.

'അധികാരിവർഗ്ഗങ്ങൾക്ക് ചവിട്ടിത്തേച്ച് രസിക്കാനുള്ള പുഴുക്കളല്ല ആദിവാസികളെന്ന് വരുംകാലം തെളിയിക്കും. അതിനുള്ള ചെറുത്തുനിൽപ്പ് ഉയരുന്നത് കണ്ടില്ലെന്ന് നടിക്കരുത്. മേധാപട്ക്കറും അരുന്ധതിറോയിയും കുൽദീപ് നയ്യാറുമൊക്കെ ശക്തമായ ഭാഷയിൽ വിളിച്ചുപറയുന്ന സത്യങ്ങളോട് പ്രതികരിക്കാതിരിക്കാൻ ഈ കാലത്തിന് കഴിയുമോ? ഒരു അടിയാത്തി പെണ്ണിനേയും അവളുടെ സഹായിയേയും ഭരണകൂടം ബന്ധിച്ചതിന്റെ ഫോട്ടോ പ്രദർശനവുമായി ആഹ്ലാദിച്ച അക്ഷരക്കച്ചവടക്കാർ മാത്രമല്ല മാധ്യമലോകത്തുള്ളത്. ശബ്ദമില്ലാത്തവരുടെ ശബ്ദമായി മാറണമെന്ന ലക്ഷ്യബോധമുള്ള മാധ്യമങ്ങൾ ദേശീയ പ്രാധാന്യത്തോടെ മുത്തങ്ങയെ ഉയർത്തിക്കാട്ടുന്നു എന്നത് ആശ്വാസം തന്നെയാണ്...' ബെൻഹർ കൂട്ടിച്ചേർക്കുന്നു. ●


---

യി അന്യാധീനപ്പെട്ട തങ്ങളുടെ ഭൂമി തിരിച്ചുപിടിക്കാനുള്ള അവസാനപോരാട്ടമായിരുന്നു ഇത്. ഈ സമരം അടിച്ചമർത്തപ്പെട്ടിട്ടില്ല. കൂടുതൽ പിന്തുണയോടെയിത് ഉയിർത്തെഴുന്നേൽക്കുകതന്നെ ചെയ്യും.' അജിത കൂട്ടിച്ചേർക്കുന്നു.

മുത്തങ്ങയിൽ നടന്ന അനിഷ്ടസംഭവങ്ങളുടെ ഉത്തരവാദിത്തം ആർക്കാണ്? ആദിവാസികൾക്കാണോ, അഞ്ച് ഏക്കർവീതം നൽകാ

# പാവങ്ങൾക്കുവേണ്ടി ന്റെ മോൾ മരിച്ചാലും സന്തോഷം തന്ന്യാ...

## വെളിച്ചി (സി.കെ. ജാനുവിന്റെ അമ്മ)



*പനവല്ലിയിലെ ജാനുവിന്റെ കുടിൽ*



*ജാനുവിന്റെ ഉറ്റ അനുയായി അമ്മാളു*

**മാ**നന്തവാടിയിൽനിന്നും കാട്ടിക്കുളം വഴി കുറച്ച് മുന്നോട്ടു പോയാൽ പനവല്ലിയായി. പരിഷ്ക്കാരങ്ങളുടെ അലകളൊന്നും കടന്നെത്താത്ത ഒരു നാട്ടുമ്പുറമാണത്. രണ്ടുമൂന്ന് ചെറിയ കടകൾ. അതിലൊന്നൊരു ചായക്കട. ചായക്കടയോട് ചേർന്ന് രണ്ട് കൊച്ചുവീടുകൾ. ഒരുവീട് അമ്മാളുവിന്റേതാണ്. ജാനുവിനോടൊപ്പം ആദിവാസി കോളനികൾ കയറിയിറങ്ങിയിരുന്ന അതേ അമ്മാളുതന്നെ. കഴിഞ്ഞ സെക്രട്ടറിയേറ്റ് സമരത്തിലും ജാനുവിനോടൊപ്പം മുൻനിരയിൽത്തന്നെ അമ്മാളുവിനേയും നമ്മൾ കണ്ടതാണ്. ഇത്തവണ കടുത്ത ശ്വാസംമുട്ടൽ കാരണം മുത്തങ്ങ സമരത്തിന് പോകാനവർക്ക് കഴിഞ്ഞിരുന്നില്ല. ജാനുവിന്റെ അമ്മ വെളിച്ചിയെ കാണാൻ പനവല്ലികുന്നിന് മുകളിലേക്ക് ഞങ്ങളോടൊപ്പം അവരുംവന്നു.

കുത്തനെയുള്ള കയറ്റമാണ്. മുളവേലി കൊണ്ട് തരംതിരിച്ച തുണ്ട്ഭൂമികളിൽ കൊച്ചുകൊച്ചു കുടിലുകൾ. ഏത്തവാഴകളും കുരുമുളക് കൊടികളും വളർന്നുനിൽക്കുന്നു. അവിടവിടെയായി കാപ്പിച്ചെടികൾ പൂത്തുതുടങ്ങുന്നു.

'ഈ മണ്ണ് ഞങ്ങൾക്ക് കിട്ടിയതെങ്ങനെയെന്നറിയാമോ? ഒമ്പതുവർഷം മുമ്പ് ജാനുവും ഞങ്ങളും സമരം ചെയ്ത് വാങ്ങിയ മിച്ചഭൂമിയാണിത്. അഞ്ചേക്കറിലെ മിച്ചഭൂമി സമരത്തിനായി ആദിവാസികളെ സംഘടിപ്പിക്കാൻ ജാനു ശ്രമിച്ചപ്പോൾ, ഇന്നിപ്പോൾ ആദിവാസി പ്രേമം പറയുന്ന പലരും അന്നാസമരത്തെ തകർക്കാൻ നോക്കിയതാ. ജാനു അവർക്ക് സാമ്രാജ്യത്വ ഏജന്റായിരുന്നു. ആദിവാസികൾക്കിടയിൽ നിന്നും ഒരു നേതാവ് വളർന്നുവരുന്നത് അവർക്ക് സഹിക്കാൻ കഴിയില്ലായിരുന്നു. ഞങ്ങടെ മക്കൾക്ക് രണ്ടു കായും കാച്ചിലും വേവിച്ചുകൊടുക്കാൻ കഴിഞ്ഞത് സ്വന്തമായി ഈ മണ്ണ് കിട്ടിയിട്ടാ. അത് ജാനു സമരം ചെയ്ത് തന്നതാ. അങ്ങനെ ആദിവാസിക്കുവേണ്ടി ജീവിച്ചതാ ജാനു. അവളെയാണിപ്പോൾ അടിച്ച് കൊല്ലാനാക്കിയിട്ടിരിക്കുന്നത്. അവളീ പീഡനങ്ങളൊക്കെ സഹിക്കുന്നത് ഞങ്ങൾക്കുവേണ്ടിയിട്ടാ...' അമ്മാളു കൂടുതലൊന്നും പറയാനാകാതെ പൊട്ടിക്കരയുകയായിരുന്നു.

നാട്ടുവഴിയിലൂടെ കുത്തനെ കയറ്റംകയറി എത്തിയാൽ ഒരു കൊച്ചു കുടിലായി. ആദിവാസി സമരനേതാവ് സി.കെ. ജാനുവിന്റേതാണീ കുടിൽ. മുളയിഴകളും, ടാർഷീറ്റുമിട്ട കുടിലിന്റെ ഉമ്മറത്തിണ്ണയിൽ ചാരിയിരിക്കുന്ന വൃദ്ധയാണ് ജാനുവിന്റെ അമ്മ വെളിച്ചി.

'ഓള് കഷ്ടപ്പെട്ടത് ഞാളെപ്പോലെ പാവപ്പെട്ടോർക്ക് വേണ്ടിയാ. ആർക്കും വേണ്ടാത്ത ആദിവാസീനെ സ്നേഹിച്ചതിനാ പോലീസോളെ തല്ലിക്കെടുത്തിയത്. അടികൊണ്ട ഓളേ പോട്ടം കടലാസീ കണ്ട് എനക്ക് വലിയ ബേജാറ് തോന്നി. എന്നാലും എനക്ക് അഭിമാനാ. ന്റെ മോള് കഷ്ടപ്പെട്ടത് ഓൾക്കുവേണ്ടിയല്ലല്ലോ, ഒരുനേരം കഞ്ഞികുടിക്കാനില്ലാത്ത പാവങ്ങളിക്ക് വേണ്ടിയല്ലേ അവളിപ്പോൾ ജേലിൽ കെടക്കന്ന്ത്. ഓളെ അമ്മായാണ്ന്ന് പറയാൻ എനക്ക് അഭിമാനം തന്ന്യാ... ഓളെയിനി പോലീസുകാർ തല്ലിക്കൊന്നാലും എനക്ക് അഭിമാനം തന്ന്യാ...'

തിങ്ങിവരുന്ന വിതുമ്പലുകളാൽ വാക്കുകൾ ഇടയ്ക്കിടെ മുറിഞ്ഞുപോകുന്നുവെ

---

മെന്ന് പറഞ്ഞ് കബളിപ്പിച്ച ആന്റണിക്കാണോ? അത് നടപ്പാക്കാനുള്ള രാഷ്ട്രീയ ഇച്ഛാശക്തിയാണ് കാണിക്കേണ്ടിയിരുന്നത്. അതിനുപകരം ഉണ്ടായതോ? വനഭൂമികയ്യേറ്റത്തിനെതിരെ പ്രകൃതിസംരക്ഷണക്കാർ എന്ന ലേബലിൽ വന്നവർ വൻകിട കുടിയേറ്റക്കാർക്കും സർക്കാരിനും ഒത്താശ ചെയ്തുകൊടുക്കുകയാണ്. 'ഒരുപറ്റം മനുഷ്യരെ അവന് അവകാശപ്പെട്ട മണ്ണിൽനിന്ന് വെടിവച്ച് തുരത്തിയ കാടത്തത്തിനെതിരെ ആഗോളതലത്തിൽതന്നെ പ്രതിഷേധാഗ്നി ഉയർന്നുവരുന്നത് എത്രകാലം ഭരണാധികാരികൾക്ക് കാണാതിരിക്കാനാകും...?' അജിത ചോദിക്കുന്നു.

അതേസമയം, വയനാട്ടിലെങ്ങും ഇന്ന് മുഴങ്ങുന്നത്, വേദനയുടേയും പട്ടിണിയുടേയും പരിദേവനങ്ങളാണ്. നാഥനില്ലാത്ത ആദിവാസിക്കുട്ടികൾ.... ഉറ്റവർ എവിടെപ്പോയെന്നറിയാതെ പിടയുന്ന ആദിവാസിബാല്യങ്ങൾ... ഒരു സംഘം നാട്ടുകാരുടേയും പോലീസുകാരുടേയും ചവിട്ടിമെതിക്കൽ ഏതുനിമിഷവും ഉണ്ടാകുമെന്നോർത്ത് പിടഞ്ഞുകൊണ്ടിരിക്കുന്ന ആദിവാസിക്കോളനികൾ...

### ദുരിതങ്ങളുടെ കനലിൽ വേവുന്ന അടിയാളപ്പാടികൾ

'അരി മേങ്ങാൻപോലും ഞാക്ക് പൊറത്തേക്ക് ഇറങ്ങിക്കൂടാ.. ഞാളെ പിടിക്കാൻ പോലീസ്കാർതന്നെ നാട്ടാരെ ഏർപ്പാടാക്കിയിട്ടുണ്ട്. ഞാടെ വേഷം കണ്ടാൽമതി ഓര് പിടിച്ച് തയ്ക്കും... കാട്ടിലും മലയിലുമൊക്കെ വെടിപൊട്ടുന്നതും ആളുകളെ അടിച്ചോടിക്കുന്നതുമൊക്കെ ഈട്ന്ന് ഞാള് കണ്ടിക്കിന്. ഓര് കെട്ടിയ കുടിലൊക്കെ കത്തിക്കുന്നതും കണ്ട്. ഞാള്ക്ക്

ങ്കിലും ആ വൃദ്ധമാതാവിന് പറയാൻ ഇനിയുമൊട്ടേറെ... മൃഗതുല്യമായി അനുഭവിച്ചുതീർത്ത ജീവിതത്തെപ്പറ്റിയുള്ള ഓർമ്മകൾ... വയനാട്ടിൽ അടിയാളർ പേറേണ്ടിവന്ന ദുരിതങ്ങൾ ഒന്നൊഴിയാതെ അനുഭവിച്ചുതീർത്ത ഈ അമ്മ, ദുരിതകാലങ്ങൾക്ക് അറുതിയുംതേടി തന്റെ മകൾ നടത്തുന്ന പോരാട്ടത്തെ ഉറച്ചമനസ്സോടെ നോക്കിക്കാണുന്നു.

'ഓളെ പോലീസ് കൊല്ലുമോ എന്നനിക്കറിവില്ല്യാ... ഞാൻ ചാവുംമുമ്പെ എനക്കോളെ ഒന്ന് കാണണം. ഞാള് പാവങ്ങ്ള് ഓളെ സ്നേഹിക്കുംപോലെ എത്രയോ വല്യ ആൾക്കാരും ഓളെ സ്നേഹിക്കുന്നൂന്നാ ഇവരൊക്കെ പറയുന്നത്. ആദിവാസീന്റെ വെശമം കാണാൻ ന്റെ മോളും കാരണായയല്ലോ...'



*ജാനുവിന്റെ സഹോദരിമാരായ മാരയും മുത്തയും അമ്മ വെളിച്ചിയും കുടിലിനുമുന്നിൽ*

അമ്മ പറയുന്നതുംകേട്ട് വരാന്തയിലിരുന്ന ജാനുവിന്റെ ചേച്ചി മാരയും, അനുജത്തി മുത്തയും മറ്റൊന്നുകൂടി പറഞ്ഞു... അത്, കോളനികളിൽ പോലീസ് നടത്തുന്ന തേർവാഴ്ചയെക്കുറിച്ചായിരുന്നു. മുത്തങ്ങയിലും പരിസരത്തുമൊക്കെ ആദിവാസികളായ ആണുങ്ങളെയൊക്കെ വേട്ടയാടുന്നതുപോലെ വനവല്ലിക്കോളനിയിലും ഭീകരാന്തരീക്ഷം സൃഷ്ടിക്കുന്നതിനെക്കുറിച്ചായിരുന്നു. മാരയുടേയും മുത്തയുടേയും മക്കളെയും പോലീസ് പിടികൂടി തല്ലിച്ചതച്ചിരുന്നു...

ഇപ്പോൾ പനവല്ലിയിലും പരിസരത്തും ചില രാഷ്ട്രീയക്കാർ നടത്തുന്ന പ്രചരണങ്ങളെപ്പറ്റിയും ചില ആദിവാസിപ്രവർത്തകർ ഞങ്ങളോട് പറഞ്ഞു. 'ജാനുവിന്റെ കൂടെ കൂടിയതിന്റെ ഫലം കണ്ടില്ലേ, എല്ലാത്തിനേം പോലീസ് പിടിച്ചില്ലേ, നേതാവ് ഇപ്പോൾ ജയിലിലാണ്. കൊലപാതകമാ കുറ്റം. നിങ്ങൾ ഇനിയും കൂടെനിന്നാൽ നിങ്ങൾ അനുഭവിക്കും. പണിക്കുപോലും പോകാൻ പറ്റാതാകും... ഇപ്പോൾ പെട്ടെന്ന് ആദിവാസിപ്രേമം പിടിപെട്ട ചില രാഷ്ട്രീയക്കാർ ഈവിധം പ്രചരണവുമായി പനവല്ലിയിലെ ആദിവാസിക്കോളനികൾ കയറിയിറങ്ങുകയാണ്... തീപിടിക്കുമ്പോഴല്ലേ വാഴവെട്ടാനാവൂ...'

'ജാനുവിന് ലക്ഷങ്ങൾ വരുമാനമുണ്ടെന്ന് പ്രചരിപ്പിക്കുന്നവർ ആദിവാസികൾക്കിടയിൽ നിന്നുതന്നെ ഒരു നേതാവ് വളർന്നുവരാൻ അനുവദിക്കാത്തവരാണ്. ഈ കുടിൽ നിങ്ങളൊന്നു നോക്കൂ. ഇന്ന് ഏതെങ്കിലുമൊരു കർഷകനേതാവ്, ഒരു ട്രേഡ് യൂണിയൻ നേതാവ് ഈ വിധത്തിൽ താമസിക്കുന്നുണ്ടോ? ഫ്ളാറ്റുകളും, എ.സി. കാറിൽ സഞ്ചാരവും, പോഷ് ഭക്ഷണവുമായി പാവങ്ങളുടെ പേരിൽ സുഖിച്ചു കഴിയുന്നവരാണ് ജാനുവിനെതിരെ ഈ വിധം ദുഷ്പ്രചരണങ്ങളുമായി വരുന്നത്. സമ്മേളനങ്ങൾക്ക് ആളെകൂട്ടാനും, സാംസ്കാരിക മേളകളിൽ നൃത്തമാടിക്കാനും മാത്രംമതി ഇവർക്ക് ആദിവാസികൾ. തെരഞ്ഞെടുപ്പു സമയങ്ങളിൽ പണ്ടെത്തെപ്പോലെ ഇവരെ ആട്ടിത്തെളിച്ചുകൊണ്ടു പോകാനുമാകുന്നില്ല. അതിലൊക്കെയുള്ള അങ്കലാപ്പാണിവർക്ക്. പുതിയ പുതിയ പദ്ധതികൾ ആദിവാസി ക്ഷേമത്തിനായി ആവിഷ്ക്കരിച്ച് കോടികൾ തട്ടാൻ കാത്തിരിക്കുന്നവർക്കും ആദിവാസികളുടെ ഉണർച്ച അംഗീകരിക്കാനാകുന്നില്ല. ആദിവാസികൾക്കെതിരെ പോലീസ് ക്രൂരവേട്ടയാരംഭിച്ചപ്പോൾ എല്ലാ പിന്തുണയുമായി ഇക്കൂട്ടർ ഓടിയെത്തിയത് കണ്ടില്ലേ... ഇതിൽ കൂടുതൽ മറ്റെന്ത് തെളിവുവേണം' ആദിവാസി യുവാവും 'ഹരിത സേന'യുടെ ജില്ലാ സെക്രട്ടറിയുമായ വേങ്ങൂർ ശിവരാമന്റെ വാക്കുകൾക്ക് അനുഭവത്തിന്റെ കരുത്ത്.

ജാനുവിന്റെ അനുയായി അമ്മാളുവിന്റെ വീട്ടിൽ റെയ്ഡ് നടത്താനും അമ്മാളുവിനെ അറസ്റ്റുചെയ്യാനും നീക്കം നടക്കുന്നതായി അറിഞ്ഞെത്തിയ 'കേരളശബ്ദം' ടീമിനെ തടയാൻ ഇതിനിടെ പോലീസുകാർ ശ്രമിച്ചു. ഫോട്ടോ എടുത്താൽ ക്യാമറ തകർക്കുമെന്ന് ഫോട്ടോഗ്രാഫർ മനോജൻ മേക്കൂട്ടത്തിലിനെ ഭീഷണിപ്പെടുത്താനും അവർ മറന്നില്ല. മുത്തങ്ങ വെടിവെയ്പ്പിനെ സംബന്ധിച്ച് അധികാരികൾ മെനഞ്ഞ തന്ത്രങ്ങളും കഥകളും ചീറ്റിപ്പോവുകയാണ്. നാടിന്റെ നാനാഭാഗത്തുനിന്നും സാമൂഹിക സാംസ്കാരിക മേഖലകളിലെ പ്രമുഖർ ഇവിടേക്ക് എത്തിക്കൊണ്ടുമിരിക്കുന്നു. മുത്തങ്ങയിലെ വെടിവെയ്പ്പിനുപിറകിൽ അധികാര ധാർഷ്ട്യമായിരുന്നുവെന്നും, ഇത് ഒഴിവാക്കാമായിരുന്നതായും നാൾതോറും വ്യക്തമാവുകയുമാണ്. ഈ ചമ്മൽ ഒഴിവാക്കാൻ കൂടിയാണ് പുതിയ വാർത്തകൾ മാധ്യമപ്രവർത്തകർക്ക് ലഭിക്കാതെ ഒതുക്കിവെയ്ക്കാൻ അന്വേഷണോദ്യോഗസ്ഥർ ശ്രമിക്കുന്നത്. ഇതിന്റെ ഭാഗമായാണ് 'കേരളശബ്ദ'ത്തെയും തടയാൻ ശ്രമം നടന്നത്. എന്നാൽ പോലീസ് ഭീഷണി വകവെയ്ക്കാതെ റെയ്ഡിന്റെ വാർത്തയും ചിത്രങ്ങളും എടുത്തതിനുശേഷമാണ് ഞങ്ങൾ പനവല്ലിയിൽ നിന്നും മടങ്ങിയത്. ●

---

എന്തു ചെയ്യാൻപറ്റും. കരച്ചിലും നെലോളിയും കേട്ട് ഓടിച്ചെന്നാൽ ഓര് ഞാളേം വെടിവെച്ചേനെ. ഞാങ്ങളെ കുടീന്നാരും സമരത്തിനൊന്നും പോയിട്ടില്ല. എന്നാൽ പോലീസുകാര് പറയുന്നത് തച്ച് എല്ലാറ്റിന്റേം എല്ല് ഒടിക്കുമെന്നാണ്.'

മുത്തങ്ങ താഴ്‌വരയ്ക്കരികിൽ, തകരപ്പാടി കോളനിയിലെ കാളൻ എന്ന ഈ ആദിവാസിയുടെ തേങ്ങൽ ഒറ്റപ്പെട്ടതല്ല. മുത്തങ്ങയിലെ വെടിവെയ്പ്പിനുശേഷം സുൽത്താൻബത്തേരിയിലും പരിസരങ്ങളിലുമൊക്കെ അരങ്ങേറിക്കൊണ്ടിരിക്കുന്ന ആദിവാസിവേട്ട അത്യന്തം ഭീദിതമാണ്.

ഉയർന്ന സാമൂഹ്യബോധമുള്ളവരും പരിഷ്കൃതാശയരും ജനാധിപത്യവാദികളുമൊക്കെയാണ് മലയാളികളെന്ന കാപട്യം ഇതിനുമുമ്പൊരിക്കലും ഇത്രമാത്രം നഗ്നമായി പിച്ചിച്ചീന്തപ്പെട്ടിട്ടില്ല. നിറം നോക്കിയും വസ്ത്രധാരണരീതി നോക്കി ഒരു ജനവിഭാഗത്തെ വളഞ്ഞുവെച്ച്, പുഴുത്ത പട്ടിയെപ്പോലെ തല്ലിച്ചതച്ച് പോലീസ് ലോക്കപ്പുകളിലേക്ക് ആട്ടിപ്പായിക്കുന്ന ഒരു പറ്റം രാഷ്ട്രീയ സാംസ്ക്കാരികമാന്യൻമാരുടെ വിളയാട്ടമാണ് ഇപ്പോൾ വയനാട്ടിലുള്ളത്. അവർക്ക് സാമൂഹ്യപ്രവർത്തകർ രാജ്യദ്രോഹികളാണ്... അവർക്ക് മാധ്യമപ്രവർത്തകർ വിധ്വംസകപ്രവർത്തകരാണ്. നേതാക്കൾ ഉരുട്ടിയെറിയുന്നതെന്തും തൊണ്ടതട്ടാതെ വിഴുങ്ങിമാത്രം ശീലമുള്ള ഒരുപറ്റം അനുയായികൾ ഉള്ളിടത്തോളം കാലം മാന്യതയുടെ പരിവേഷമണിഞ്ഞ് ഇവർക്കൊക്കെ വാഴാമല്ലോ... വനംകൊള്ളക്കാരും, കഞ്ചാവുകച്ചവടക്കാരും ഏറ്റവും വലിയ പ്രകൃതിസ്നേഹികളായി മാറി അരങ്ങ് നിറഞ്ഞാടുന്നു. വനംവ

# ‘അവരെ ഞങ്ങൾ തൊട്ടിട്ടില്ല...’

*‘ഞങ്ങളെ പിടികിട്ടിയതോടെ, പള്ളിയിൽ കൂട്ടമണി അടിക്കാൻ തുടങ്ങി. ആളുകളെയെല്ലാം വീടുകളിൽനിന്നും ആകർഷിച്ച് ടൗണിൽ എത്തിക്കാനും അങ്ങനെ ഞങ്ങളെ എല്ലാവരെയും പിടികൂടാനുമുള്ള തന്ത്രമായിരുന്നു അത്. പിന്നീട് ഞങ്ങളെ അവിടുത്തെ പ്രമാണിമാരായ പാതിരിയച്ചനും ചുവന്ന തലക്കെട്ടുകാരനും മറ്റും ലോഡ്ജിന് മുകളിൽ കൊണ്ടിരുത്തി. അവിടെ കൂടിയവരോട് ഞങ്ങൾ പുൽപ്പള്ളി കലാപം ചെയ്യാനുള്ള ഉദ്ദേശ്യവും കാരണവുമൊക്കെ പറഞ്ഞുകൊടുത്തു. കുറച്ചാളുകൾ അതുകേട്ട് കൂവുന്നുണ്ടായിരുന്നുവെങ്കിലും വേറെ ചിലർ കൂവുന്നവരോട് മിണ്ടാതിരിക്കാനും പറയുന്നുണ്ടായിരുന്നു. ക്രമേണ കൂവൽ ഇല്ലാതായി. സഖാവ് ചെല്ലപ്പന്റെ മുറിവിൽ മരുന്നുവെയ്ക്കാനായി ഒരു കമ്പൗണ്ടറെ ആരോ വിളിച്ചുകൊണ്ടുവന്നു. അയാൾക്ക് ഞങ്ങൾ ആരും കാണാതെ ‘ചെയർമാൻ മാവോ സെതുങ്ങിന്റെ ഉദ്ധരണികളുടെ ഒരു ഇംഗ്ലീഷ് കോപ്പി കൊടുത്തു. അയാൾ അത് സന്തോഷത്തോടെ വാങ്ങിക്കൊണ്ടുപോയി. മധ്യവയസ്കനായ ഒരു കൃഷിക്കാരൻ മെല്ലെ എന്റടുത്ത് വന്നിരുന്ന് ഞങ്ങൾപറയുന്ന കാര്യങ്ങൾ ആകാംക്ഷയോടെ കേട്ടുകൊണ്ടിരുന്നു. കുറേനേരം കഴിഞ്ഞപ്പോൾ വളരെ ആത്മാർത്ഥതനിറഞ്ഞ ശബ്ദത്തിൽ അയാൾ പറഞ്ഞു: ‘നിങ്ങൾ കൊള്ളക്കാരാണെന്നാണ് ഇവിടെ പള്ളിയും പത്രങ്ങളുമെല്ലാം പ്രചരിപ്പിച്ചത്. നിങ്ങളെക്കണ്ടാൽ പിടിച്ചുകൊടുക്കണമെന്ന് പള്ളിയിൽനിന്നും ഇവിടുത്തെ കൃഷിക്കാർക്ക് പ്രത്യേക നിർദ്ദേശമുണ്ടായിരുന്നു. ഞങ്ങളുടെ കൃഷിയെല്ലാം നിങ്ങൾ നശിപ്പിക്കുന്നുവെന്നായിരുന്നു അവർ ഞങ്ങളെ പറഞ്ഞ് ധരിപ്പിച്ചത്. ഇപ്പോഴെനിക്ക് നിങ്ങളുടെ യഥാർത്ഥ ഉദ്ദേശ്യം മനസ്സിലായി. ഞങ്ങൾക്കുവേണ്ടിയാണ് നിങ്ങൾ ഇതൊക്കെ ചെയ്തത് അല്ലേ. ഇങ്ങനെ ഇവിടെനിന്നും പിടിക്കപ്പെട്ടതിൽ ഞങ്ങളോട് ക്ഷമിക്കണം. നിങ്ങളുടെ ഓർമ്മയ്ക്കായി എന്തെങ്കിലും എനിക്ക് തരുമോ?’ ഒരു ലഘുലേഖ അയാൾക്ക് കൊടുത്തു. അപ്പോഴാണ് പേരാവൂരിൽനിന്നും എസ്.ഐയും പാർട്ടിയും എത്താറായെന്ന് ആരോ പറഞ്ഞത്. ഇതിനിടയ്ക്ക് ഞങ്ങൾക്ക് ഇഷ്ടംപോലെ ചായയും കുറെ പഴങ്ങളും ആരൊക്കെയോ കൊണ്ടുതന്നിരുന്നു.’*

*(ഓർമ്മക്കുറിപ്പുകൾ- അജിത)*

‘നമ്പിക്കൊല്ലി വയലിനരികിൽവെച്ച് സി.കെ. ജാനുവിനെയും ഗീതാനന്ദനെയും നാട്ടുകാർ വളഞ്ഞ് പിടികൂടുകയായിരുന്നു. നാട്ടുകാർ വളഞ്ഞത് കണ്ട് ഗീതാനന്ദൻ അവർക്കുനേരെ പടക്കം വലിച്ചെറിഞ്ഞു. ഒടുവിൽ കല്ലും മൺകട്ടകളുമെറിഞ്ഞ് ഇരുവരെയും നാട്ടുകാർ കീഴടക്കുകയായിരുന്നു. ജാനുവിനെയും ഗീതാനന്ദനെയും നാട്ടുകാർ നന്നായി മർദ്ദിക്കുകയും ചെയ്തു... ഇതിനുശേഷമാണ് പോലീസിനെ അവർ വിവരം അറിയിക്കുന്നത്. നമ്പിക്കൊല്ലിയിലെ ചന്തുവിന്റെ നേതൃത്വത്തിലുള്ളവരാണ് ജാനുവിനെയും ഗീതാനന്ദനെയും കീഴടക്കിയത്...’

ആദിവാസി നേതാക്കളായ സി.കെ. ജാനുവിന്റെയും ഗീതാനന്ദന്റെയും അറസ്റ്റിനെ സംബന്ധിച്ച് മാധ്യമപ്രവർത്തകർക്ക് പോലീസുദ്യോഗസ്ഥർ കൈമാറിയ സംഭ്രമജനകമായ വാർത്തയാണിത്. നാട്ടുകാരുടെ മർദ്ദനമേറ്റ നിലയിൽ ആദിവാസിനേതാക്കൾ പിടിയിലായ വിവരം പല മുഖ്യധാരാ മാധ്യമങ്ങളും കൊണ്ടാടുകയും ചെയ്തു. എന്നാലിതിന് പിന്നിലെ യാഥാർത്ഥ്യം തേടുമ്പോഴാണ് പോലീസധികൃതർ മാധ്യമപ്രവർത്തകരെ ബോധപൂർവ്വം കബളിപ്പിച്ച് എത്ര സമർത്ഥമായാണ് വസ്തുതകളെ വളച്ചൊടിച്ചതെന്ന് നാം തിരിച്ചറിയുന്നത്.

അടിയേറ്റ് മുഖംവീങ്ങി രൂപംതന്നെ മാറിപ്പോയ ജാനുവിന്റെയും ഗീതാനന്ദന്റെയും ചിത്രങ്ങളായിരുന്നു മാധ്യമങ്ങളിലെമ്പാടും. ഈ ക്രൂരമർദ്ദനത്തിന് പിന്നിൽ നാട്ടുകാരാണെന്നൊരു അടിക്കുറിപ്പ് വേറെയും. ഇതിന് പിറകിലെ യാഥാർത്ഥ്യംതേടിയാണ് ‘കേരളശബ്ദം’ ന്യൂസ് ടീം നമ്പിക്കൊല്ലിയിലെത്തിയത്. അക്രമികളെ പിടികൂടാൻ നേതൃത്വം നൽകിയെന്ന് ചില മാധ്യമങ്ങൾ വിശേഷിപ്പിച്ച കെ.എ. ചന്തുവിനെയും മറ്റ് ചില നാട്ടുകാരെയും ഞങ്ങൾ നേരിട്ടുകണ്ടു സംസാരിച്ചു. ജനതാദളിന്റെ വയനാട് ജില്ലാകമ്മിറ്റി അംഗംകൂടിയായ ചന്തു അക്ഷരാർത്ഥത്തിൽ പൊട്ടിത്തെറിക്കുകയായിരുന്നു...

‘ഞങ്ങളാരുമവരെ തൊട്ടിട്ടില്ല. ഇടിവണ്ടിയിലിട്ട് ഇഞ്ചചതയ്ക്കും പോലെയവരെ അടിച്ചുരുട്ടിയവർതന്നെയാണ് ഈ നുണ പ്രചരിപ്പിച്ചത്. പോലീസുകാർ പറഞ്ഞുകൊടുത്തതുമാത്രം എഴുതാനുള്ളതാണോ പത്രങ്ങൾ... ഇത്രയും പ്രധാനപ്പെട്ട ഒരു വസ്തുതയായിരുന്നിട്ടുപോലും ഇത് ശരിയാണോ എന്ന് തിരക്കാൻപോലും അവർക്ക് തോന്നിയില്ലല്ലോ. ഇപ്പോൾ ‘കേരളശബ്ദ’ത്തിനെങ്കിലുമത് തിരക്കാൻ തോന്നിയല്ലോ. അതിൽ ഞങ്ങൾക്ക് ഏറെ സമാധാനമുണ്ട്...’

‘ഞങ്ങൾ നാട്ടുകാർ വിളിച്ചിട്ടാണ് പോലീസ് വന്നത്. നാട്ടുകാരുടെ സാന്നിദ്ധ്യത്തിലാണവരെ പോലീസ് വണ്ടിയിൽ കയറ്റിയത്. അത് ശരിയാണ്. അത് ഞങ്ങൾ കൂടി ആലോചിച്ചിട്ടുതന്നെയാണ്. കാരണം ഇവരെ പിടികൂടുന്നതിന് ഞങ്ങൾ കുറേപ്പേർ സാക്ഷികളായി ഇല്ലായിരുന്നുവെ

കുപ്പും പോലീസധികൃതരും ഇവരുടെ ആജ്ഞാനുവർത്തികളാകുന്നു. ഒരു സംഘം മാധ്യമപ്രവർത്തകരെ കൂടി വിലയ്ക്കെടുക്കാൻ കഴിഞ്ഞതോടെ ആദിവാസി ഭീകരതയുടെ പ്രതീകമായി മുത്തങ്ങ മാറ്റിമറിക്കപ്പെടുന്നു. ചോരയും കണ്ണീരും ഒരേ നിറത്തിലൊഴുകുന്ന ആദിവാസികളുടെ രോദനങ്ങൾക്ക് ഇവിടെയൊക്കെ എന്തുവില?

തല പിളർന്നും, കാലൊടിഞ്ഞും അനങ്ങാൻ പോലുമാകാതെ, അർദ്ധബോധാവസ്ഥയിൽ കിടക്കുന്നവരിൽ തങ്ങളുടെ ഉറ്റവരുണ്ടോ, ഉടയവരുണ്ടോ എന്നുപോലുമൊന്ന് തിരക്കാനാവാതെ, വിശന്ന് കരയുന്ന പിഞ്ചുപൈതലുകൾക്ക് ഒരുപിടി പൊടിയരി വാങ്ങി കഞ്ഞിവെച്ചുകൊടുക്കാൻപോലുമാകാതെ, ആദിവാസി കോളനികളുടെ ഇരുളിൽ മിഴിച്ചിരിക്കുന്ന ഒരു ജനതതിയുടെ നിശബ്ദമായ തേങ്ങലുകളാണ് ഇന്ന് വയനാട്ടിലെമ്പാടും.

‘പണീടുത്ത കൂലിതന്നെ എനക്ക് കിട്ടാനുണ്ട്. അതുപോയി വാങ്ങാൻപോലും എനക്ക് പേടിയാണ്. പാതയിലെമ്പാടും പോലീസാണ്. തെറ്റ് ചെയ്തില്ലെങ്കിലും തല്ല് കഴിഞ്ഞേ വർത്തമാനം പറയാനൊക്കു. മുത്തങ്ങയിലെ ആദിവാസി ആണെന്ന മട്ടിൽ ജേലിലും പിടിച്ചിടും.’

തകരപ്പാടി ആദിവാസി കോളനിയിലെ ചൊറിയൻ പറയുന്നു.

ചെക്കുപോസ്റ്റിൽ ദിവസക്കൂലിക്ക് പണിയെടുത്തതിന്റെ കൂലിപോലും വനംവകുപ്പുദ്യോഗസ്ഥരേയും പോലീസിനേയും പേടിച്ച് വാങ്ങാൻ പോകാനാകാതെ പേടിച്ചരണ്ടിരിക്കുന്നവർ ചൊറിയനെപ്പോലെ ഒട്ടേറെപ്പേരുണ്ട് തകരപ്പാടി കോളനിയിൽ.

ദേശീയപാത 212 നരികിലെ വിസ്തൃതമായ വയൽ. വയലിനിരുകരളിലുമായാണ് മുത്തങ്ങ വനഭൂമിയും, തകരപ്പാടി ആദിവാസി കോളനിയും. ഇക്കരെ കോളനിയിൽനിന്നാൽ മുത്തങ്ങ താഴ്വരയിൽ നടക്കുന്നതെല്ലാം അറിയാം. ആദിവാസി അധിനിവേശഭൂമിക്കരികിലെ കോളനി ആയതുകൊണ്ട് കൂടിയാണ് പോലീസധികൃതർ ഇവിടുത്തുകാരെ ഈ വിധം വിരട്ടിക്കൊണ്ടിരിക്കുന്നത്.

മൺമറഞ്ഞുകൊണ്ടിരിക്കുന്ന ഗോത്രസംസ്കൃതിയുടെ അവശിഷ്ടങ്ങൾ മുത്തങ്ങ താഴ്വരയിലും തകരപ്പാടി വയലിലുമൊക്കെ ഇന്നും കാണാം. വേനലിൽ കന്നുകാലികളെ പോറ്റുന്ന വെടത്തി (മുള വരിഞ്ഞ ആല) രണ്ടുമൂന്നെണ്ണം തകരപ്പാടി വയലിലുണ്ട്. പറിച്ചുനടാൻ പാകത്തിൽ ഞാറുകൾ ചില കണ്ടങ്ങളിൽ നിറഞ്ഞുനിൽക്കുന്നു. വയൽചെന്ന് ചേരുന്നത് മുത്തങ്ങ വനഭൂമിയുടെ താഴ്വരയിലാണ്. അവിടെയെമ്പാടും ഗ്രാന്റിസ് കുറ്റികൾ, വെട്ടിമാറ്റാത്ത യൂക്കാലിത്തോട്ടങ്ങൾ. അതിനിടയിൽ കരിഞ്ഞമർന്ന ആദിവാസികുടിലുകൾ.

‘ഇവർ വനഭൂമി കൈയേറി വൻമരങ്ങൾ വെട്ടിമുറിച്ചു, പരിസ്ഥിതി തകിടം മറിച്ചു എന്നൊക്കെയല്ലേ പ്രചാരണം. മുത്തങ്ങക്കാട്ടിൽ നടക്കുന്നത് കാലാകാലമായി കണ്ടറിഞ്ഞ ഞങ്ങൾക്ക് ഇത് തെറ്റാണെന്ന് നന്നായറിയാം. ആദിവാസികൾ കുടിൽ കെട്ടിയത് യൂക്കാലിപ്റ്റസ്, ഗ്രാന്റിസ് കുറ്റികൾക്കിടയിലാണ്. വെട്ടിമാറ്റിയ യുക്കാലിയിൽനിന്നും മുളച്ചുപൊന്തിയ കഴകളാണ് അവർ കുടിൽ കെട്ടാൻ വെട്ടിയത്. വസ്തുതകൾക്ക് നിരക്കാത്തതാണ് മറ്റുമുള്ള പ്രചരണമൊക്കെ.’ നൂൽപ്പുഴ പഞ്ചായത്തു മെമ്പറും പ്രാദേശിക കോൺഗ്രസ് നേതാവുമായ തകരപ്പാടി ശിവൻ ‘കേരളശബ്ദ’ത്തോടു സംസാരിക്കുകയായിരുന്നു.

‘പോലീസ് നടത്തുന്നത് ഭീകരതേർവാഴ്ചയാണ്. മുത്തങ്ങയിലെ ഏറ്റുമുട്ടലിൽ ഒരു പോലീസുകാരൻ കൊല്ലപ്പെട്ടുവെന്നത് യാഥാർത്ഥ്യമാണ്. വേദനാജനകവുമാണത്. പക്ഷേ അതിന് വയനാട്ടിലെ ആദിവാസി സമൂഹമൊന്നാകെ പിഴ നൽകണമെന്ന വാശിയോട് എങ്ങനെയാണ് യോജിക്കാനാവുക. ‘ഇതാ ഇവൻ ആദിവാസിയാണ്.. ഇവൻ അക്രമവും കഴിഞ്ഞ്

ഫോട്ടോകൾ: മനോജൻ മേക്കൂട്ടത്തിൽ, ഗഫൂർ ബത്തേരി

ങ്കിൽ ഒരുപക്ഷേ, ഈ വിധത്തിൽപോലും ജാനുവിനെയും ഗീതാനന്ദനെയും കാണാൻ കഴിഞ്ഞെന്ന് വരില്ലായിരുന്നു. അത്രമാത്രം പക ഇവരോടുണ്ടായിരുന്നുവെന്നത് ഞങ്ങൾ പറയാതെതന്നെ അറിയാമല്ലോ...'

ഒരു സ്ത്രീയും പുരുഷനും ബസ്സ് കാത്തുനിൽക്കുന്നുണ്ടെന്നും ഓട്ടോറിക്ഷയ്ക്ക് കൈകാണിച്ചിട്ട് നിർത്തിയില്ലെന്നും അത് ജാനുവും ഗീതാനന്ദനുമാണെന്ന് സംശയമുണ്ടെന്നും ഒരു മോട്ടോർ സൈക്കിളുകാരൻ വന്നുപറഞ്ഞു. അതുകേട്ടാണ് ഞങ്ങൾ അങ്ങോട്ടുപോയി നോക്കിയത്. അത് ജാനുവും ഗീതാനന്ദനുമാണെന്ന് ഞങ്ങൾക്ക് മനസ്സിലായി... തീരെ അവശരായിരുന്നു അവർ. ഞങ്ങൾ കീഴടങ്ങാൻ വന്നതാണ്, ഞങ്ങളെ കിട്ടാത്തതിനാൽ അവരിനിയും പാവം ആദിവാസികളെ ഉപദ്രവിക്കരുത്. കഴിഞ്ഞദിവസമൊക്കെ കാട്ടിലായിരുന്നു. കാട്ടിൽനിന്ന് അവരുടെ പിടിയിൽപ്പെട്ടാൽ ശവംപോലും കിട്ടില്ലെന്നറിയാം... അതുകൊണ്ടാണ് കീഴടങ്ങാൻ വന്നത്. നിങ്ങൾ പോലീസിനെ അറിയിച്ചോളൂ...



ജാനുവിനേയും ഗീതാനന്ദനേയും പോലീസിലേൽപ്പിച്ച നമ്പിക്കൊല്ലിയിലെ കെ.എ. ചന്തുവും നാട്ടുകാരും നിജസ്ഥിതി 'കേരളശബ്ദ'ത്തോട് വിവരിക്കുന്നു

'അങ്ങനെയാണ് പോലീസ് വരുന്നത്. അല്ലാതെ ഞങ്ങൾ തല്ലിച്ചതച്ച് കൈമാറിയതല്ല.' അവരുടെ വാക്കുകളിൽ തിളച്ചുനിൽക്കുന്ന രോഷം.

നമ്പിക്കൊല്ലിയിൽനിന്നും സുൽത്താൻ ബത്തേരിയിലേയ്ക്ക് നേരിട്ട് നല്ല റോഡുണ്ട്. പക്ഷേ, അതിനുപകരം നമ്പിക്കൊല്ലി-കല്ലൂർ റോഡുവഴി നാലുതവണ ചുറ്റിയടിച്ചാണ് സ്റ്റേഷനിലേയ്ക്ക് കൊണ്ടുപോയത്. സ്റ്റാർട്ടാക്കി നിർത്തിയ വണ്ടിയിലേയ്ക്ക് ഇരുവരെയും തൂക്കിയെറിയുകയായിരുന്നു. അവരുടെ കൈയിൽ ഒരായുധവും ഉണ്ടായിരുന്നില്ല.

വണ്ടി ഓടുംവഴി പോലീസുകാരുടെ കൈമുട്ടലും ഗാനമേളയുമായിരുന്നു... 'ഹവ്വാ... ഹവ്വാ...' അകത്തെ ഞരക്കവും നിലവിളിയും പുറത്തുകേൾക്കാതിരിക്കാനുള്ള തന്ത്രം... ഈവിധം അടിച്ചുതകർത്താണ് ബത്തേരി സ്റ്റേഷനിൽ കൊണ്ടുവന്നത്. അവിടെയും പോലീസ് തന്ത്രം പ്രയോഗിച്ച് നാട്ടുകാരെ പത്രക്കാർക്കെതിരെ തിരിച്ചുവിട്ടു. പോലീസിന്റെ പിന്തുണയോടെ ക്രിമിനലുകൾ മാധ്യമപ്രവർത്തകരുടെ നേരെ തിരിയുകയായിരുന്നു.

ജാനുവിന്റെയും ഗീതാനന്ദന്റെയും അറസ്റ്റിനു പിന്നിലെ ഒരു നാടകം ഈവിധം തെളിയുമ്പോൾ അണിയറയിൽ ഇനിയുമെന്തൊക്കെ തെളിയാൻ കിടക്കുന്നു... ആ സത്യങ്ങൾ ഒരുപക്ഷേ, കേരളരാഷ്ട്രീയത്തിന്റെ ഗതിവിഗതികളെത്തന്നെ തിരിച്ചുവിടാൻ തക്ക ശക്തിയാർന്നതുമായിരിക്കാം. ●

---

ഇറങ്ങി വരികയാണ് പിടിയെടാ... പിടി.' എന്ന മട്ടിൽ വിരട്ടിയോടിക്കുന്നത് ആധുനിക സമൂഹത്തിന് ചേർന്നതാണോ? ഇത് ഒരുപക്ഷേ അതിശയോക്തിയായി നിങ്ങൾക്ക് തോന്നുമായിരിക്കാം. പക്ഷേ ഇതാണ് നേര്. നിരപരാധികളെയാണിപ്പോൾ ഈവിധം വേട്ടയാടിക്കൊണ്ടിരിക്കുന്നത്. ഇതെന്റെ വ്യക്തിപരമായ അഭിപ്രായമാണ്. ഇത് ഞാൻ നിത്യവും കണ്ടുകൊണ്ടിരിക്കുന്ന സത്യവുമാണ്.'


## പുരുഷന്മാർ ആരുമില്ലാതെ പുലിതൂക്കി കോളനി

'മുത്തങ്ങയിൽ വെടിവെയ്പ്പ് നടന്നയന്ന് രാത്രിയാണ് പോലീസുകാർ ഇവിടെ വന്നത്. ഇവിടെ ആരെയെങ്കിലും ഒളിപ്പിച്ചിട്ടുണ്ടോ എന്നറിയാനാണവർ വന്നത്. ഓരോ വീടും അവർ അടിച്ചു തകർത്തു എല്ലാവീട്ടിൽനിന്നും ആണുങ്ങളെ പിടിച്ചു ഉടുപ്പൂരി കൈ പിന്നിൽ കെട്ടി, ഈ മുറ്റത്തിട്ട് അടിച്ചുരുട്ടി... അവരാരും സമരത്തിനൊന്നും പോകാത്തവരാണ്. കാപ്പിപ്പണി കഴിഞ്ഞ് വന്നതാണ് മൊതലാളിമാരോട് ചോദിച്ച് നോക്കിൻ എന്നൊക്കെ ഞങ്ങൾ കരഞ്ഞു പറഞ്ഞതാ. അവരതൊന്നും കേട്ടില്ല. എല്ലാവരേയും വലിച്ചിഴച്ച് ജീപ്പിൽകയറ്റിക്കൊണ്ടുപോവുകയായിരുന്നു.'

'ഈ കൈക്കുഞ്ഞുങ്ങളേയുംകൊണ്ട് ഞങ്ങളിനി എങ്ങോട്ടുപോകും... അടുപ്പിൽ തീ പുകയുന്നില്ല. കാപ്പിത്തോട്ടത്തിൽ കൂലിപ്പണിക്കുപോയും, കാട്ടിൽ പൂപ്പൽ പറിച്ചുമാണ് ജീവിതം കഴിയുന്നത്. ചുട്ടുതിന്നാൻ ഒരു കഷണം കിഴങ്ങോ ഒരു പിടി അരിയോ ഇവിടെയില്ല... രാത്രിയായാൽ ഞങ്ങൾക്ക് പേടിയാണ്. ആർക്കും ഏതുനേരവും ഇവിടെ കേറിവരാം. ഞങ്ങൾക്കാരാ സഹായത്തിനുള്ളത്? രാത്രി വൈകിയാൽ എല്ലാരും ചേർന്ന് കാപ്പിത്തോട്ടത്തിൽ പോയി കിടക്കും... കുടീക്കിടക്കാൻ ഞങ്ങൾക്ക് പേടിയാണ്.'

ഇത് പുലിതൂക്കി കോളനിയിലെമാത്രം ക

പുരുഷൻമാർ ആരും ഇല്ലാത്ത പുലിതൂക്കി കോളനിയിലെ സ്ത്രീകളും കുഞ്ഞുങ്ങളും



# സുരേന്ദ്രൻമാസ്റ്ററുടെ അറസ്റ്റ്– നീതിനിഷേധത്തിന്റെ മറ്റൊരു മുഖം

ജാനുവിനെ അറസ്റ്റുചെയ്ത് അരമണിക്കൂർ കഴിയുന്നതിനുമുമ്പു തന്നെ ബത്തേരി അദ്ധ്യാപക പരിശീലനകേന്ദ്രത്തിലെ (ഡയറ്റ്) മലയാള അദ്ധ്യാപകനും ഗസറ്റഡ് റാങ്കുള്ള വ്യക്തിയുമായ കെ.കെ. സുരേന്ദ്രനെ പോലീസ് അറസ്റ്റുചെയ്തു. 'ഡയറ്റി'ലേക്ക് പോലീസ് ഫോൺചെയ്ത് സുരേന്ദ്രനോടുതന്നെ ഉറപ്പുവരുത്തി നിമിഷങ്ങൾക്കകം പാഞ്ഞെത്തി പോലീസ്‌വാഹനത്തിലേക്ക് എടുത്ത് എറിയുകയായിരുന്നു. സ്ഥാപനമേധാവിയോടുപോലും അനുമതി ആവശ്യപ്പെട്ടില്ല എന്നുമാത്രമല്ല സുപ്രീം കോടതിയുടെ വ്യക്തമായ അറസ്റ്റുനിർദ്ദേശവും പോലീസ് ചെവിക്കൊണ്ടില്ല. സ്റ്റേഷനിൽവച്ചേറ്റ മർദ്ദനത്തിന്റെ ഭാഗമായി ഇദ്ദേഹത്തിന്റെ കേൾവിശക്തി നഷ്ടപ്പെട്ടിട്ടുണ്ടെന്നാണ് അറിയുന്നത്. ഇതേത്തുടർന്ന് പലരേയും കസ്റ്റഡിയിലെടുക്കാൻ പോലീസ് ശ്രമിച്ചെങ്കിലും അന്വേഷണം ക്രൈംബ്രാഞ്ചിന് കൈമാറിയ വിവരം വന്നതോടെ പോലീസിന്റെ നരനായാട്ട് കുറയുകയായിരുന്നു.

കുട്ടിക്കാലത്തുതന്നെ ദാരിദ്ര്യത്തിന്റെ തീവ്രതയറിഞ്ഞ് കൽപ്പറ്റയിലെ എസ്.കെ.എം.ജെ ഹൈസ്ക്കൂളിനോടു ചേർന്നുള്ള പിന്നോക്കവിഭാഗം വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റലിൽനിന്നായിരുന്നു സുരേന്ദ്രന്റെ പഠനം. ഖദർദാരികളായിരുന്ന ഹോസ്റ്റൽവാർഡന്മാരുടെ പീഡനങ്ങളെത്തുടർന്നാണ് താൻ കമ്മ്യൂണിസ്റ്റായതെന്ന് സുരേന്ദ്രൻ സുഹൃത്തുക്കളോട് പറയുമായിരുന്നു. പഠനം വെല്ലുവിളിയായെടുത്ത് ദാരിദ്ര്യത്തെ പരാജയപ്പെടുത്തി കോഴിക്കോട് ആർട്സ് കോളേജിൽനിന്നും യൂണിവേഴ്സിറ്റി സെന്ററിൽനിന്ന് ബിരുദാനന്തരബിരുദമെടുത്തു. മലയാളം അദ്ധ്യാപകനായി 'ഡയറ്റി'ൽ ചേർന്നു. ഇപ്പോൾ ഗസറ്റഡ് പദവിയുള്ള അദ്ധ്യാപകനാണ്. ഡി.പി.ഇ.പി വിദ്യാഭ്യാസപദ്ധതി ജനകീയവൽക്കരിക്കുന്നതിനും വിജയിപ്പിക്കുന്നതിനും നിസ്വാർത്ഥമായി പ്രവർത്തിച്ചു. ആദിവാസിമേഖലയിൽ ഡി.പി.ഇ.പി പദ്ധതികൾ നടപ്പിലാക്കുന്നതിനും വിജയിപ്പിക്കുന്നതിനും നിര്വധി നിർദ്ദേശങ്ങൾ സർക്കാരിന് നൽകി പ്രാവർത്തികമാക്കി. സുരേന്ദ്രൻമാസ്റ്ററുടെ നിർദ്ദേശങ്ങൾ വിലപ്പെട്ടതായിരുന്നു. പദ്ധതി നടത്തിപ്പിലെ സാമ്പത്തികക്രമക്കേടുകളെ എതിർത്തുകൊണ്ട് രംഗത്തുവന്നത് ശത്രുക്കളെ സമ്പാദിച്ചു. ഡി.പി.ഇ.പിയുടെ ജനകീയതയ്ക്കും ആദിവാസിമേഖലയിലെ പഠനപ്രവർത്തനത്തിനും കാര്യമായ സംഭാവന നൽകി. സാക്ഷരതാപ്രവർത്തനത്തിനും കാര്യമായ പിന്തുണ നൽകി. ആദിവാസിമേഖലയിലും മറ്റുമായി ഏക അദ്ധ്യാപക വിദ്യാലയമെന്ന നിർദ്ദേശംപോലും പ്രാവർത്തികമാക്കാനും രൂപീകരിക്കാനും ഇദ്ദേഹം നിസ്വാർത്ഥമായി പ്രവർത്തിച്ചു. ഇപ്പോൾ 55 ഏകാദ്ധ്യാപകവിദ്യാലയങ്ങളുടെ കോ- ഓർഡിനേറ്ററാണ്. പഠനം നിർത്തിയ ആദിവാസി കുട്ടികളെയും പഠനത്തിനെത്തിക്കുന്നതിന് നിശബ്ദമായ പ്രവർത്തനം നടത്തി. ഇതുകൊണ്ടുതന്നെ സുരേന്ദ്രൻമാസ്റ്റർ ആദിവാസികോളനികളിൽ സുപരിചിതനാണ്.

സാംസ്ക്കാരിക പ്രവർത്തനരംഗത്തും രാഷ്ട്രീയരംഗത്തും സ്വന്തം നിലപാട് ഉയർത്തിപ്പിടിച്ച് ഒറ്റയ്ക്ക് പോരാടിയതിന്റെ ഭാഗമായി നിരവധി ശത്രുക്കൾ സുരേന്ദ്രനുണ്ടായിരുന്നു. ആശയങ്ങളുമായും വ്യക്തികളുമായി കലഹിച്ച് മനുഷ്യരുടെ, പ്രത്യേകിച്ച് ദരിദ്രവിഭാഗങ്ങളോടൊപ്പം നിലനിന്നപ്പോൾ പലരുടേയും പ്രതികാരം മുത്തങ്ങ വെടിവെപ്പുസംഭവം മറയാക്കി മാസ്റ്ററെ കൊലക്കേസിൽ പ്രതിയാക്കിത്തീർത്തു. വയനാടിന്റെ മുക്കിലും മൂലയിലും ജോലിസമയ ക്ലിപ്തത നോക്കാതെ പ്രവർത്തിച്ചു. പല സംഭവങ്ങളും പത്രപ്രവർത്തകരുടേയും അധികൃതരുടേയും ശ്രദ്ധയിൽപ്പെടുത്തി. അതുകൊണ്ട് പലരുടേയും നല്ല സുഹൃത്തായി. ഡി.പി.ഇ.പി പദ്ധതിയുടെ പേരിൽ നടമാടാൻ ഇടയുള്ള സാമ്പത്തികഅഴിമതിക്ക് കൂട്ടുനിൽക്കാനാവാത്തതുകൊണ്ട് സാമ്പത്തിക ഉത്തരവാദിത്തം ഒരു വിധത്തിലും ഇദ്ദേഹം ഏറ്റെടുത്തിരുന്നില്ല. അതിന്റെ നല്ല വശങ്ങൾ ജനങ്ങളിലേക്ക് എത്തിച്ച അപൂർവ്വം വ്യക്തിത്വങ്ങളിൽ ഒരാളാണ് സുരേന്ദ്രൻ.

ജാനുവിനേയും ഗീതാനന്ദനേയും അറസ്റ്റുചെയ്തപ്പോൾ അവരുടെ ഡയറിയിൽനിന്ന് ഫോൺനമ്പർ ലഭിച്ചുവെന്നും, സമരകേന്ദ്രത്തിൽ ക്ലാസ് എടുത്തുവെന്നും, ഗൂഢാലോചനയ്ക്ക് കൂട്ടുനിന്നുവെന്നുമൊക്കെയാണ് ചുമത്തപ്പെട്ട പ്രധാന കുറ്റങ്ങൾ. ആദിവാസികൾക്ക് മാഷ് ക്ലാസെടുത്തുവെന്ന് പറഞ്ഞത് മുഖവിലയ്ക്കെടുത്താണ് സുരേന്ദ്രൻ മാസ്റ്ററെ കസ്റ്റഡിയിലെടുത്തത്. സുരേന്ദ്രനെ മാഷെന്നാണ് ആദിവാസികൾ വിളിക്കാറുള്ളതെന്ന് ഉയർന്ന പോലീസുകാരെ ധരിപ്പിച്ചെങ്കിലും പ്രകൃതിസംരക്ഷണസമിതിക്കാരുടേയും മറ്റ് ചിലരുടേയും കണ്ണിൽ സുരേന്ദ്രൻമാസ്റ്റർ തീവ്രവാദിയാണ്. മുത്തങ്ങയിൽ വെടിവെപ്പും, ബന്ദിപ്രശ്നവും അരങ്ങേറുമ്പോൾ ഇദ്ദേഹം തിരുവനന്തപുരത്ത് 'ഡയറ്റ്' അധ്യാപകരുടെ സമരത്തിൽ പങ്കെടുക്കുകയായിരുന്നു. 20 ന്കാലത്ത് അധ്യാപക പരിശീലനക്ലാസിൽ കയറാനൊരുങ്ങവെയാണ് പിടിയിലായത്. സുരേന്ദ്രൻമാസ്റ്റർ, അനീതികൾക്കെതിരെ ഒറ്റയാൾപ്പട്ടാളമായി കലഹിക്കുകയായിരുന്നു. അതിന്റെ ശമ്പളം കൊലക്കുറ്റമായി കണ്ണൂർ ജയിലിലും.

കടുത്തമർദ്ദനത്തിനിരയായ സുരേന്ദ്രന്റെ കാത് പഴുത്ത് പൊട്ടിയ നിലയിലാണ്. ചികിത്സ നൽകണമെന്ന ആവശ്യം കണ്ണൂർ ജയിൽ സൂപ്രണ്ട് നിരസിച്ചുവെങ്കിലും അടിയന്തിര ചികിത്സ നൽകണമെന്ന് ഹൈക്കോടതി ജസ്റ്റിസ് സി.എൻ. രാമചന്ദ്രൻനായർ ഉത്തരവിട്ടിരിക്കുകയാണ്. മെഡിക്കൽ കോളേജിൽ ചികിത്സിക്കാനനുവാദം നൽകണമെന്ന സുരേന്ദ്രന്റെ ഭാര്യ ബേബി ഉഷയുടെ ഹർജിക്കെതിരെ സർക്കാർ അഭിഭാഷകൻ വാദിച്ചത് ഹൈക്കോടതി ശക്തമായി വിമർശിച്ചു. സ്വന്തം ഇഷ്ടപ്രകാരം ഡോക്ടറുടെ പരിചരണം ആവശ്യപ്പെട്ടാൽ എന്തിന് നിരസിക്കണം. തിഹാർ ജയിലിൽ രാജൻപിള്ളയ്ക്കുണ്ടായ ദുരനുഭവം സർക്കാർ മറക്കരുത്. ഹൈക്കോടതി ഉത്തരവിൽ കർശനമായി ചൂണ്ടിക്കാണിക്കുന്നുമുണ്ട്. ●

---

ഥയല്ല. ബത്തേരിക്ക് സമീപത്തുള്ള ആദിവാസി കോളനികൾക്കൊക്കെ ഈ വിധം വേദനയുടെ കഥകൾ പറയാൻ ഉണ്ട്. മുത്തങ്ങയിൽ സായുധകലാപം നടത്തുന്നതിനിടയിൽ പിടിയിലായവരെന്ന വിശേഷണത്തോടെ പോലീസ് അഭിമാനപൂർവ്വം പ്രദർശിപ്പിച്ചവരിൽ പലരും, ഒന്നുമറിയാതെ ആദിവാസികോളനികളിൽ കിടന്നുറങ്ങിയവരായിരുന്നു.

ഈ വിധം പിടിച്ചുകൊണ്ടുപോയവരിൽ മഞ്ഞപ്പിത്തം ബാധിച്ച് ഏറെനാളായി അവശരായിക്കിടക്കുന്നവർപോലുമുണ്ടായിരുന്നു. അവശൻമാരും ആർത്തൻമാരും ആലംബഹീനന്മാരുമായ ഒരുപിടി മനുഷ്യജീവികളുടെ ചോരപൊടിക്കുന്ന ജീവിതചിത്രം വരച്ചുകാട്ടിയാൽ അവരെ ദേശവിരുദ്ധരായി ചിത്രീകരിക്കാനും ഒരു സംഘം കച്ചയും മുറുക്കി നടക്കുന്നുവെന്നത് മറ്റൊരു കാഴ്ച. ഇതിനൊക്കെ ചൂട്ടുപിടിക്കുന്ന ഉദ്യോഗസ്ഥവൃന്ദവും. ഇതാണിപ്പോൾ വയനാട്ടിലെ ഭീതിദകാഴ്ച. നാം ജീവിക്കുന്നത് ഏത് കാലത്താണ്...?

'ആദിവാസികളെ സായുധവിപ്ലവത്തിലേക്ക് നയിക്കാൻ ആസൂത്രിതനീക്കം നടക്കുന്നുണ്ട്. അതിന്റെ ഫലമാണ് ഒരു പോലീസുകാരൻ വെട്ടേറ്റ് വീണത്. വയനാടൻ മണ്ണിൽനിന്നും തൂത്തുമാറ്റപ്പെട്ട തീവ്രവാദ രാഷ്ട്രീയത്തിന്റെ അലകൾ ഇനി ഉയരാൻ അനുവദിച്ചുകൂടാ... അതിനൊക്കെ ചൂട്ടുപിടിച്ചുകൊടുക്കുകയാണ് മാധ്യമങ്ങൾ... ഇവരെയൊക്കെ ഈ വിധം വളർത്തിയവർ പത്രക്കാർ തന്നെയാണ്.' മാധ്യമപ്രവർത്തകർക്ക് നേരെയും സാമൂഹ്യപ്രവർത്തകർക്കുനേരെയും ആരോപണശരങ്ങൾ ഉയരുന്നു. ചുരുട്ടിയ മുഷ്ടികൾ ഉയരുന്നതിനുമുമ്പേ തല്ലിയൊടിക്കേണ്ടത് തങ്ങളുടെ ആവശ്യമാണെന്ന് തിരിച്ചറിയുന്ന പ്രമാണിമാർ പ്രകൃതിസംരക്ഷണ പ്രസ്ഥാനങ്ങളുടെ മറവിൽ രാഷ്ട്രീയപ്രസ്ഥാനങ്ങളുടെ മറവിൽ ഇവരെ വേട്ടയാടുകയായിരുന്നുവെന്ന യാഥാർത്ഥ്യം മെല്ലെ മെല്ലെ പുറത്തുവരുന്നുണ്ട്.

മുത്തങ്ങയിൽ ആദിവാസികൾ കുടിയേറിയപ്പോൾ, അന്താരാഷ്ട്ര പ്രാധാന്യമുള്ള ചർച്ചയായതു മാറി. ഇത് അലോസരപ്പെടുത്തിയത് മറ്റ് പല പ്രമുഖരേയുമായിരുന്നു. പാരിസ്ഥിതികപ്രാധാന്യം മാത്രമായിരുന്നില്ല ഇതിന് പിറകിൽ. ഇത്രയേറെ പാരിസ്ഥിതിക പ്രാധാന്യമുള്ള ഈ വനസ്ഥലി വർഷങ്ങൾക്കുമുമ്പ് ലോകബാങ്കിന് കാഴ്ചവെച്ച് ഫണ്ടും വാങ്ങി, ബിർലയ്ക്കുവേണ്ടി യൂക്കാലിയും ഗ്രാന്റിസും വച്ചുപിടിപ്പിച്ച് വയനാടിന്റെ ജൈവഘടനയെ താളം മറിച്ചവർ, അതിന്റെ മറവിൽ വൻമരങ്ങൾ വെട്ടിവിറ്റ് കൊഴുത്തവർ ഒക്കെ ഇന്ന് ആദിവാസിവിരുദ്ധ സമരത്തിന് മുൻപന്തിയിൽനിന്ന് അരങ്ങ് കൊഴുപ്പിക്കുമ്പോൾ, സാമൂഹ്യപ്രവർത്തകരെ അടിച്ചോടിക്കുമ്പോൾ ഇതിനുപിന്നിലെ രാഷ്ട്രീയം കൂടുതൽ കൂടുതൽ തെളിഞ്ഞുവരികയാണ്. അന്താരാഷ്ട്ര ഏജൻസികളും, മനുഷ്യാവകാശസംഘടനകളും ഈ ദൗത്യവുമേറ്റെടുത്ത് മുന്നോട്ടുവന്നുകഴിഞ്ഞു. എനിക്കുശേഷം പ്രളയം എന്ന് വാശിപിടിക്കുന്ന ഭരണാധികാരിവർഗ്ഗത്തിന്റെ ധാർഷ്ട്യങ്ങൾ മാനുഷികതത്വത്തെ സ്നേഹിക്കുന്നവരുടെ ചെറുത്തുനിൽപ്പിനുമുന്നിൽ അലിഞ്ഞില്ലാതാകുന്ന കാഴ്ച കൂടിയാണ് ഇനി മുത്തങ്ങിൽ ഉണ്ടാകാൻ പോകുന്നത്.

മാറിമാറി വരുന്ന ഭരണാധികാരികളുടെ വഞ്ചനയുടെ കഥകൾ ചെറുത്തുനിൽപ്പിലൂടെ മാറ്റിയെഴുതുന്ന ധീരോദാത്ത ചരിത്രം കൂടിയാണിത്. ●